LIBRARY ARCHIVES Kerala Legislative Assembly

LEGISLATIVE BUSINESS

The Kerala Agrarian Relations Bill, 1957.

[The number within brackets shown against the amendments denotes the number in the list of amendments.]

CLAUSE 11.

Mr. Speaker: Yesterday it was decided to take up Clause 11 today.

[No. 464] **Shri K. K. Viswanathan**: Sir, I move:

In clause 11 (3) after the word 'may' put a comma and insert the following:—

"if there is a fall or rise in the price of the crops"

The sub-clause will then read as: Any rate fixed by Government under sub-section (2) may, if there is a fall or rise in the price of the crops, be varied by them by notification subject to the provisions of sub-section (4) and subject to the maxima and minima specified in schedule I.

Mr. Speaker: Why not we allow all the amendments to this Clause to be moved now?

Shri E. P. Poulose, you may move your amendment.

[No. 465] **Shri E P. Poulose**: Sir I move: In clause 11 sub-clause (4), after the words 'for a period of ten days', the following shall be substituted:—

> "..............and the draft as approved by the Legislative Assembly with or without modification shall be published in the Gazette. If the Assembly has not proposed any modification to the draft during the abovesaid period it shall be lawful for the Government to publish the notification in the Gazette in terms of the draft."

This is only by way of some improvement in the language and construction of that clause.

Mr. Speaker: Mr. Mathew, the substance of your amendment is the same as in the amendment just now moved by Shri E. P. Poulose.

Shri C. A. Mathew: It is different, Sir I want to move it.

Sir, this is my amendment:

[No. 466] In clause 11 (4), delete the portion after the words 'ten days' and add 'and on the approval of the draft by the Legislative Assembly with or without modification the Government shall publish the notification".

Shri T. A. Thomman: With the Speaker's permission, Sir, I wish to move an oral amendment to sub-clause (4) of Clause 11.

That is for the insertion of the word 'either' between the words 'does not' and 'approve' in the last sentence of that sub-clause. With my amendment that sentence will read thus:

LIBRARY ARCHIVES Kerala Legislative Assembly

"If the Legislative Assembly, does not either approve with or without modification or disapprove the said draft during the period aforesaid it shall be lawful for the Government to publish the notification in the Gazette in terms of the draft."

I want this change to be made, because in a similar provision in Clause 75 (2), that word 'either' occurs there. There the lan uage used is:

"If the Legislative Assembly does not either approve with or without modification or disapprove the said draft during the period aforesaid it shall be lawful for the Government to publish the notification in the Gazette in terms of the draft." To make matters clear, the word 'either' would be very helpful there, Sir. Otherwise, it would be very difficult to understand the import.

Shri M. Narayana Kurup: Sir, I may be permitted to move that sub-clauses (2), (3) and (4) of cl use 11 be deleted. Only sub-clause (1) of that Clause will be sufficient. The other sub-clauses, I oppose.

Mr. Speaker: I shall put the deletion of each sub-clause separately.

Shri P. S. Karthikeyan: Sir, I also wish to move an oral amendment. It has become necessary, because Shri E. P. Gopalan has not moved the amendment tabled by him. That is to substitute the words 'fair rent' in all places where the words 'normal rent' appear in Clause 11.

Mr. Speaker: 'Fair rent' is dealt with in Clause 13.

ശ്രീ. സി. ഏ. മാത്യു: ശ്രീ. ഇ. പി. ഗോപാലന്റെ ഭേദഗതി അദ്ദേഹം മൂവ് ചെയ്തില്ല. അതുകൊണ്ട് ശ്രീ. കാർത്തികേയൻ മൂവ് ചെയ്യുന്നു എന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ഒരാൾ അയച്ചിരിക്കുന്ന അമെൻഡ്മെന്റ് മറ്റൊരാളിനു മൂവ് ചെയ്യാൻ പാടില്ല.

ശ്രീ. പി. എസ്. കാർത്തികേയൻ: ഞാൻ ആ ഭേദഗതി തന്നെ, സ്പീക്കർ അനുവദിക്കുമെങ്കിൽ ഒരു ഓറൽ അമെൻഡ്മെന്റായിട്ട് അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നു എന്നു പറയുകയായിരുന്നു.

Mr. Speaker: Yes; that amendment also stands moved.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഈ വകുപ്പിൽ റെന്റ് നിശ്ചയിക്കുന്നത്, ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഭൂമികൾക്ക് അതിൽ പറഞ്ഞിരിക്കുന്ന മിനിമവും, മാക്സിമവും പരിഗണിച്ചുകൊണ്ടും ഗവണ്മെന്റ് അതാതു കാലത്തു നിശ്ചയിക്കുന്ന തരത്തിലും ആയിരിക്കണമെന്നാണ്. മൂന്നാമത്തെ ഉപവകുപ്പിൽ പറയുന്നത്, അങ്ങനെ നിശ്ചയിക്കുന്ന റെന്റ് ഗവണ്മെന്റിനു ഒരു നോട്ടിഫിക്കേഷൻമൂലം മാററാം എന്നാകുന്നു. നാർമ്മൽ റെന്റിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ നിശ്ചയിക്കുന്നത് ഓരോ സ്ഥലത്തുള്ള ടെന്യുവറിന്റെ പ്രത്യേകത പരിഗണിച്ചുകൊണ്ടും അതാതു സ്ഥലത്ത് വ്യത്യസ്ത നിയമത്തെ പരിഗണിച്ചുകൊണ്ടും മററു പ്രത്യേക പരിഗണനകൾ വല്ലതുമുണ്ടെങ്കിൽ അതു കണക്കിലെടുത്തുകൊണ്ടുമാണ്. അങ്ങനെ നിശ്ചയിക്കുന്ന റെന്റ് പിന്നീട് ആവശ്യമുണ്ടെന്നു തോന്നുന്ന പക്ഷം ഒരു നോട്ടിഫിക്കേഷൻ മുഖാന്തിരം ഗവണ്മെന്റിനു മാററാമെന്നാണ് മൂന്നാമത്തെ ഉപവകുപ്പിൽ പറയുന്നത്. അങ്ങനെ മാററണമെന്നുണ്ടെങ്കിൽ എന്റെ ഭേദ

[ശ്രീ. കെ. കെ. വിശ്വനാഥൻ]

ഗതിയിൽ പറയുന്ന പ്രകാരമായിരിക്കണം. അവിടെനിന്നും കിട്ടുന്ന ഉൽപ്പന്നങ്ങളുടെ വില കൂടുകയോ, കുറയുകയോ ചെയ്യുന്നെങ്കിലല്ലാതെ ആ റേററ് ഓഫ് റെൻറ് മാററാൻ ഗവണ്മെൻറിന് അധികാരം പാടില്ലെന്നാണ് ആ ഭേദഗതിയിൽ പറയുന്നത്. ഈ ടെനൻസിസിസ്റ്റത്തിൽ ഭൂമിയിൽനിന്നും കിട്ടുന്ന ആദായം മുഴുവനും കുടിയാന് കിട്ടിക്കൊണ്ടിരിക്കുകയാണ്. ആ ആദായത്തിൽനിന്നാണ് റെൻറ് കൊടുക്കുന്നത്. ആദായത്തിന് കുടിയാൻെറ പ്രയത്നംകൊണ്ട് വർദ്ധനവ് ഉണ്ടാകുകയാണെങ്കിൽ, ജന്മിയുടെതല്ലാത്ത മറെറതെങ്കിലും മാർഗ്ഗത്തിൽകൂടി ആദായവർദ്ധനവ് ഉണ്ടാകുകയാണെങ്കിൽ, ആ വർദ്ധനവ് മുഴുവനും ഉപയോഗിക്കുന്നത് കുടിയാൻതന്നെയായിരിക്കണം. ആ നിലക്ക് റേററ് ഓഫ് റെൻറ് മാറേറണ്ടത് ഉൽപ്പന്നങ്ങളുടെ വിലയെ ആശ്രയിച്ചുമാത്രമായിരിക്കണമെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചാൽ കൂട്ടണമെന്നാണോ, കുറയ്ക്കണമെന്നാണോ ?

ശ്രീ. കെ. കെ. വിശ്വനാഥൻ: വില കൂടുകയാണെങ്കിൽ റേററ് ഓഫ് റെൻറ് കൂട്ടണം, കുറയുകയാണെങ്കിൽ കുറയ്ക്കണം. അങ്ങനെയല്ലാതെ, ഒരു കാരണവശാലും റേററ് ഓഫ് റെൻറ് വ്യത്യാസപ്പെടുത്തരുത്. നിലവിലുള്ള റൂളിൻപ്രകാരം ഏതുകാരണം കൊണ്ടായാലും റേററ് ഓഫ് റെൻറ് വ്യത്യാസപ്പെടുത്താം. കുടിയാൻെറ പ്രയത്നംകൊണ്ടുതന്നെ ആദായം കൂടിയിരുന്നാലും, അല്ലെങ്കിൽ സിംഗിൾക്രോപ്പ് ഡബിൾക്രോപ്പാക്കിയിരുന്നാലും, അല്ലെങ്കിൽ ജലസേചനത്തിൻെറ സൗകര്യങ്ങൾ വർദ്ധിച്ചതുകൊണ്ട് ആദായം കൂടിയിരുന്നാലും റേററ് ഓഫ് റെൻറ് വ്യത്യാസപ്പെടുത്താം.

ശ്രീ. എൻ. രാജഗോപാലൻ നായർ: അത് മണി റെൻറായിട്ട് ഫിക്സ് ചെയ്യുന്നിടത്തുമാത്രമല്ലേ ഉള്ളു.

ശ്രീ. കെ. കെ. വിശ്വനാഥൻ: മണി റെൻറ് (Money rent) ആയാലും, (rent in kind) കൈൻറ് റെൻറായാലും റേററ് ഓഫ് റെൻറ് കൂട്ടാവുന്നതാണ് കൂടുതൽ വിളവ് ഉണ്ടായാൽ അതിൻെറ ശതമാനം കൂട്ടിക്കഴിഞ്ഞാൽ അങ്ങനെയുണ്ടാകുന്ന കൂടുതൽ, ജന്മിക്ക് പോകുകയാണ്. അതു കുടിയാന് കിട്ടുന്നില്ല.

[The Dy. Speaker in the Chair]

ശ്രീ. ഈ. ചന്ദ്രശേഖരൻനായർ: ഗവണ്മെൻറ് ഒരു തവണ നോട്ടിഫിക്കേഷൻ ചെയ്യു. അതിലെന്തെങ്കിലും പിശകുണ്ടെങ്കിൽ, അതു മാററണമെന്ന് ആ പ്രദേശത്തുള്ള ആളുകൾക്ക് അഭിപ്രായമുണ്ടായാൽ, അതു. മാററുന്നതിനുള്ള പ്രൊവിഷൻകൂടി ആവശ്യമല്ലെ ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അങ്ങനെയല്ലാ ഇതിൽ പറഞ്ഞിരിക്കുന്നത്. ഏതെങ്കിലും പിശകുണ്ടെങ്കിൽ മാററാമെന്നല്ലാ പറഞ്ഞിരിക്കുന്നത്. ഏതെങ്കിലും പിശകുണ്ടായാൽ അതിനെ സംബന്ധിച്ച അപ്പീൽ കൊടുക്കുന്നതിനുള്ള ഒരു പ്രൊവിഷൻ ഇതിൽ വയ്ക്കുന്നതിന് എനിക്ക് വിരോധമില്ല.

രണ്ടാമത്തെ ഉപവകുപ്പിൽ റേററ്സ് ഓഫ് റെൻറ നിശ്ചയിക്കുന്നത്, ഓരോപ്രദേശത്തും നിലവിലുള്ള സംപ്രദായം അനുസരിച്ചും, അവിടെയുള്ള ലോക്കൽ കണ്ടീഷൻ അനുസരിച്ചും ഒരു നോട്ടിഫിക്കേഷൻ മുഖാന്തിരം ആയിരിക്കണമെന്നാണ് പറയുന്നത്. അതിൽ മാററം വരുത്തണമെങ്കിൽ ഉല്പന്നങ്ങളുടെ വില വർദ്ധനവോ, വിലക്കുറവോകൂടി പരിഗണിക്കണമെന്നാണ് ഞാൻ പറയുന്നത്. കുടിയാനോ, ജന്മിയോ എതിർക്കാത്ത സാഹചര്യം വരുന്നതിൻെറ അടിസ്ഥാനത്തിൽ മാററം വരുത്തുന്നതിൽ വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഉല്പന്നങ്ങളുടെവില എപ്പോഴും മാറി
ക്കൊണ്ടിരിക്കും. അങ്ങനെയാകുമ്പോൾ ഇതു എപ്പോഴും മാറേണ്ടി വരിക
യില്ലേ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതു മാററമെന്നുണ്ടെങ്കിൽ വിലയെ
ആശ്രയിച്ചല്ലാതെ മറെറാരുതരത്തിലും മാറുവാൻപാടില്ല. അല്ലാത്തതര
ത്തിൽ മാറുകയാണെങ്കിൽ അതുകൊണ്ടു് ദോഷം ഉണ്ടാകുന്നതു മുഴുവൻ കുടി
യാനാണു്, എന്നുള്ള നിലയിൽ ആണു് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരി
ക്കുന്നതു്. സർ, ഒരവസരത്തിൽ നിശ്ചയിച്ച റെൻറു പിന്നീടൊരിക്കൽ
എന്തിനു മാററണമെന്നു ഞാൻ ചോദിക്കുകയാണു്. കുടിയാനു സ്ഥിരാവ
കാശം കിട്ടുകയാണു്. ഭൂവുടമ കിട്ടാതെ ശേഷിക്കുന്ന കുടിയാന്മാരെ മാത്രമാണു
ഈ വകുപ്പു ബാധിക്കുന്നതു്. ആ നിലയ്ക്കു ഒരിക്കൽ നിശ്ചയിച്ച റെൻറു
പിന്നെ മാററേണ്ടിവരികയില്ല. റേററസ് ആഫ് റെൻറു മാറുവാൻ ഗവ
ണ്മെൻറു നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്യുമ്പോൾ അതു മാറുന്നതിനുള്ള മാന
ദണ്ഡം എന്താണെന്നുകൂടി നിശ്ചയിക്കണം. എന്തെല്ലാം മാനദണ്ഡങ്ങളെ
ആശ്രയിച്ചായിരിക്കണം അതു മാറേണ്ടതെന്നു പറഞ്ഞില്ലെങ്കിൽ അതു കുടി
യാനു ദോഷം ചെയ്യുന്നതായിരിക്കും. റേററ്സ് ആഫ് റെൻറു കൂട്ടുകയോ,
കുറയ്ക്കുകയോ ചെയ്യണമെങ്കിൽ അതു ഉല്പന്നങ്ങളുടെ വിലമാററത്തെ അടി
സ്ഥാനപ്പെടുത്തിയല്ലാതെ മറെറാന്നിനെയും അടിസ്ഥാനപ്പെടുത്തിയാകുവാൻ
പാടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, മി. വിശ്വനാഥൻെറ അമെൻറ്മെ
ൻറിനെ പിൻതാങ്ങുവാൻ ഞാനാഗ്രഹിക്കുന്നു.

Subject to the provisions of sub-section (4) the Government may, by notification in the Gazette fix the rates of n rmal rent എന്നാണു് പറയുന്നതു്. സബ്ക്ലാസ് 3-ൽപറയുന്നതു ഇങ്ങനെയാണു്: Any rate fixed by the Government under sub-section (2) may be varied by them by like notification subject to the provisions of sub–section ( ) and subject to the maxima and minima specified in schedule.

സബ്ക്ലാസ് 2-ൽ "In fixing such rates the Government shall take into account the local conditions regarding tenure the law prevailing in that area immediately before the commencement of this Act any other special consideration." എന്നു പറയുന്നു. ഇങ്ങനെ
യെല്ലാം വച്ചുകൊണ്ടാണു് റേററ് ഫിക്സ് ചെയ്യുന്നതു്.

മിസ്റ്റർ വിശ്വനാഥൻ പറഞ്ഞതുപോലെ ഒന്നുകിൽ സാധനങ്ങളുടെ വില
കൂടുതലു നോക്കി റെൻറിൽ മാററം വരുത്തണം. അല്ലെങ്കിൽ
ശ്രീ. ചന്ദ്രശേഖരൻ നായർ ചൂണ്ടിക്കാണിച്ചതുപോലെ ഗവണ്മെൻറു ഫിക്സ്
ചെയ്തതു് ആർബിറററി യായിട്ടാണെന്നും അതു കൂടുതലാണെന്നും ലോക്കൽ
കണ്ടീഷനു യോജിച്ചവിധത്തിലല്ലെന്നും പറഞ്ഞാൽ അതിൽ മാററം
വരുത്താം. അതു ഞാൻ സമ്മതിക്കുന്നു. മിസ്റ്റർ വിശ്വനാഥൻ പറയുന്നതും
ശരിയായിട്ടുള്ളതാണു്. ഇവിടെ

"may if there is a fall or rise in the price of the crops, be varied by them by like notification or there has been substantial increase in the production or substan ial increase in the price of the produce," എന്നാക്കുന്നതും ശരിയായിരിക്കും... ഇപ്പോൾ ഉള്ള വകുപ്പിൽ
എന്തെങ്കിലും കാരണം നോക്കാതെകണ്ടു് വേരി ചെയ്യണമെന്നുണ്ടെങ്കിൽ
വേരി ചെയ്യാമെന്നാണു് എഴുതിവച്ചിരിക്കുന്നതു്.

The Government shall take into account the lo al conditions regarding tenure, the law preva ling in that area immediately before the c mmencement of this Act and any other special consideration.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]:

ഇതുരണ്ടുംകൂടി ചേർത്തു് any rate fixed under sub section 2 may be varied എന്നു് എഴുതിവച്ചിരിക്കുകയാണു്. അങ്ങനെ ഫിക്സ് ചെയ്യുകയാണെങ്കിൽ അതു് ആർബിട്രറി ആയിരിക്കും. സബ്ക്ലാസ് രണ്ടിൽ ഗവൺമെൻറിനു നോട്ടിഫൈ ചെയ്യാമെന്നാണു് പറഞ്ഞിരിക്കുന്നതു്. നോട്ടിഫിക്കേഷൻ മൂലം റെൻറു നിശ്ചയിക്കുന്നതിനു് എന്തെങ്കിലും കാരണമുണ്ടായിരിക്കും. ഗവൺമെൻറു ഫിക്സ് ചെയ്തതു് ആർബിട്രറിയായിപ്പോയി എന്നു ഗവൺമെൻറിനു ബോധ്യംവന്നു, അല്ലെങ്കിൽ ആ സ്ഥലത്തുള്ള ആളുകൾക്കു് അതു കൂടുതലാണെന്നു് ബോധ്യം വന്നു, അല്ലെങ്കിൽ വിശ്വനാഥൻ പറഞ്ഞതുപോലെ വിളവുവർദ്ധനവിന്റെ ഫലമായി എന്നു വയ്ക്കുക. ഇങ്ങനെ ഒന്നും പറയാതെ ഈ ഉപവകുപ്പു ഇങ്ങനെതന്നെ വച്ചുകൊണ്ടിരിക്കുന്നതു് അപകടമാണു്. ഈ ഉപവകുപ്പു ഇങ്ങനെതന്നെ പാസാക്കിയാൽ ഈ നിയമം കമ്മ്യൂണിസ്ററു ഗവൺമെൻറു് പാസാക്കിയതാണെന്നു് തോന്നും. കമ്മ്യൂണിസ്ററു ഗവൺമെൻറല്ലാതെ വേറെ ഒരു ഗവൺമെൻറും ഇങ്ങനെ പാസാക്കുകയില്ല.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ സബ്ക്ലാസിൽ അടങ്ങിയതായ കാര്യങ്ങളെപ്പററി പറയണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സബ്ക്ലാസ് രണ്ടിൽ പറഞ്ഞിട്ടുള്ളതു—

Any rate fixed by the Government under sub-section (2) may be varied by them by like notification subject to the provisions of sub-section (4) and subject to the maxima and minima specified in schedul I. എന്നാണ്. ഇതോടുകൂടി മിസ്റ്റർ വിശ്വനാഥന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതെങ്കിലും ചേർക്കണം.

ശ്രീ. എം. നാരായണക്കുറുപ്പ്: സർ, 2,3,4, എന്നീ ഉപവകുപ്പുകളെ ഞാൻ എതിർക്കുകയാണു്. ഈ ഉപവകുപ്പുകൾ തീരെ അനാവശ്യവും ഈ നിയമത്തിലെ കാര്യങ്ങൾ ഏററവും വേഗത്തിൽ നടപ്പിലാക്കുന്നതിനു പ്രതിബന്ധവും ആയിട്ടുള്ളതാണെന്നാണു് എന്റെ അഭിപ്രായം. ഈ ബില്ലിന്റെ പൊതുതത്വം കഴിയുന്നതും ജന്മികുടിയാൻ ബന്ധം അവസാനിപ്പിക്കണമെന്നും മര്യാദപ്പാട്ടം നിജപ്പെടുത്തണമെന്നും ഉള്ളതാണു്. ഇതിന്റെ ആവശ്യം തന്നെ വരുന്നതു ഒന്നുകിൽ ഈ ബില്ല നടപ്പിലാക്കിയതിനുശേഷം കുടിയാനെ സംബന്ധിച്ചിടത്തോളം റെൻറു ഫിക്സ് ചെയ്യുന്ന അവസരത്തിൽ; അല്ലെങ്കിൽ വസ്തു വിലയ്ക്കുവാങ്ങിക്കുന്ന അവസരത്തിലാണു്. അങ്ങനെയുള്ള രണ്ടു ഘട്ടങ്ങളിലും ഇതിന്റെ ആവശ്യം വരുന്നില്ല. ഓരോ കുടിയാന്റെയും വസ്തുവിനെ സംബന്ധിച്ച മര്യാദപാട്ടം എന്താണെന്നു ട്രൈബ്യൂണൽ നിശ്ചയിക്കേണ്ടതായിവരും. അങ്ങനെ വരുമ്പോൾ വലുതായിട്ടു പാട്ടം നിശ്ചയിച്ചിരിക്കുന്നതു കുറയ്ക്കുവാനുള്ള നടപടിയെടുക്കുന്നതിനുള്ള ചുമതല ട്രൈബ്യൂണലിനു വിട്ടുകൊടുക്കുന്നതുകൊണ്ടു് ഉപദ്രവം ഇല്ലെന്നു മാത്രമല്ല അതായിരിക്കും ഏററവും നീതിപൂർവ്വകവും. ഇതിൽ പലകാര്യങ്ങളിലും ചെയ്യുതീർക്കേണ്ട സംഗതി കുടിയാനോ, ഉടമസ്ഥനോ ആരായാലും 6 മാസത്തിനുള്ളിൽ ചെയ്യണമെന്നു സമയക്ലിപ്തതയുണ്ടു്. ഈ നിയമം നടപ്പിലായതിനുശേഷം ഏതെങ്കിലും ഒരു ജന്മിയുടെയോ, കുടിയാന്റെയോ അവകാശം നിർണ്ണയിക്കുന്നതിനും, മര്യാദപ്പാട്ടം എന്താണെന്നു ക്ലിപ്തപ്പെടുത്തുന്നതിനും ഉള്ള അധികാരം കോടതിയുടെ അധികാരപരിധിയിൽപ്പെട്ടതല്ല. അതിനു ഗവൺമെൻറിൽനിന്നു നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതായിട്ടുണ്ടു്. ഈ ഭാഗത്തുനിന്നു പരിധിനിർണ്ണയം ആദായത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കണമെന്നു പറഞ്ഞപ്പോൾ അതിനു ഭൂമിയുടെ ഗുണദോഷത്തെ സംബന്ധിച്ച പരിശോധന വേണ്ടിവരുമെന്നും, അങ്ങനെ ചെയ്യുകയാണെങ്കിൽ കാലതാമസം വേണ്ടിവരുമെന്നും പറഞ്ഞു. അങ്ങനെയാണെങ്കിൽ എന്തടിസ്ഥാനത്തിലാണ രണ്ടാം ഉപവകുപ്പു അനുസരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുവാൻ പോകുന്നതെന്നു ഞാൻ ചോദിക്കുകയാണ്. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുമുമ്പു ധാരാളം സർവ്വേ ഉദ്യോഗസ്ഥന്മാരുടെ സേവനം ഇതിലേക്കാവശ്യമായിട്ടുവരും. ഒരു സ്ഥലത്തെ സ്ഥിതിഗതികളെക്കുറിച്ചു അന്വേഷിച്ചതിനുശേഷം മാത്രമെ നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്യുവാൻ സാധിക്കുകയുള്ളു. ഈ നിയമം പാസ്സായാൽ റവന്യൂ ബോർഡിന്റെ ഒരു മുറിയിലിരുന്നുകൊണ്ടു് ഒരു നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്യുവാൻ സാധിക്കുകയില്ല. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതു നീതിപൂർവകമായിരിക്കണമെന്നു ഗവൺമെന്റിനാഗ്രഹമുണ്ടെങ്കിൽ അതു പുറപ്പെടുവിക്കുന്നതിനു മുൻപു ഭൂമിയുടെ ഗുണദോഷങ്ങളെപ്പററിയും, അതാതുപ്രദേശത്തെ സ്ഥിതിഗതികളെപ്പററിയും, പരിശോധിക്കേണ്ടതാവശ്യമായിവരും. അങ്ങനെ ഒരു പരിശോധന ഇന്നതാവശ്യമില്ല. അതു അനാവശ്യമാണ്. അതു് ട്രൈബ്യൂണലിന്റെ പ്രവർത്തനത്തിനുതന്നെയും കാലതാമസം ഉണ്ടാക്കും. അതുകൊണ്ടു് 2, 3, 4 ഈ ഉപവകുപ്പുകൾ എടുത്തുകളയുന്നതുകൊണ്ടു് യാതൊരു ന്യൂനതയും സംഭവിക്കുകയില്ലെന്നു മാത്രമല്ല, അനാവശ്യമായ കാലതാമസമില്ലാതാക്കുവാനും, കോടതികൾക്കു് ഒരു വിധി നൽകുവാനും സന്ദർഭം നൽകുകയും ചെയ്യും. ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഇതിന്റെ ആവശ്യകതയെപ്പററി യാതൊരു വിശദീകരണവും ഇവിടെ നൽകുകയുണ്ടായിട്ടില്ല. മി. വിശ്വനാഥന്റെ ഭേദഗതി കൊണ്ടുവന്നതു ഈ രണ്ടാം ഉപവകുപ്പു ഇവിടെയുള്ളതുകൊണ്ടാണ്. ആ ഉപവകുപ്പു എടുത്തുകളയുകയാണെങ്കിൽ ഈ ദുർഘടങ്ങളൊന്നും ഉണ്ടാകുകയില്ല.

പിന്നെ ശ്രീമാൻ കെ. കെ. വിശ്വനാഥനും ശ്രീമാൻ ചാഴിക്കാടനും അഭിപ്രായപ്പെട്ടതു ചില കാരണങ്ങൾ ഇതിൽ നിർദ്ദേശിക്കണമെന്നുള്ളതാണ്. പക്ഷെ നോട്ടിഫിക്കേഷൻ നിയമസഭയുടെ മുമ്പാകെ വരുന്നില്ലെങ്കിൽ അതിന്റെ ആവശ്യം മനസ്സിലാക്കാം. ഈ നോട്ടിഫിക്കേഷൻ നിയമസഭയുടെ മുമ്പാകെ വരുമെന്നുള്ളതുകൊണ്ടു് അങ്ങനെ വരുമ്പോൾ എന്തടിസ്ഥാനത്തിലാണ് ഗവൺമെന്റ് മാററം ആവശ്യപ്പെടുന്നതു് എന്നു സഭയെ ബോദ്ധ്യപ്പെടുത്തേണ്ടിവരും. അപ്പോൾ സഭയ്ക്കു അതേക്കുറിച്ചു് ചർച്ച ചെയ്യേണ്ടിവരും. എന്തുകൊണ്ടെന്നാൽ അതു് അത്ര പ്രാധാന്യമുള്ളതാണ്. ഏതായാലും ഈ വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാനം മാത്രം മതിയാകയില്ല. ചിലപ്പോൾ ചില അബദ്ധം പററിയിട്ടുണ്ടെങ്കിൽ അതു മനസ്സിലാക്കിയാൽ അതു മാറേറണ്ടതാവശ്യമാണ്. അതു എപ്പോഴും മാറേറണ്ടതായിവരും. വല്ല വെള്ളപ്പൊക്കമുണ്ടാകുകയോ, മററു നാശങ്ങൾ സംഭവിക്കുകയോ ചെയ്താൽ അതിന്റെ തോതൊന്നു മാററുന്നതിനു് അതിൽ വകുപ്പില്ല. അപ്പോൾ അങ്ങനെ വല്ലതും ഉണ്ടായെങ്കിൽ അതെല്ലാം അതായതു് ആ വക സംഗതികളൊക്കെ സഭമുമ്പാകെ വരുമെന്നുള്ളതു കൊണ്ടു് സഭയ്ക്കു് ചർച്ച ചെയ്യാൻ അവകാശമുണ്ടു്. ഞാൻ എന്റെ അഭിപ്രായത്തെ നേരത്തെ പറഞ്ഞതു്, ഈ അനാവശ്യമായ ക്ലാസ് ഉണ്ടാക്കുന്നതുകൊണ്ടു് ഈ മാക്സിമവും, മിനിമവും തീരുമാനിക്കുന്നതിൽ ബുദ്ധിമുട്ടുകളുണ്ടാകും എന്നുള്ളതുകൊണ്ടാണ്. അതുകൊണ്ടു് ഈ ക്ലാസ് 11 ഒന്നാം വകുപ്പുമാത്രം മതി. ബാക്കി അതിൽനിന്നും എടുത്തുകളയേണ്ടതാണ്.

ശ്രീ ഇ. ചന്ദ്രശേഖരൻ നായർ: ഞാൻ ഒരു സംശയം ചോദിച്ചതിനു മറുപടി പറയുകയാണ്. ഈ നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതു് രണ്ടാമത്തെ ഉപവകുപ്പനുസരിച്ചാണ്. രണ്ടാം ഉപവകുപ്പനുസരിച്ചു് താഴെ പറഞ്ഞിരിക്കുന്ന കണ്ടീഷൻസ് സാററിസ്ഫൈ ചെയ്യണം.

"In fixing such rates the Government shall take into account the local conditions regarding tenure, the law prevailing in that area immediately before the commencement of this Act and any other special considerations".

ഈ കണ്ടീഷൻസ് സാററിസ്ഫൈ ചെയ്തുകൊണ്ടു് വേണം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ. മൂന്നാമത്തെ സബ്ക്ലാസ് അനുസരിച്ചു് ഈ നോട്ടിഫിക്കേഷൻ കൊടുക്കുന്നതു് സബ്ക്ലാസ് 2 അനുസരിച്ചാണ്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ]

പറയുന്ന കണ്ടിഷൻസ് എന്തെങ്കിലും കുഴപ്പം വരികയാണെങ്കിൽ വീണ്ടും നോട്ടിഫൈ ചെയ്യാം. അങ്ങനെ പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. ചില പ്രത്യേകതകളോ എന്തെങ്കിലും പ്രദേശങ്ങളിൽ ഉണ്ടാകുകയാണെന്നുവരികിൽ അതു നിയമസഭയേയോ, ഗവൺമെന്റിനേയോ, ബോദ്ധ്യപ്പെടുത്തുകയാണെങ്കിൽ അതിന് പ്രത്യേകം നോട്ടിഫിക്കേഷൻ വേണ്ടിവരും. രണ്ടാമത്തെ സബ്ക്ലാസ് അനുസരിച്ചുള്ള നോട്ടിഫിക്കേഷൻ സബ്ക്ലാസ് മൂന്നു അനുസരിച്ചായാലും, സബ്ക്ലാസ് രണ്ടു അനുസരിച്ചായാലും ഈ കണ്ടിഷൻസ് സാററിസ്ഫൈ ചെയ്യാതെ മാക്സിമം മിനിമം തീരുമാനിക്കാൻ നവത്തിയില്ല. റെന്റ് നിശ്ചയിക്കുന്നതു നാലിലൊന്നാണോ, എന്നായിരിക്കണം, ഒരു പ്രത്യേകറെന്റിനെ സംബന്ധിച്ചിടത്തോളം അതു ഗ്രോസ് പ്രൊഡ്യൂസിന്റെ അഞ്ചിലൊന്നോ അല്ലെങ്കിൽ ആറിലൊന്നോ, എട്ടിലൊന്നോ എന്നു പറയുന്നതു ശരിയായിരിക്കുകയില്ല. ഞാൻ മനസിലാക്കിയിടത്തോളം ഒരു ചെയിഞ്ചിന്റെ ആവശ്യം ഞാൻ കാണുന്നില്ല.

ശ്രീ ടി. എ. തൊമ്മൻ: സബ്ക്ലാസ് 2 അനുസരിച്ചാണ് നാർമെൽ റെന്റ് ഫിക്സ് ചെയ്യുന്നതു. "In fixing such rates the Government shall take into account the local conditions regarding tenur, the law prevailing in that area immediately before the commencement of this Act and any other special considerations."

(i) Local conditions regarding tenure, (ii) law prevailing in that area and (iii) any other special considerations ഇവ മൂന്നുമാണ് പാട്ടം നിശ്ചയിക്കാൻ പരിഗണിക്കേണ്ടതു. സബ്ക്ലാസ്സ് 3 അനുസരിച്ച് ഗവൺമെന്റ് ഒരിക്കൽ നിശ്ചയിച്ച പാട്ടം ഗവൺമെന്റിനു ഭേദപ്പെടുത്താമെന്നു പറയുന്നു. അതു ഗവൺമെന്റിനു ഇഷ്ടംപോലെ ആകാം. ഏതെല്ലാം വ്യവസ്ഥകളിലാണ് ഗവൺമെന്റിനു ഭേദഗതി ചെയ്യുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതെന്നു പറയുന്നില്ല. അങ്ങനെ പറയേണ്ടതു ആവശ്യമാണ്.

The rate fixed by Government under sub-section (2) may be varied subject to the provisions of sub-section (4) അതുകൊണ്ട് സബ്ക്ലാസ്സ് 3 ഡിലീറ്റ് ചെയ്തിട്ടു പകരം

"Subject to the provisions of sub-section (4), the Government may from time to time by notification in the Gazette, fix the rates of normal rent applicable to lands in any local area subject to the maxima and minima specified in Schedule I. In fixing such rates the Government shall take into account the local conditions regarding tenure, the law prevailing in that area immed ately before the commencement of this Act and any other special considerations".

എന്നാക്കുകയാണെങ്കിൽ ഈ പറഞ്ഞ വിഷമങ്ങളൊക്കെ തീരുമെന്നാണ് എനിക്കു പറയുവാനുള്ളതു. മി. വിശ്വനാഥൻ പറഞ്ഞിരിക്കുന്ന സ്പെഷ്യൽ കണ്ടിഷൻസ് അനുസരിച്ചുള്ള വിഷമങ്ങളും ഇല്ലാതാകും.

ശ്രീ. സി. എ. മാത്യു: സർ, നാർമെൽ റെന്റ് ഫിക്സ് ചെയ്യുന്ന ഈ വകുപ്പ് വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു വകുപ്പാണ്. ഇതു നാർമൽ റെന്റ് ഫിക്സ് ചെയ്യുന്നതിനെമാത്രം ബന്ധിക്കുന്ന ഒന്നല്ല. ഭൂമിക്കു കാമ്പൻസേഷൻ കൊടുക്കുന്നതു നിശ്ചയിക്കുന്നതിനും പർച്ചേസ് പ്രൈസ് നിശ്ചയിക്കുന്നതിനുമെല്ലാം ഈ നാർമെൽ റെന്റ് വളരെ ആവശ്യമാണ്. അതുകൊണ്ട് അതു വളരെ ഗൗരവത്തോടുകൂടി മാത്രം പരിഗണിച്ച് നിജപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. നാർമൽ റെന്റ് എന്താണെന്നുള്ളത് തിട്ടപ്പെടുത്തി പരസ്യം ചെയ്യാനുള്ള അധികാരം ഗവൺമെന്റിന് വിട്ടുകൊടുത്തിരിക്കുകയാണ്. അതിനു പല രീതിയിലുമുള്ള പരിഗണനകൾ ഗവൺമെന്റിനുണ്ടായിരിക്കണമെന്നുള്ള ആ രണ്ടാം ഉപവകുപ്പിലെ ആ വ്യവസ്ഥയോടു ഞാൻ യോജിക്കുകയാണ്. പക്ഷേ മൂന്നാം ഉപവകുപ്പിൽ ഗവൺമെന്റിന് അതാതു സമയത്ത് ഇഷ്ടംപോലെ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടു നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്താനുള്ള അധികാരം ഏൽപ്പിച്ചുകൊടുക്കുന്നത് ഒരിക്കലും ശരിയായിരിക്കയില്ല എന്നുള്ള അഭിപ്രായവുമുണ്ട്. രണ്ടാം ഉപവകുപ്പനുസരിച്ചുതന്നെ ഏതെങ്കിലും ഒരു നോട്ടിഫിക്കേഷൻ ഗവൺമെന്റ് പ്രസിദ്ധപ്പെടുത്തുമ്പോൾ നാലാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ അനുസരിക്കണം എന്നനുശാസിക്കുന്നുണ്ട്. നാലാം ഉപവകുപ്പനുസരിച്ച് അങ്ങനെയുള്ള വ്യവസ്ഥകൾ എഴുതി ഒരു നിയമനിർമ്മാണമില്ലാതെ നിജപ്പെടുത്തുമ്പോൾ ഒരിക്കലും തെറ്റു വരരുതെന്നുള്ളതുകൊണ്ട് ഞാൻ പറയുകയാണ്. അങ്ങനെ തെറ്റുകൾ ഗവൺമെന്റ് ഭാഗത്തുനിന്നും വരുമെന്നു ഞാൻ വിശ്വസിക്കുകയാണ്. കാരണം ഗവൺമെന്റിന് ഡിപ്പാർട്ടുമെന്റിൽനിന്നും കിട്ടുന്ന റിപ്പോർട്ട് പലപ്പോഴും തെറ്റായിട്ടുള്ളതാണ്. ആ രീതിയിൽ പലപ്പോഴും തെറ്റു വരാൻ ഇടയുണ്ട്. ഈ നാലാം ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് ഗവൺമെന്റ് അങ്ങനെ നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പ് പത്തു ദിവസം അസംബ്ലിയുടെ പരിഗണനയ്ക്കു വച്ച് ആ നോട്ടിഫിക്കേഷന് അടിസ്ഥാനമായ കാര്യങ്ങൾ പരിഗണിക്കണം. അസംബ്ലി അതു ചർച്ച ചെയ്ത് ഭേദപ്പെടുത്തുകയോ, ഭേദപ്പെടുത്താതിരിക്കുകയോ, അതുമല്ല അത് പരിഗണിച്ചില്ലെങ്കിൽത്തന്നെ ഈ പത്തു ദിവസം കഴിഞ്ഞാൽ ഗവൺമെന്റിനു പരസ്യംമൂലം പ്രസിദ്ധപ്പെടുത്താം എന്നുമാണ് പറയുന്നത്.

ശ്രീ എൻ. രാജഗോപാലൻ നായർ: അസംബ്ലി തള്ളിക്കളഞ്ഞാൽ അതു ഗവൺമെന്റിന് പരസ്യംമൂലം പ്രസിദ്ധപ്പെടുത്താമെന്നിവിടെ പറയുന്നുണ്ട്?

ശ്രീ. സി. എ. മാത്യു: ഒന്നും ചെയ്തില്ലെങ്കിലും അതു പ്രസിദ്ധപ്പെടുത്താമെന്നുള്ള വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അസംബ്ലിയിൽ പത്തു ദിവസം വയ്ക്കുക എന്നാണ്. ആ പത്തു ദിവസത്തിനകം ഏതെങ്കിലും കാരണവശാൽ പരിഗണിക്കാൻ സാധിച്ചില്ലാ എന്നു വരുകിൽ ഇതു ഗവൺമെന്റിന് പ്രസിദ്ധപ്പെടുത്തുവാനുള്ള അധികാരം കൊടുക്കുന്ന വകുപ്പ് ഇതിൽ എഴുതിച്ചേർത്തിട്ടുണ്ട്. അസംബ്ലിക്ക് പരിഗണിക്കാൻ അവകാശം കൊടുക്കേണ്ടതാണ്. പല രീതിയിലുമുള്ള ചട്ടങ്ങൾ അസംബ്ലിയിൽ പരിഗണനയ്ക്കായി വരുന്നുണ്ട്. അതുപോലെ ഈ നോട്ടിഫിക്കേഷനും അസംബ്ലിയിൽ പരിഗണനയ്ക്കായി വയ്ക്കേണ്ടതാണ്. അതു പരിഗണിക്കാനുള്ള അവകാശം അസംബ്ലിക്കുണ്ടായിരിക്കണം. അതിനു ശേഷമല്ലാതെ പ്രസിദ്ധപ്പെടുത്താൻ പാടുള്ളതല്ല.

ശ്രീമതി കെ. ആർ. ഗൗരി: ഡേറ്റ് ഒന്നും പറയാതെ അസംബ്ലി അതു പരിഗണിക്കാതെ ഒരു കൊല്ലംവരെ അങ്ങനെ ഇരുന്നാലും തരക്കേടില്ലെന്നാണോ?

ശ്രീ. സി. എ. മാത്യു: എന്നല്ല ഞാൻ പറയുന്നത്. ഇപ്പോൾ എഡ്യൂക്കേഷൻ റൂൾസ് ഇവിടെ നിയമസഭയിൽ വച്ചിരിക്കുകയാണ്. അതു പതിന്നാലു ദിവസം നിയമസഭയിൽ വയ്ക്കണമെന്നാണ് റൂൾ. അതിപ്പോൾ 28 ദിവസമായി. അതിന്റെ പരിഗണന അവസാനിച്ചില്ല. അത് ആരുടെയും കുറ്റംകൊണ്ടല്ല. ഈ നോട്ടിഫിക്കേഷൻ അസംബ്ലിയിൽവച്ച് അതു ചർച്ച ചെയ്യുന്നതിനുള്ള അവസരം നൽകാതെ പത്തു ദിവസം കഴിയുമ്പോൾ ഗസറ്റിൽ പരസ്യപ്പെടുത്തിയാൽ മതിയെന്നു പറഞ്ഞാൽ അതു അസംബ്ലിയുടെ അധികാരത്തെ കവന്നെടുക്കുകയായിരിക്കും. അതിൽ ഒരു സ്വേച്ഛാധികാരപ്രവണതയാണു കാണിക്കുന്നത് എന്നുള്ളതുമാത്രം വരാതെ അസംബ്ലിയിൽ ഈ നോട്ടീസ് കൊടുക്കുകയും അസംബ്ലി അതു പരിഗണിക്കാനുള്ള സമയം എടുക്ക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. ഏ. മാത്യു]

കയും അസംബ്ലി അപ്രൂവ് ചെയ്താലേ പരസ്യപ്പെടുത്താവൂ എന്നുമാണ് എന്റെ ഭേദഗതിയിൽ ഞാൻ ഉൾപ്പെടുത്തിയിരിക്കുന്നതു്. ശ്രീമാൻ ഇ. പി. പൗലോസിന്റെ ഭേദഗതി അതിൽനിന്നും സ്വല്പം വ്യത്യസ്ഥമാണ്. അപ്രൂവ് ചെയ്താലേ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്താവൂ. നോട്ടിഫിക്കേഷൻ ഉണ്ടാക്കിയാൽ അതു അസംബ്ലിയിൽ പത്തുദിവസത്തെ നോട്ടീസ് കൊടുത്തു വയ്ക്കണം. നോട്ടീസ് കൊടുത്താൽ മാത്രം പോരാ. അതു അപ്രൂവ് ചെയ്തിരിക്കണം. അതാണ് ഞാൻ എന്റെ (466-ാംനമ്പർ) ഭേദഗതിമൂലം അവതരിപ്പിക്കുന്നതു്, കാരണം.........

ശ്രീ. എൻ. രാജഗോപാലൻ നായർ: പത്തു ദിവസത്തിനകം എന്നുകൂടി എഴുതി വയ്ക്കുന്നതു് സ്വേച്ഛാധികാരപ്രവണതയാകുകയില്ലേ?

ശ്രീ. സി. ഏ. മാത്യു: അതാകുകയില്ല. അസംബ്ലിക്ക് ഇഷ്ടംപോലെ സമയം എടുക്കാം.

ശ്രീ. പി. ടി. ചാക്കോ: ശ്രീമാൻ രാജഗോപാലൻനായരുടെ ചോദ്യം കേട്ടുകൊണ്ടും കൂടിയാണ് ഞാൻ ഒരു വാക്കു സംസാരിക്കാമെന്നു തീരുമാനിച്ചതു്. ശ്രീമാൻ മാത്യുവിന്റെ ഭേദഗതി സ്വീകരിച്ചാൽ പത്തു ദിവസിനകം മോഡിഫിക്കേഷൻ വരുത്തിക്കൊള്ളണമെന്നില്ല. ശ്രീമാൻ മാത്യു പറഞ്ഞതു് പത്തുദിവസം അസംബ്ലിയുടെ മുമ്പാകെ വച്ചാൽ അതിനകം മോഡിഫിക്കേഷൻ വരുത്തണമെന്നു എഴുതിവച്ചാൽ തെററാണ് എന്നാണ്. അസംബ്ലി അതു അപ്രൂവ് ചെയ്യുകയോ ഡിസപ്രൂവ് ചെയ്യുകയോ ചെയ്യേക്കാം. ഈ അസംബ്ലി ഒരു വർഷക്കാലത്തേക്ക ഒന്നും ചെയ്തില്ലെങ്കിലോ എന്നു ബഹുമാനപ്പെട്ട മന്ത്രി തന്നെ ചോദിച്ചതു വളരെ കഷ്ടമായിപ്പോയി കാരണം അഫിഷ്യലായിട്ടു അതു പത്തു ദിവസത്തേക്ക അസംബ്ലിയിൽ വയ്ക്കുന്നതായാൽ ആ ദിവസത്തിനുള്ളിൽ തന്നെ അതെടുക്കണം എന്ന് ഗവണ്മെന്റു തീരുമാനിച്ചാൽ അതെടുക്കും. അങ്ങനെ അതെടുത്താൽ അതത്രയും എടുത്തു കഴിഞ്ഞിട്ടേ പരസ്യപ്പെടുത്താൻ പാടുള്ളു. കുറച്ചൊന്നു വ്യക്തമാക്കാൻവേണ്ടി ഞാൻ പറയുകയാണ്.

> "If the Legislative Assembly, does not approve with or without modification or disapprove the said draft during the period afore-aid it shall be lawful for the Government to publish the notification in the Gazette in terms of the draft."

പത്തുദിവസത്തേക്ക അസംബ്ലിയിൽ വച്ചാൽ ആ പത്തുദിവസത്തിനകം ചർച്ച ചെയ്തുകഴിഞ്ഞെങ്കിൽ അതു ഉടനെ നടപ്പാക്കാൻ കഴിയും. അതല്ലെങ്കിൽ അസംബ്ലിയിൽ ചർച്ച ചെയ്തുകഴിഞ്ഞതിനുശേഷമേ അതു പരസ്യപ്പെടുത്താവൂ. എഡ്യൂക്കേഷൻ റൂൾ തന്നെ എടുത്തു. അതിന്റെ ചർച്ച അവസാനിച്ചില്ല. അതുപോലെ ഒരു വ്യവസ്ഥ എഡ്യൂക്കേഷൻ റൂളിനുണ്ടായിരുന്നെങ്കിൽ അതു ചർച്ച ചെയ്യാൻ ഒക്കുമായിരുന്നില്ല.

ആദ്യത്തെ റൂൾ കഴിഞ്ഞിട്ട് പിന്നെ അസംബ്ലിയിൽ കൊണ്ടുവരാതെ ഗസററിൽ പബ്ലിഷ് ചെയ്തു നടപ്പിൽവരുത്താൻ കഴിയുമായിരുന്നു അതു തെററാണെന്നാണ് ശ്രീ. മാത്യു ഭേദഗതി അവതരിപ്പിച്ചുകൊണ്ടു പറഞ്ഞതു്. അഥവാ, നോട്ടിഫിക്കേഷൻ അസംബ്ലിമുൻപാകെ വച്ചുകഴിഞ്ഞാൽ, അസംബ്ലി അനുവദിക്കുമോ ഇല്ലയോ എന്നുള്ളതിനെ ആശ്രയിച്ചുവേണം മേൽ നടപടി നടത്താൻ. അതല്ലാതെ അതു അസംബ്ലിയുടെ മുൻപാകെ വച്ചുകഴിഞ്ഞാൽ മോഡിഫിക്കേഷൻ വരുത്താനായാലുംശരി, മാററംവരുത്താതിരിക്കാനായാലും ശരി പത്തു ദിവസം കഴികെ ഗസററിൽ പരസ്യംചെയ്തു നടപ്പിൽ വരുത്താമെന്നു തീരുമാനിക്കുന്നതു തെററാണ്. അങ്ങനെയാണെങ്കിൽ അസംബ്ലിയുടെ ആവശ്യംതന്നെയില്ലല്ലോ. അതുകൊണ്ട് ഈ ഭാഗം എടുത്തുകളയണമെന്നാണ് ഞാൻ പറയുന്നതു്. മററു ഭാഗങ്ങളെപ്പററി ഇപ്പോൾ പറയാൻ ആഗ്രഹിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എഡ്യൂക്കേഷൻ റൂളിനെപ്പറ്റി അരദിവസമാണ് ചർച്ചചെയ്യാൻ ആദ്യം തീരുമാനിച്ചിരുന്നത്. അതു 5 മണിക്കൂർ അല്ല...............

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ശ്രീ. ഇ. പി. പൗലോസ്.......

Shri E. P. Poulose: Even if the provision is the same that the Assembly be given the liberty to make such modifications in the draft within the period of 10 days as per Rule, in actual practice this may not happen. I have suggested that that may not be proper thing. After all this is a provision added in every statute. Even now there is a doubt whether Government is competent to publish a draft notification a period of 10 days if the Assembly does not approve it. In the language used in this sub-clause there is bound to be difference of interpretation.

Shri R. Raghava Menon: Clause 11 is one of the most important clauses dealing with the rent or the value of the land to be given to the landlord. In doing that we have taken the rent as the basis. And so every landlord is to see that the rent is evaluated in such a way that he would get proper value for his land in case the ownership is granted to the tenant. We have got even now the contract rent and the fair rent. Now this Section 11 contemplated fair rent. One of the methods for arriving at the fair rent is specified in clause 11 At the same time what we have to see is that when a tenant is given the right to purchase the land the value that has to be given should be the value of the land prevailing in the locality. Besides, in the same locality and the same village the fertility of the land will vary and will be different in different parts. In on portion of the village if the yield is 15 fold nearby that place it will be five or six fold. So far as productivity is concerned we cannot change it or make it uniform. It is not stated that we are to fix fair rent Taluk-war or by village. It must be the average rent for a particular area. In Schedule I maximum and minimum are given. The maximum is 1/12th and the minimum is 1/20th. This maxima and minima is fixed by not looking into the actual produce of the land. For the sake of convenience and for the sake of granting some benefit to a section of the population, half the population in the State should not be put into trouble. If the landlord is to be given value for his land the land should be properly valued. Even in valuing what we do is we put 1/10th as the minimum. Then we put a slab also. As a result of this what will the owner get? The owner must also live as a contented citizen in the State. If both the landlord and the tenant are to get on smoothly the land law should not affect them. We must not drive away families which are poor. We cannot drive them to the streets. The Central Government urges all States to pass land legislation. Can the Central Government create one acre of land?

Mr. Speaker: You cannot criticise the Central Government.

Shri R. Raghava Menon: I withdraw. But all the same should we not get sufficient time to get statistics on the productivity of each holding?

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: This is only a formal section. All your criticisms will be proper when we take the Schedule.

Shri R. Raghava Menon: What is said in the Schedule is that there shall be a maximum and minimum of the yield. Now there is no objection if the fair rent is decided according to the fertility of the particular land. Now there is "Samanyapattom" or "Mariadapattom."

ശ്രീമതി കെ. ആർ. ഗൗരി: സെലക്ട് കമ്മിറ്റിയിൽ ഇതു വന്നപ്പോൾ ഫെയർ റെന്റ് എന്നുള്ള വാക്കിനു 'സാധാരണപാട്ടം' എന്നു് ആക്കിയിരിക്കുകയാണു്.

Shri R. Raghava Menon: Now we have 'Mariadapattom'. In English it is called normal rent. If it is fixed without reference to the fertility of the land of each holder then it will have no reference to the yield. How can we fix it for all the lands of the village?

ശ്രീ സി. അച്യുതമേനോൻ: അതല്ല; ഇതിൽ പറയുന്ന ഓരോ ഹോൾഡിംഗ്സിന്റെയും ക്രോപ്പ്സ് പ്രൊഡ്യൂസ് കണക്കാക്കി കഴിഞ്ഞതിനുശേഷം അതിന്റെ ഇത്ര പ്രൊപ്പോർഷൻ എന്നു് ജനറലായിട്ടു നിശ്ചയിക്കുകയായിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി: ഷെഡ്യൂൾ നോക്കിയാൽ മതിയല്ലോ.

Shri R. Raghava Menon: However clever we may be, we will not be able to establish normal rent for an area. Let us make a feasible proposition. It cannot be said that fair rent is fixed for Malabar considering the fertility of each land. So sub-clauses 2, 3 and 4 must go. Otherwise it will lead to litigation. You must never compel these poor people to go to courts of law. You cannot have normal rent for a whole area.

(10 a.m.) ശ്രീ. പി. എസ്. കാർത്തികേയൻ: സർ നാർമൽ റെന്റ് എന്നുള്ളതു് ഫെയർ റെന്റ് എന്നാക്കണമെന്നു ഞാൻ ഒരു ഓറൽ അമെൻറ്മെൻറ് അവതരിപ്പിച്ചിട്ടുണ്ടു്. ക്ലാസ്സ് 2-ൽ ഫെയർറെന്റ് നിർവചിച്ചിട്ടുണ്ടു്. അതേ ക്ലാസിൽ തന്നെ റെന്റിനുള്ള നിർവചനവും കൊടുത്തിട്ടുണ്ടു്. എന്നാൽ നാർമൽ റെന്റിന്റെ നിർവചനം അക്കൂട്ടത്തിൽ കൊടുത്തിട്ടില്ല. ക്ലാസ് 13-ൽ ഫെയർ റെന്റ് നിശ്ചയിക്കുന്നതിനുള്ള ഉപാധിയാണു് പറഞ്ഞിട്ടുള്ളതു്. ആ നിലയ്ക്കു് ക്ലാസ് 11-ൽ നാർമൽ റെന്റ് എന്നു പറയുന്നിടത്തു ഫെയർ റെന്റ് എന്നു വയ്ക്കുന്നതായിരിക്കും നല്ലതു്. ശ്രീ. രാഘവമേനോൻ പറഞ്ഞതുപോലെ ഓരോ പ്രദേശത്തെയും സ്ഥിതിയനുസരിച്ചാണു് നാർമൽ റെന്റ് നിശ്ചയിക്കേണ്ടതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ആ വാക്കു് സബ്സ്റ്റിറ്റ്യൂട്ട് ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനം എന്താണു്?

ശ്രീ. പി. എസ്. കാർത്തികേയൻ: ഫെയർ റെന്റിനേ നിർവചനം നൽകിയിട്ടുള്ളു: നാർമൽ റെന്റ് എന്നുദ്ദേശിക്കുന്നതു് എന്താണെന്നു മനസ്സിലാകുന്നില്ല. 13-ാം ക്ലാസിലും ഫെയർ റെന്റ് എന്നാണു് കാണുന്നതു്. അതുകൊണ്ടു് ഇവിടെയും ഫെയർ റെന്റ് എന്നു ചേർക്കുന്നതായിരിക്കും നല്ലതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഞാൻ ശ്രീ. കാർത്തികേയന്റെ ഭേദഗതിയെ എതിർക്കുന്നു. 11-ാം വകുപ്പു നാർമൽ റെന്റ് എന്താണെന്നു വ്യവസ്ഥ ചെയ്യുന്നതാണു്. നാർമൽ റെന്റിനു് രണ്ടാം ക്ലാസിൽ പ്രത്യേകം നിർവചനം കൊടുത്തിട്ടില്ലെങ്കിലും ഈ 11-ാം വകുപ്പിൽ അതു പ്രത്യേകം പറയുന്നുണ്ടു്. നാർമൽ റെന്റിനേക്കാൾ താഴ്ന്ന റെന്റ് ഇന്നു കൊടുത്തുകൊണ്ടിരിക്കുന്ന പ്രദേശങ്ങളുണ്ടു്. ഫെയർ റെന്റ് എന്നു ആക്കി

LIBRARY ARCHIVES Kerala Legislative Assembly

യാൽ ഇന്നു കൊടുത്തുകൊണ്ടിരിക്കുന്നതിനേക്കാൾ കൂടുതൽ റെൻറ് ഫിക്സ് ചെയ്യാനുള്ള സാദ്ധ്യത ഉണ്ടാകും. ഫെയർറെൻറ് ആണ് ഫിക്സ് ചെയ്യുന്നതെങ്കിൽ ഏതൊരു ജന്മിയ്ക്കും അതിനാവശ്യപ്പെടാവുന്നതാണ്. ആ നിലയിൽ ഇന്നു കൊടുത്തുകൊണ്ടിരിക്കുന്നതിനേക്കാൾ കൂടുതലായി ഫെയർ റെൻറ് ഫിക്സ് ചെയ്യുകയാണെങ്കിൽ അതു കിട്ടണമെന്നു വാദിക്കാനുള്ള അവകാശം ജന്മിമാർക്കുണ്ടാകും.

ശ്രീ. പി. ടി. ചാക്കോ : 13-ാം വകുപ്പിൽ അതു പറഞ്ഞിട്ടുണ്ട്. ആ ക്ലാസ്സ് നിൽക്കുകയാണെങ്കിൽ അപകടം ഒന്നും വരികയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഫെയർറെൻറിനേക്കാൾ കുറവായി റെൻറ് കൊടുക്കുന്നവരിൽ നിന്നും 11-ാം ക്ലാസിൽ തന്നെ ഫെയർ റെൻറ് ഫിക്സ് ചെയ്യുകയാണെങ്കിൽ അതു കിട്ടണമെന്നു ജന്മിമാർ വാദിക്കും. അങ്ങനെ വാദിക്കാൻ എന്തിനു സൗകര്യം ഉണ്ടാക്കികൊടുക്കണം.

ശ്രീ. പി. എസ്. കാർത്തികേയൻ : 11-ാം ക്ലാസിൽ റെൻറ് ഫിക്സ് ചെയ്യുന്നതിനു ഗവണ്മെൻറിനു നോട്ടിഫിക്കേഷൻ കൊടുക്കാനുള്ള അവകാശമാണുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വ്യാഖ്യാനം അതിൽ വരികയില്ല.

ശ്രീ. എൻ രാജഗോപാലൻ നായർ : ഗവണ്മെൻറ് ഫെയർ റെൻറ് ഫിക്സ് ചെയ്താൽ ഇന്നു കിട്ടുന്നത് അൺഫെയർ റെൻറാണ്, അതു മാറി ഫെയർ റെൻറ് കിട്ടണമെന്നു വാദിക്കുന്നതിനു ഇടയാകും.

ശ്രീ. പി. ടി. ചാക്കോ : അങ്ങനെ വാദിച്ചാൽ കിട്ടുകയില്ല. 13-ാം ക്ലാസിൽ പറഞ്ഞിട്ടുള്ളതുകൂടി നോക്കണം.

ശ്രീ. എൻ. രാജഗോപാലൻ നായർ : അങ്ങനെ വാദിക്കുന്നതിനു തകരാറൊന്നുമില്ലെന്നാണ് ഞാൻ പറയുന്നത്. 11-ാം ക്ലാസിൽ ഈ ഭേദഗതി അംഗീകരിച്ചാൽ 13-ാം ക്ലാസ് അനാവശ്യമാണ്. പിന്നെ റെൻറ് പേയബിൾ എന്നു പറഞ്ഞാൽ മതി.

ശ്രീ. പി. എസ് കാർത്തികേയൻ : ഈ ഭേദഗതി സ്വീകരിച്ചാൽ 13-ാം ക്ലാസ് വേണ്ടെന്നു പറയുന്നതു ശരിയായിരിക്കുകയില്ല. 11-ാം ക്ലാസ് ജനറലായി ഓരോ പ്രദേശത്തുമുള്ള മാക്സിമവും മിനിമവും ഫിക്സ് ചെയ്യുന്നതിനുള്ള അധികാരം ഗവണ്മെൻറിനു കൊടുക്കുന്നതാണ്. അതിൽ ഫെയർ റെൻറെന്നു ആക്കിയതുകൊണ്ട് ഒരു കുഴപ്പവും വരികയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഫെയർറെൻറ് പോലും കിട്ടുന്നില്ലെന്നുള്ള ഒരു വാദഗതിക്കു ഈ ഭേദഗതി സൗകര്യമുണ്ടാക്കും.

ശ്രീ. പി. ടി. ചാക്കോ : അങ്ങനെയാണെങ്കിൽ 11-ാം ക്ലാസ് ആവശ്യമില്ലെന്നുവച്ചാൽ എന്താണ്? ഈ കാര്യം കൂടി 13-ൽ ചേർത്താൽ പോരെ? ശ്രീ. രാജഗോപാലൻ നായരുടെ വാദം സ്വീകരിച്ചാൽ 13-ാം വകുപ്പ് വേണ്ടെന്നല്ല, 11 ാം വകുപ്പ് വേണ്ടെന്നാണ് വരിക. 13-ാം വകുപ്പിലാണ് ഫെയർ റെൻറ് നിശ്ചയിക്കുന്നത്. അത് എങ്ങനെയാണ് നിശ്ചയിക്കേണ്ടതെന്നു അവിടെ പറഞ്ഞാൽ മതി. അപ്പോൾ ഒരു നാർമൽ റെൻറിൻെറ നിർവചനവും നാർമൽ റെൻറും ആവശ്യമുണ്ടോ?

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇവിടെത്തന്നെ വേണമെന്നു വലിയ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എവിടെയെങ്കിലും ഉണ്ടായിരുന്നാൽ മതി.

Smt. K. R. Gouri : I am willing to redraft the last sentence in sub-clause (4) as follows so that if the wording is not clear now it will be so. "If the Legislative Assembly does not ;—

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

(i) approve with or without modification or

(ii) disapprove the said draft during the period aforesaid it shall be lawful for the Government to publish the notification in the Gazette in terms of the draft".

ശ്രീ. വിശ്വനാഥന്റെ അമെന്റ്മെന്റ് ഇങ്ങനെയാണ്:

"In Clause 11 (3) after the word 'may' put a comma and insert the following:

'if there is a fall or rise in the price of the crops''

ഇതിനു മറുപടി എന്ന നിലയിൽ ശ്രീ. കുറുപ്പും ചന്ദ്രശേഖരൻ നായരും സംസാരിച്ചിട്ടുണ്ട്. വിലയുമായിട്ട് ഇതിനു യാതൊരു ബന്ധവുമില്ല. അങ്ങനെ ബന്ധമില്ലാതിരിക്കുമ്പോൾ ഒന്നുകിൽ അതു ഡിലീറ്റ് ചെയ്യണമെന്നോ, അല്ലെങ്കിൽ അതിനപ്രകാരം പറയണമെന്നോ ആണ് പറയുന്നത്. വിലയെ ആശ്രയിച്ച് നിശ്ചയിക്കേണ്ട കാര്യമല്ല. നെല്ലിന്റെ വില കുറയും അല്ലെങ്കിൽ കൃഷിക്കാരനു കിട്ടിക്കൊണ്ടിരിക്കുന്ന അംശത്തിന്റെ വില കുറഞ്ഞെന്നുവരും. വിലയെ ആശ്രയിച്ചല്ല നോട്ടിഫിക്കേഷൻ നിൽക്കുന്നത്. അതുകൊണ്ട് ആ ഭേദഗതിയുടെ ആവശ്യമില്ല. ഡിലീറ്റ് ചെയ്യണമെന്നു പറയുന്നതിനു കാരണമായി ലെജിസ്ലേഷൻ വന്നുകഴിഞ്ഞാൽ ആർബിട്രറിയായി നോട്ടിഫിക്കേഷൻ ഉണ്ടാകുമെന്നു പറഞ്ഞതു തെറ്റാണ്. ഈ നോട്ടിഫിക്കേഷൻ

"..In fixing such rates the Government shall take into account the local conditions regarding tenure, the law prevailing in that area immediately before the commencement of this Act.''

ആ നിലയിലാകുമ്പോൾ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷനിൽ എന്തെങ്കിലും അബദ്ധം വന്നുപോയെങ്കിൽ അതു മാറ്റരുതെന്നു ആരും പറയുമെന്ന് എനിക്കു തോന്നുന്നില്ല. ഏതെങ്കിലും തരത്തിൽ ഒരു അബദ്ധം വന്നുപോയാൽ അത് അസംബ്ലിയിൽ കൊണ്ടുവന്ന് മാറ്റുന്നതിന് സമ്മതം വാങ്ങിച്ചിട്ടേ ആ ഡ്രാഫ്റ്റ് അംഗീകരിക്കാൻ സാധിക്കയുള്ളു. അസംബ്ലിക്കു വേണമെങ്കിൽ അംഗീകരിക്കാം അല്ലെങ്കിൽ തള്ളാം. ആ നിലയിൽ അതിനെ എതിർക്കേണ്ട ആവശ്യമില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: ആർബിട്രറിയായിട്ട് ആയിരിക്കയില്ല റേറ്റ് ഫിക്സ് ചെയ്യുന്നതെന്നു പറഞ്ഞു. അല്ലെങ്കിൽ പിന്നെ എന്തിനുവേണ്ടി വേരിചെയ്യണം.

ശ്രീമതി കെ. ആർ. ഗൗരി: സബ്ക്ലാസ് 2-ൽ പറയുന്നത്

"....Government shall take into account the local conditions regarding tenure, the law prevailing in that area immediately before the commencement of this Act. എന്നാണ്."

ഇതെല്ലാം എടുത്താൽ തന്നെ ഒരു തെറ്റുപറ്റുകയാണെങ്കിൽ രണ്ടാമതു നിയമസഭയിൽ വന്ന് അതു മാറ്റി അസംബ്ലിയുടെ സമ്മതം വാങ്ങാനുള്ള അവകാശം മാത്രമേ ഉള്ളു.

ശ്രീ. കെ. കെ. വിശ്വനാഥൻ: തെറ്റുപറ്റുകയാണെന്നു പറയുന്നെങ്കിൽ ആ വകുപ്പിൽതന്നെ പറയാം.

"any other special considerations"

എന്നുള്ളതിനകത്ത് ഒരുപാട് കാര്യങ്ങൾ വരും.

Shri P. T. Chacko: Before we discuss the sub-clause I would like to hear the Minister on the suggestion put forward by Shri Rajagopalan Nair that that clause need not find a place in this.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: അതു് രാജഗോപാലൻനായരുടെ അഭിപ്രായമാണു്. എന്റെ അഭിപ്രായമല്ല.

Shri P. T. Chacko: I would like to hear the Minister's view on it.

ശ്രീമതി കെ. ആർ. ഗൗരി: അതു് ഞാൻ ഒടുവിൽ പറയാം. ശ്രീ: കുറുപ്പു് രണ്ടും, മൂന്നും, നാലും സബ്ക്ലാസ് ഡിലീറ്റു ചെയ്യണമെന്നാണു് പറഞ്ഞതു്. ഓരോ വസ്തുവിനെ സംബന്ധിച്ചും മാക്സിമവും മിനിമവും നിശ്ചയിക്കുന്നതു് ആർബിട്ടറിയായിട്ടാണെന്നു ശ്രീ: കുറുപ്പു് സംശയിക്കുമെന്നു് എനിക്കു തോന്നുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: സർ, ഞാൻ പറഞ്ഞതു്, ആർബിട്ടറി ആണെന്നല്ല. ഇതിനു് കുറെ സമയം പിടിക്കും എന്നാണു് പറഞ്ഞതു്.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. കുറുപ്പു മലബാർ ടെനൻസി ആക്ടിനെപ്പറ്റി പറയുകയുണ്ടായി. മലബാർ ടെനൻസി ആക്ടിൽ മാക്സിമവും, മിനിമവും ഇല്ല. നെറ്റു് പ്രാഡ്യൂസിന്റെ പകുതി എന്നു കണക്കിലാണു് അവിടെ റെൻറു് നിശ്ചയിക്കുന്നതു്. നമ്മുടെ രാജ്യത്തെ പ്രത്യേക പരതഃസ്ഥിതി വച്ചുകൊണ്ടു് മാക്സിമവും, മിനിമവും, ഇന്നതാണെന്നു നിശ്ചയിക്കുകയും, അങ്ങനെ നിശ്ചയിച്ചുകൊണ്ടുള്ള ഒരു നോട്ടിഫിക്കേഷൻ നിയമസഭയിൽ വയ്ക്കുകയും ചെയ്യണമെന്നാണു് പറയുന്നതു്. ഇതിനു് കാലതാമസം വരുമെന്നാണു് ഒരു ആക്ഷേപം. ഇതു് റെവന്യൂ ആഫീസിലെ ഒരു മൂലയിൽ ഇരുന്നുപോകുമെന്നും, പലപ്പോഴും ഉദ്യോഗസ്ഥന്മാരുടെ ഇടയിൽനിന്നും വരുന്ന നിഗമനമാകയാൽ തെറ്റു് പറ്റിപ്പോകുമെന്നുമാണു് പറയുന്നതു്. ഉദ്യോഗസ്ഥന്മാരുടെ അടുക്കൽനിന്നും വരുന്നതെല്ലാം തെറ്റാണെന്നു് ഞാൻ വിശ്വസിക്കുന്നില്ല. ചിലപ്പോൾ പാകപ്പിഴ വന്നേക്കാം. ഇതിനു് കാലതാമസം വരാതിരിക്കാൻ ഈ നിയമത്തിനു് പ്രസിഡണ്ടിന്റെ അസന്റു് കിട്ടുന്ന കാലത്തിനുള്ളിൽ ഇതുസംബന്ധിച്ചുള്ള റൂളുകൾ ഈ നിയമസഭയിൽ കൊണ്ടുവന്നു് ചർച്ചയ്ക്കു വിധേയമാക്കാവുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഈ ബില്ലിനും, പ്രസിഡണ്ടിന്റെ അനുമതി ലഭിക്കുവാൻ കാലതാമസം വരുമെന്നു പ്രതീക്ഷയുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ചിലപ്പോൾ കാലതാമസം വന്നേക്കാം. ഇതിനുമുമ്പുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ അങ്ങനെ പ്രതീക്ഷിക്കാൻ വകയുണ്ടു്. നിയമം പാസായി ഒരു കൊല്ലമായിട്ടു പോലും അനുമതി ലഭിക്കാത്ത നിയമങ്ങളുണ്ടു്; eg: Jenmikaram Ab lition Bill.

അതുകൊണ്ടു് ഇതിനെ സംബന്ധിച്ച റൂളുകൾ ഉണ്ടാക്കുന്നതിനും അതു് നിയമസഭയിൽ കൊണ്ടുവന്നു് ചർച്ചചെയ്യുന്നതിനും വലിയ കാലതാമസം വരികയില്ല. ശ്രീ. മാത്യു പറഞ്ഞതു്, ഇവിടെ കൊണ്ടുവന്നു് പത്തു ദിവസം കൊണ്ടു് ചർച്ച ചെയ്യാൻ സാധ്യമല്ലാതെവന്നേക്കാമെന്നാണു്. എഡ്യൂക്കേഷൻ റൂൾസിനെ സംബന്ധിച്ചും പറഞ്ഞു, ഇതു് എഡ്യൂക്കേഷൻ റൂൾസിനെ പോലെയുള്ള ഒന്നല്ലാ, ഒരു ക്ലാസിനെപ്പറ്റിയുള്ള നോട്ടിഫിക്കേഷനെപ്പറ്റിയാണു്. ഈ നോട്ടിഫിക്കേഷൻ നിയമസഭാ മുമ്പാകെ വച്ചാൽ പത്തു ദിവസത്തിനകം ചർച്ചചെയ്യാൻ വിഷമമില്ല.

ശ്രീ. പി. ടി. ചാക്കോ: നിയമസഭയിൽ മൂവു് ചെയ്യാനും പക്ഷെ ചർച്ചയ്ക്കു് വയ്ക്കുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: അതു് സ്പീക്കർ ആണു് ചെയ്യുക. ഇന്നുവരെ നിയമസഭയിൽ മൂവു് ചെയ്തിട്ടുള്ളതെല്ലാം പത്തു ദിവസത്തിനകം ചർച്ച ചെയ്തു് തീരുമാനിച്ചിട്ടുണ്ടു്. ലാൻഡു് അസൈൻമെൻറു് റൂൾസ് ഇവകെ ഇതിനുമുമ്പ കൊണ്ടുവന്നു് ചർച്ച ചെയ്യുകയുണ്ടായി. രണ്ടു ദിവസം കൊണ്ടു് അതു് ചർച്ചചെയ്തു പാസാക്കി.

2/678/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: എന്നാൽ എഡ്യൂക്കേഷൻ റൂൾസിന്റെ അനുഭവം അങ്ങനെയല്ലല്ലോ? പത്തു ദിവസംകൊണ്ടു് അതിന്റെ ചർച്ചകൾ പൂർത്തിയായില്ലല്ലോ. അപ്പോൾ നിയമസഭയുടെ മുമ്പാകെ വയ്ക്കുക എന്നല്ലാ പ്രശ്നം. ഇങ്ങനെയുള്ള റൂൾസുകൾ നിയമസഭയുടെ ചർച്ചയ്ക്കു വയ്ക്കുന്നതു്, ഒഫിഷ്യൽ ബിസിനസ്സാണു്. ഗവണ്മെന്റു് അതിലേക്കു് പ്രത്യേകം ദിവസം നിശ്ചയിക്കുന്നില്ലെങ്കിൽ അതിനെ സംബന്ധിച്ചുള്ള ചർച്ച നടത്താൻ ഒക്കുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി: എഡ്യൂക്കേഷൻ റൂൾസിനെപ്പോലെയുള്ള വിഷമം ഇക്കാര്യത്തിൽ ഉണ്ടാവുകയില്ല. കാരണം, ഇതു് ഒരു ക്ലാസിനെ മാത്രം ബന്ധിക്കുന്ന റൂളുകളാണു്.

ശ്രീ. പി. ടി. ചാക്കോ: ഇവിടെ പറയുന്നതു് റൂളുകൾ പത്തു ദിവസത്തേയ്ക്കു മേശപ്പുറത്തു വയ്ക്കണമെന്നാണു്. ആ പത്തു ദിവസത്തിനകം ഒരു അഫിഷ്യൽ ബിസിനസ്സായി ഇതിനെ കണക്കാക്കാതിരിക്കുകയും, തൻമൂലം ചർച്ചയ്ക്കു വരാതിരിക്കുകയും ചെയ്താൽ പിന്നെ വീണ്ടും ചർച്ചയ്ക്കു വരേണ്ട ആവശ്യം ഇന്നത്തെ വ്യവസ്ഥപ്രകാരം ഉണ്ടാകുന്നില്ല. അങ്ങനെ ചർച്ച ചെയ്യാതിരുന്നാൽ അതിനു് നിയമപ്രാബല്യം വരുമെന്നാണു്. ഒരു പക്ഷേ, എന്തെങ്കിലും കാരണവശാൽ, ഈ റൂളുകളെ സംബന്ധിച്ചു് നിയമസഭയിൽ ചർച്ച ഉണ്ടാകാതിരുന്ന പക്ഷം വീണ്ടും ചർച്ചയ്ക്കു ഒരവസരം കൊടുക്കേണ്ടതല്ലേ?

ശ്രീമതി കെ. ആർ. ഗൗരി: ഇവിടെ പറയുന്നതു്, പത്തു ദിവസത്തിനുള്ളിൽ സ്പീക്കർ സമയം നിശ്ചയിക്കണമെന്നാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: വാസ്തവത്തിൽ സമയം നിശ്ചയിക്കുന്നതു സ്പീക്കറല്ല. ഗവണ്മെന്റു തന്നെയാണു്. ഈ പത്തു ദിവസത്തിനകം ചർച്ച പൂർത്തിയാക്കണമെന്നാണു് പറയുന്നതു്. ഒരു പക്ഷെ, ചർച്ച പൂർത്തിയായില്ലെങ്കിലോ?

ശ്രീമതി കെ. ആർ. ഗൗരി: അതു് അസംബ്ലി പ്രൊസീഡിയറിനെ സംബന്ധിച്ചുള്ള ഒരു ചോദ്യമാണു്. ഒരു പക്ഷെ, പത്തു ദിവസത്തിനകം ചർച്ച ചെയ്തില്ലെങ്കിൽ അടുത്ത നിയമസഭയിൽ ഇതിനെപ്പറ്റി ചർച്ച ചെയ്യാവുന്നതാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ; അതിനും ഗവണ്മെന്റിനു് മനസ്സുണ്ടാകണം. നിയമത്തിൽ അങ്ങനെ പറയുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഇതു് ഡിസ്പ്രൂവ് ചെയ്യാതിരിക്കണമെന്നു പറയുന്നതിലും വലിയ ദൂഷ്യമൊന്നുമില്ല. അതുകൊണ്ടു് ഞാൻ ഈ വ്യവസ്ഥയിൽ ഉറച്ചു നിൽക്കുകയാണു്. ഈ റൂളുകളെപ്പറ്റിയുള്ള ചർച്ച, ഒരു പക്ഷെ ബാക്കിയുള്ള കാര്യങ്ങളെ മാറ്റിവച്ചുതന്നെ, അസംബ്ലിയിൽ നടത്തുവാൻ വിഷമമില്ല. അഥവാ സമയം പോരെന്നുണ്ടെങ്കിൽ ഒരു ദിവസമോ രണ്ടു ദിവസമോ അസംബ്ലി സമയം നീട്ടിവച്ചു് നടത്തുവാനും കഴിയും.

ശ്രീ. പി. ടി. ചാക്കോ: അതിനൊക്കുകയില്ല. കാരണം പത്തു ദിവസം കഴിഞ്ഞാൽ പിന്നെ നോട്ടിഫിക്കേഷനു് നിയമപ്രാബല്യം വരുത്താം എന്നാണു പറയുന്നതു്. വരുത്തണമെന്നല്ല. അതുകൊണ്ടാണു് ചർച്ച ചെയ്യാമെന്ന വ്യവസ്ഥമാത്രം പോരാ, ചർച്ച ചെയ്തു തീരുമാനിക്കുന്നതുവരെയുള്ള സമയം വേണം എന്നു പറയുന്നതു്.

Mr. Speaker: The difficulty has arisen not with respect to the clause, but with respect to procedural matters; not with respect to what is contained in the clause, but with respect to

LIBRARY ARCHIVES Kerala Legislative Assembly

whether a notification is placed before the House, it will be taken up for discussion during the days fixed for the purpose. I think some provision will be made in the rules regarding that imperative condition to be fulfilled.

ശ്രീ. പി. ടി. ചാക്കോ: വേറെയും ഒരു ബുദ്ധിമുട്ടുണ്ട്, സർ. ഒരു നോട്ടിഫിക്കേഷൻ വന്നു. ഷെഡ്യൂൾഡ് ആണ്. എട്ടാമത്തെയോ, ഒൻപതാമത്തേയോ ദിവസം അതു ചർച്ചയ്ക്ക് വയ്ക്കുകയും ചെയ്തു. എന്നാൽ പത്തു ദിവസത്തിനകം, അതായത് അടുത്ത ഒന്നോ രണ്ടോ ദിവസത്തിനകം അതിന്റെ ചർച്ച തീർന്നില്ലെങ്കിൽ പിന്നീട് ചർച്ച ചെയ്യേണ്ട ആവശ്യമേ ഇല്ലാത്ത വിധത്തിൽ കർശനമായ ഒരു നിയമം എഴുതിവച്ചാൽ വിഷമമുണ്ട്. പതിനൊന്നാമത്തെ ദിവസം ചർച്ച ചെയ്യേണ്ട ആവശ്യമേ ഉണ്ടാവുകയില്ല.

Shri M. Narayana Kurup: What is suggested is: "approved or disapproved" അപ്പോൾ ഡിസപ്രൂവ് ചെയ്താലും എടുക്കാം.

Mr. Speaker: That has been made sufficiently clear. "(1) does not approve with or without modification or (2) disapprove"—that would mean, does not approve or does not disapprove.

ശ്രീ. പി. ടി. ചാക്കോ: ഇങ്ങനെ നിയമം ഉണ്ടാക്കുമ്പോൾ പത്തു ദിവസത്തേക്ക് നിയമസഭയിൽ വയ്ക്കുമെന്നു പറഞ്ഞാൽ, നിയമസഭയിൽ ഏതു ദിവസം അതു ചർച്ചയ്ക്ക് വിധേയമാക്കണമെന്നു തീരുമാനിക്കേണ്ടതു് നാൺ ഒഫിഷ്യൽ മെമ്പേഴ്സ് അല്ല. ഗവൺമെന്റ് ബെഞ്ചസ് വേണം അതു് തീരുമാനിക്കുവാൻ. അതു കൊണ്ട് പത്തു ദിവസം കൊണ്ടു തീരുമാനിക്കണമെന്നുള്ള വ്യവസ്ഥ വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യമാണ്.

ശ്രീ. ടി. ഏ. തൊമ്മൻ: ഈ ക്ലാസ്സിനെ സംബന്ധിച്ചുള്ള സ്പെഷ്യൽ റൂൾ നിയമസഭയിൽ വയ്ക്കുന്നതിനെക്കാൾ ഒറിജിനൽ റൂൾസ് വയ്ക്കുന്നതായിരിക്കും, നല്ലതു്. അങ്ങനെ ചെയ്താൽ ആ സെഷനിൽ അതിനെ സംബന്ധിച്ചുള്ള ചർച്ച നടത്താതിരിക്കുകയോ, അവസാനിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം അടുത്ത സെഷനിലെങ്കിലും അതു നടത്തുവാൻ സാധിക്കും.

Mr. Speaker: You could have moved an amendment to that effect.

Shri T. A. Thomman: "If the Legislative Assembly, does not approve with or without modification or disapprove the said draft during the period aforesaid it shall be lawful for the Government to publish the notification in the Gazette in terms of the draft"——That is a very difficult position, Sir. So, it is for the Government benches to accept the modifications suggested.

ശ്രീമതി കെ. ആർ. ഗൗരി: സാധാരണ റൂൾസെല്ലാം പതിനഞ്ചു ദിവസം നിയമസഭയിൽ മേശപ്പുറത്തുവയ്ക്കും. ആ ദിവസം കൊണ്ട് അതിന്റെ ചർച്ച തീരുന്നില്ലെങ്കിൽ അടുത്ത സെഷനു് അതു വയ്ക്കും. അത്രയേ ഇതിലും ചെയ്യുകയുള്ളു.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഒരു കാര്യം കൂടിയുണ്ട്. "may approve the draft with or without modification or disapprove the draft during the period in which it is so laid"

അപ്പോൾ, ആ പത്തു ദിവസത്തിനകം തന്നെ ചർച്ചകൾ പൂർത്തിയാക്കിയിരിക്കണം. അതു പ്രൊസീഡിയറിനെ ബാധിക്കുന്നതല്ല. ആ സമയത്തിനുള്ളിൽ ചർച്ച പൂർത്തിയാകാതിരിക്കുന്ന പക്ഷം, പിന്നെ ചർച്ചയുടെ ആവശ്യമേ വേണ്ടിവരുന്നില്ല. So, 'during the period' should be remov

മി. സ്പീക്കർ: ഇതു് എത്രയോ തവണ ആവർത്തിച്ചിട്ടുള്ളതാണു്. ഈ ഭാഗം എല്ലാവർക്കും മനസ്സിലായിട്ടുണ്ടു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: മന്ത്രിക്കു് ഇനിയും മനസ്സിലായിട്ടില്ലെന്നാണു തോന്നുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: ഇവിടെ does not approve എന്നല്ലാ എടുക്കേണ്ടതു്. ഡസ്നോട്ട് ഡിസപ്രൂവ് (does not disapprove) എന്നു പറയുന്ന പക്ഷം.... ....

ശ്രീ. സി. എ. മാത്യു: എന്റെ ഭേദഗതി അംഗീകരിക്കുന്ന പക്ഷം, ഈ ഭാഗം കുറേക്കൂടി വ്യക്തമാകും.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. മാത്യുവിന്റെ ഭേദഗതി അംഗീകരിക്കുന്നില്ല. കാരണം, ഈ നിയമസഭ അങ്ങനെ ചെയ്യില്ലെങ്കിൽ ഇന്നുവരെ മെന്നു ഈ ഭേദഗതിയിൽ പറയുന്നില്ല അതുപോലെ ശ്രീ പൗലോസിന്റെ ഭേദഗതിയും സ്വീകാര്യമല്ല. അതുകൊണ്ടു് ഈ ഒരു ഭേദഗതി മാത്രം മതിയാകുന്നതാണു്.

ഇവിടെ നോർമൽ റെന്റു് എന്നുള്ളതു് മാററി ഫെയർ റെന്റു് എന്നാക്കണമെന്നു പറഞ്ഞു. നോർമൽ റെന്റു് എന്നു പറഞ്ഞാൽ, ഫെയർ റെന്റ എന്നു തന്നെയായിരിക്കും അർത്ഥം. ഫെയർ റെന്റു് എന്നുള്ള പദംതന്നെ ഉപയോഗിക്കണമെന്നുണ്ടെങ്കിൽ ബില്ലിൽ ഒരു 150 സ്ഥലത്തെങ്കിലും മാററം വരുത്തേണ്ടിവരും. അതുകൊണ്ടു തൽക്കാലം നോർമൽ റെന്റു് എന്നു ഉപയോഗിക്കുന്നതാണു് നല്ലതു്.

കോടതി മര്യാദപ്പാട്ടം നിശ്ചയിക്കും. ഇവിടെ മര്യാദപ്പാട്ടം എന്നു പറയുന്നതു് കോടതി നിശ്ചയിക്കുന്ന പാട്ടമോ, അല്ലാത്തപക്ഷം കരാർപാട്ടമോ, ഏതാണു കുറവു്, അതാണു ഫയർ റെന്റു് എന്നായിരുന്നു ആദ്യമേ നിശ്ചയിച്ചിരുന്നതു്. സെലക്ട് കമ്മിററിയിൽ വന്നപ്പോൾ, കൊടുക്കേണ്ടതായിരിക്കണം ഫെയർ റെന്റു് എന്നു തീരുമാനിക്കുകയുണ്ടായി. കൊടുക്കുന്ന റെന്റു്, കോടതി നിശ്ചയിക്കുന്ന റെന്റോ, മിനിമവും മാക്സിമവും കണക്കാക്കി നിശ്ചയിക്കുന്ന റെന്റോ, അല്ലെങ്കിൽ കോൺട്രാക്ട് റെന്റോ, ഇവ മൂന്നിൽ ഏതാണോ കുറവു് അതെന്നും തീരുമാനിച്ചു. അതാണു് ഇപ്പോൾ ഫെയർ റെന്റായി നിശ്ചയിച്ചിരിക്കുന്നതു്.

ശ്രീ. ചാക്കോ പറയുന്നതുപോലെ, ഈ ഭാഗം എടുത്തുകളഞ്ഞാൽ, ഫെയർ റെന്റു് ഫിക്സ് ചെയ്യുന്നതിനുള്ള സെക്ഷൻ ഇല്ലാതെ പോകും, ഫെയർ റെന്റു് എന്നു വെട്ടി എഴുതണമെന്നു പറയുന്നതും വളരെ ബുദ്ധിമുട്ടുള്ള കാര്യമാണു്.

ശ്രീ. പി. ടി. ചാക്കോ: അതു ബുദ്ധിമുട്ടില്ലെന്നു ഞാൻ കാണിച്ചുതരാം. ഇവിടെ "The fair rent shall be the rent calculated at the rates applicable to the holding fixed by Government under Sec. 11"

എന്നാണു പറയുന്നതു്. നോർമൽ റെന്റു് എന്ന വാക്കു് ഉപയോഗിച്ചിട്ടില്ല. What is to be stated is: "Rent payable shall be the fair rent fixed under Sec. 11 or rent payable immediately before the commencement of this Act, whichever is less."

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയാണെങ്കിൽ വളരെ സ്ഥലത്തു് റെന്റ എന്നുള്ളിടത്തു് വെട്ടേണ്ടതായിട്ടുവരും. ക്ലാസ്സ് 13 തന്നെ ഞാൻ വായിക്കാം.

"any landlord or cultivating tenant may apply to the Land Tribunal for determining the fair rent, in respect of the holding the instalments if any in which it shall be payable and the date

LIBRARY ARCHIVES Kerala Legislative Assembly

or dates on which such rent or the instalments thereof shall be payable. The fair rent shall be the rent calculated at the rates applicable to the holding fixed by the Government under section or "the rent payable immediately before the commencement of this, Act, whichever is less."

വരെ കൂടുതൽ സ്ഥലത്ത് വെട്ടേണ്ടിവരും. അതുകൊണ്ട് ഇപ്പോഴത്തെ നിലയിൽ തന്നെ അതു നിലനിൽക്കണം എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. ടി. ചാക്കോ: മിസ്റ്റർ രാജഗോപാലൻനായരുടെ അമെൻഡ്മെൻറ് വളരെ ന്യായമെന്നാണോ പറയുന്നത്?

ശ്രീമതി കെ. ആർ. ഗൗരി: അതിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്.

"The criterion for determining the fair rent shall be the rent calculable under section 11.''

'or the contract of rent whichever is less.'

മിസ്റ്റർ. രാജഗോപാലൻ നായരുടെ അമെൻഡ്മെൻറ് തീരെ അനാവശ്യമാണെന്നു ഞാൻ പറയുന്നില്ല. പക്ഷെ ഈ ക്ലാസ്സ് ഇവിടെ വേണം. അതു നിർബന്ധമാണ്.

The oral amendment moved by Shri P. S. Karthikeyan was put and lost.

The amendment (No. 464) moved by Shri K. K. Viswanathan, was by leave, withdrawn.

The amendment (No. 465) moved by Shri E. P. Poulose was by leave, withdrawn.

The amendment (No. 466) moved by Shri C. A. Mathew was put and lost.

The oral amendment moved by Shri T. A. Thomman was by leave, withdrawn.

The following amendment moved by Smt. K. R. Gouri was put and carried.

Clause 11, sub-clause (4), the last sentence shall be redrafted as follows:—

"If the Legislative Assembly does not—

(i) approve with or without modification or

(ii) disapprove

the said draft during the period aforesaid it shall be lawful for the Government to publish the notification in the Gazette in terms of the draft".

The oral amendment moved by Shri M. Narayana Kurup was put and declared lost.

The question that clause 11 as amended stands part of the Bill was put and carried.

The clause as amended was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

CLAUSE 12.

Shri M. C. Abraham: I move

(No. 468) In clause 12 in line 4 delete the word "an official" and substitute in its place "a judicial officer".

In clause 12 delete the following portion beginning with the words "an official" and ending with the words "of a Munsiff" and substitute in its place the following "a Judicial Officer not below the rank of a Munsiff".

Shri R. Raghava Menon: I move;

(No. 469) In clause 12, delete after the word 'rank' the words "of a Revenue Divisional Officer or". Then it will be "A sole member who shall be an official not below the rank of a Munsiff for the purpose of performing the functions of a Land Tribunal under this Act". We shall have a Munsiff acting as the land tribunal. That will be better. Of course, I need not argue about the position.

Shri E. Chandrasekharan Nair: I move;

(No. 472) Delete clause 12 and substitute the following as clause 12—

"12. Constitution of Land Tribunal:—(1) Government may by notification in the Gazette constitute for one or more Panchayat areas specified therein a Land Tribunal consisting of an advocate of not less than three years' standing as presiding officer and two other members elected from among the members of the Panchayat or Panchayats functioning in the area for which the tribunal has been constituted for the purpose of performing the functions of the tribunal under this Act.

(2) Any matter pending before a tribunal may be heard and decided in the manner prescribed. Any reference to the Tribunal in this Act shall unless the context otherwise requires, be taken to mean the body so functioning."

Shri G. Karthikeyan: Sir, I move;

(No. 474) Delete clause 12 and substitute the following:—

"12. *Constitution of land tribunal*.—(1) Government may by notification in the Gazette constitute for one or more panchayat areas specified therein, a land tribunal consisting of an advocate or a Government officer not below the rank of a Tahsildar or a person who is or has been a judicial officer for three years as presiding officer and two other members elected from among the members of panchayat or panchayats functioning in the area for which the tribunal has been constituted for the purpose of performing the functions of the tribunal under this Act.

(2) The functions of the land tribunal may be exercised by a bench consisting either of all the three members of the tribunal or of two members of which one shall be the presiding officer.

LIBRARY ARCHIVES Kerala Legislative Assembly

(3) When the matter is heard by a bench consisting of all the three members of the tribunal and they differ in opinion on any point such point shall be decided as per majority opinion.

(4) If in any matter heard by a bench consisting of only two members of the tribunal and the members are divided in their opinion on any point, such point shall be referred to the third member and his decision thereupon shall prevail".

Shri E. Chandrasekharan Nair: Sir I move;

(No. 475) Delete clause 12 and substitute the following:—

"12. *Constitution of land tribunal.*—(1) Government may by notification in the Gazette constitute for one or more panchayat areas specified therein a land tribunal consisting of an advocate or a Government officer not below the rank of a Tahsildar or a person who is or has been acting as a judicial officer for a period of three years, as presiding officer and two other members elected from among the members of the panchayat or panchayats functioning in the area for which the tribunal has been constituted for the purpose of performing the functions of the tribunal under this Act.

(2) Any matter pending before a tribunal may be heard and decided in the manner prescribed. Any reference to the tribunal in this Act shall unless the context otherwise requires be taken to mean the body so functioning.

Smt. Kusumum Joseph: I move (No. 478) Substitute for the present clause 12, the following:—

"For the purpose of performing the functions of a land tribunal under this Act the Government shall by the notification in the Gazette invest a judicial officer not below the rank of a munsiff with such powers."

Shri N. Rajagopalan Nair: I move No. (480) For clause 12 the following shall be substituted viz.

"12. Constitution of Land Tribunal:—(1) The Government may by notification in the Gazette, constitute for any area within the jurisdiction of one or more local authorities in the State a Land Tribunal consisting of three members for the purpose of performing the functions of a land tribunal under this Act. Of the three members, one shall be a person nominated by the Government from advocates with not less than three years standing at the bar or from persons who are or had been judicial or revenue officers. He shall be the presiding officer of the Tribunal. The other two members shall be elected from amongst themselves by the members of the local authority or the local authorities of the area for which the Land Tribunal has been constituted.

(2) The functions of the Land Tribunal may be exercised by a bench consisting of all the members of the tribunal or by a bench consisting of the presiding officer and one of the other members.

LIBRARY ARCHIVES Kerala Legislative Assembly

[Shri. N. Rajagopalan Nair]

(3) Where any matter is heard by a bench consisting of all the three members of the Tribunal and the members differ in opinion on any point, the point shall be decided in accordance with the opinion of the majority.

(4) Where any matter is heard by a bench consisting of the presiding officer and one of the other members, and the presiding officer and the other member are divided in heir opinion on any point, they shall state the point upon which they differ and the matter shall then be heard upon that point only by the third member and such point shall be decided according to the opinion of this third member.

(5) The Government may by rules prescribe the terms of office and the conditions of service of the members of the Land Tribunal.

Explanation:—For the purpose of this section 'local authority' shall mean the Corporation of the City of Trivandrum or any Municipality constituted under the Travancore District Municipalities Act, 1116 or the Cochin Municipal Act XVIII of 1113 or the Madras District Municipalities Act, 1920 or any Panchayat constituted under the Travancore-Cochin Panchayats Act, 1950 or the Madras village Panchayats Act, 1950".

Shri P. M. Kunjuraman Nambiar: I move :—

Delete clause 12, and add the following :

"For the purpose of performing the functions of Land Tribunal under this Act, the Government shall by notification in the Gazette invest the Munsiff with such powers."

Shri M Gopalankutty Nair: I Move :—

Delete clause 12 and add the following :

"For the purpose of performing the functions of a Land Tribunal under this Act, the Government shall by notification in the Gazette invest the Tahsildar of each Taluk with such powers."

ശ്രീ. എം. സി. ഏബ്രഹാം: ക്ലാസ്സ് 12-ൽ പറഞ്ഞിരിക്കുന്നതു്—

"The Government may, by notification in the Gazette, constitute for any area specified therein a Land Tribunal consisting of a sole member who shall be an official not below the rank of a Revenue Divisional Officer or of a Munsiff, for the purpose of performing the functions of a Land Tribunal under this Act."

എന്നാണു്. ഫെയർ റെൻറു് നിശ്ചയിക്കുക, റെസ്റ്റോറേഷൻ കാര്യം തീരുമാനിക്കുക മുതലായതു് ലാൻഡു് ട്രൈബ്യൂണലിൻെറ ചുമതലയാണു്. ഒരു ജുഡീഷ്യൽ ഉദ്യോഗസ്ഥനായിരിക്കണം ലാൻഡു് ട്രൈബ്യൂണലിൽ വേണ്ടതെന്നാണു് എൻെറ അഭിപ്രായം. മുൻസിഫിൻെറ റാങ്കിൽ കുറയാത്ത ഒരു ജുഡീഷ്യൽ ഉദ്യോഗസ്ഥനെ ലാൻഡു് ട്രൈബ്യൂണലായി നിശ്ചയിക്കണമെന്നാണു് ഞാൻ ഈ ഭേദഗതിമൂലം ആവശ്യപ്പെടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: എന്റെ അമെൻഡ്മെൻറിലുള്ള ആശയം തന്നെയാണ് ശ്രീ. രാജഗോപാലൻനായരുടേയും, ശ്രീ. ജി. കാർത്തികേയന്റെയും അമെൻഡ്മെൻറിലുള്ളതു്. എന്റെ അമെൻഡ്മെൻറിൽ ഉദ്ദേശിച്ചിരിക്കുന്നതു ഒരു മുൻസിഫിനേയോ, ഒരു ആർ.ഡി.ഒ. യേയോ ലാൻഡ് ട്രൈബ്യൂണലിന്റെ കാര്യങ്ങൾ ഏല്പിച്ചുകഴിഞ്ഞാൽ അതു വിജയകരമായി നടത്തുവാൻ സാധിക്കുകയില്ലാ എന്നുള്ളതാണ്. ഒരു പഞ്ചായത്തിലേയോ ഒന്നിലധികം പഞ്ചായത്തുകളിലേയോ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും—അതിൽ ഒരാൾ മൂന്നുകൊല്ലം പ്രാക്ടീസുള്ള ഒരു അഭിഭാഷകനും—അടങ്ങിയതായിരിക്കണം ലാൻഡു ട്രൈബ്യൂണൽ. ഇങ്ങനെ ഒരു സമിതി രൂപീകരിക്കണമെന്നു പറയുന്നതിനു കാരണങ്ങളുണ്ടു്. വളരെ കൂടുതൽ കേസുകൾ ട്രൈബ്യൂണലിന്റെ മുമ്പാകെ വരാനിടയുണ്ടു്. സീലിംഗിന്റെ കാര്യവും, കാമ്പൻസേഷന്റെ കാര്യവും റെൻറിന്റെ കാര്യവും മററും ഒക്കെ ട്രൈബ്യൂണൽ തീരുമാനിക്കേണ്ടതായിവരും. അങ്ങനെയുള്ള കേസുകൾ വരുമ്പോൾ അവയെപ്പററി അന്വേഷിക്കാൻ സൗകര്യമുള്ള ആളുകൾക്കു് അതിൽ തീരുമാനം ചെയ്യാനുള്ള ഒരു സാഹചര്യം കൊടുക്കുകയാണെന്നുണ്ടെങ്കിൽ അതു സമർത്ഥമായ രീതിയിൽ കൈകാര്യംചെയ്യുവാൻ സാധിക്കും.

പലപ്പോഴും പലയിടത്തും നാം അനുഭവപ്പെട്ടിട്ടുണ്ടു്; കോടതിയിൽ ഈ കാര്യങ്ങൾക്കു് ശരിയായും ശാസ്ത്രീയമായും പ്രവർത്തിക്കാനും, കാര്യങ്ങൾ നടത്താനും സാധിക്കാതെ പാവപ്പെട്ടവർ ക്ലേശിക്കുന്നുണ്ടു്, എന്നു്. വില്ലേജു കോടതികൾക്കു് ക്രിമിനലും സിവിലും അധികാരങ്ങൾ കൈകാര്യം ചെയ്യാം എന്ന തത്വം നാം അംഗീകരിക്കുന്ന സ്ഥിതിക്കു് ഗ്രാമപ്രദേശങ്ങളിലുള്ള ജനങ്ങളെ ബാധിക്കുന്ന ഈ കാര്യങ്ങൾ എല്ലാ കക്ഷിയിൽപ്പെട്ട അംഗങ്ങളും പ്രതിനിധീകരിക്കുന്ന പഞ്ചായത്തുപ്രതിനിധികൾ കേട്ടു തീരുമാനിക്കുന്നതിനു് അധികാരം കൊടുക്കേണ്ടതാണു്. അതു കുറച്ചുകൂടി വ്യക്തമായിട്ടു് ശ്രീമാൻ രാജഗോപാലൻനായരുടെ ഭേദഗതിയിൽ പറഞ്ഞിട്ടുണ്ടു്. അതിൽ ലോക്കൽ അഥോറിററിതന്നെയാകാം എന്നു് പറയുന്നുണ്ടു്. അപ്പോൾ ആ തരത്തിലുള്ള ജനപ്രതിനിധികൾക്കുംകൂടി പങ്കാളിത്തമുള്ള ഒരു സമിതിക്കായിരിക്കണം ഈ അധികാരം കൊടുക്കേണ്ടതു്.

ശ്രീ. പി. ടി. ചാക്കോ: ഒരു സംശയം. അഡ്വക്കേററ്സിനെ ചെയർമാന്മാരായി നിയമിക്കുകയാണെങ്കിൽ എത്ര അഡ്വക്കേററുമാരെ ആ ജോലിക്കു വേണ്ടി നിയമിക്കേണ്ടതായിവരും?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഞാൻ അഡ്വക്കേററുമാരെ മാത്രമല്ല ഉദ്ദേശിച്ചതു്; ശ്രീ. രാജഗോപാലൻനായരും അഡ്വക്കേററ മാത്രമല്ല.......

ശ്രീ. പി. ടി. ചാക്കോ: പഞ്ചായത്തുമെമ്പാന്മാർക്കു പുറമെ എത്ര ആളുകളെ അതിന്റെ ചെയർമാന്മാരായി നിയമിക്കേണ്ടിവരും. ട്രിബ്യൂണലായിട്ടു് എത്രപേർ വേണ്ടി വരും?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഫൈനാൻഷ്യൽ കമ്മിററ്മെൻറിന്റെ പ്രശ്നമല്ല പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ: അതും ആലോചിക്കണ്ടേ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഈ ഏർപ്പാടിനാൽ കുറെ ധാരാളം ചെലവു വേണ്ടിവരുമെന്നുള്ളതു സമ്മതിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ: എന്താണുദ്ദേശം? കുറെ ആളുകൾക്കു് പുതിയ ഉദ്യോഗങ്ങൾ കൊടുക്കാമെന്നാണോ? കുറെ പുതിയ അഡ്വാക്കേററന്മാരെ നിയമിക്കണമെന്നാണോ? അതോ കുറെ ആളുകൾക്കു് അലവൻസു കൊടുക്കുന്നതിനാണോ?

2/678/V

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: കൂടുതൽ ആർ. ഡി. ഓ. മാരേയും മുൻസിഫന്മാരേയും നിയമിക്കണമെന്നാണ് ഉദ്ദേശം. ഏതായാലും ഈ തരം ഒരു ലെജിസ്ലേഷൻ നടപ്പിൽ വരുത്തുന്നതിന് കുറെ അധികം ചെലവു വരും. ആർ. ഡി. ഓ. മാർക്ക് കുറെ കൂടുതൽ അധികാരങ്ങൾ.......

ശ്രീ. പി. ടി. ചാക്കോ: ഇതു ഉദ്യോഗങ്ങൾ കൊടുക്കാനാണോ, അല്ലെങ്കിൽ കൂടുതൽ അധികാരം കൊടുക്കാനാണോ? എന്റെ ചോദ്യത്തിന് മറുപടി പറഞ്ഞില്ലല്ലോ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അതിനു മറുപടിയേയില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഞാൻ അറിയാൻ വേണ്ടി ചോദിക്കുകയാണ്. ബഹുമാനപ്പെട്ടമെമ്പർ ഈ അമെൻഡുമെന്റ് മൂവു ചെയ്തപ്പോൾ ഈ സംസ്ഥാനത്ത് എത്ര ട്രിബ്യൂണലുകൾ ഏർപ്പെടുത്തേണ്ടിവരും എന്നാലോചിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അതു ഞാൻ ഭേദഗതിയിൽ തന്നെ പറഞ്ഞിട്ടുണ്ട്. ഒന്നോ ഒന്നിലധികമോ പഞ്ചായത്തുകൾ ചേർന്ന് എന്നു പറയുന്നുണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ: അങ്ങനെ വച്ചുകഴിഞ്ഞാൽത്തന്നെ എത്ര ട്രിബ്യൂണലുകൾ വേണ്ടിവരും?

Mr. Speaker: The question is, have you made any calculation, and if so, what is the number?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: എഴുനൂറിനും എണ്ണൂറിനും ഇടയ്ക്കു വേണ്ടിവരും.

ശ്രീ. എം. നാരായണക്കുറുപ്പ്: ആർ. ഡി. ഒ. യോ, മുൻസിഫോ ആയിരിക്കണമെന്നു പറയുന്നുണ്ട്. എന്നാൽ അദ്ദേഹം ആ നിലവാരത്തിലുള്ള ഉദ്യോഗസ്ഥനായിരിക്കണമെന്നോ അവർ ഏതേതു പരിധിയിൽ പ്രവർത്തിക്കണമെന്നോ ഇതിൽ പറഞ്ഞിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഏരിയ ചെറുതായിരിക്കണമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. പിന്നെ ആ ആൾ ആർ. ഡി. ഒ. ആയിരിക്കണമോ, മുൻസിഫ് ആയിരിക്കണമോ എന്നുള്ള സംഗതി ഞാൻ കൊണ്ടുവന്നില്ല എന്ന കാര്യം വിനയത്തോടുകൂടി അറിയിച്ചുകൊള്ളുന്നു. ഗവൺമെന്റിന്റെ ഈ നിയമം നടപ്പാക്കുന്നതിന് സഹായകരമായിത്തീരുന്നതിന് ആർ. ഡി ഓ. യെവച്ചാലേ സാധിക്കയുള്ളു എന്നില്ല. ജനപ്രതിനിധികൾക്കുകൂടി പങ്കാളിത്തമുള്ള ഒരു സമിതിയാണോ എന്നുള്ളതാണ് പ്രധാനമായി നോക്കേണ്ടതു്. നമ്മുടെ പ്രാദേശിക പ്രശ്നങ്ങളെപ്പറ്റി നല്ലപോലെ അറിയാവുന്ന പരിചയമുള്ള ഒരു ട്രിബ്യൂണലായിരിക്കണം. ഈ അധികാരം ഒരുദ്യോഗസ്ഥനു മാത്രമായി വിട്ടുകൊടുക്കരുതു്. അങ്ങനെ കൊടുക്കുകയാണെങ്കിൽ തീർച്ചയായും നിയമം ശരിയായി നടത്തുന്നതിന് സഹായകരമായിരിക്കുകയില്ല. ഇത്രമാത്രമേ എനിക്കിതിനെക്കുറിച്ച് പറയാനുള്ളു.

ശ്രീ. എൻ. രാജഗോപാലൻനായർ: ലാൻഡു ട്രിബ്യൂണലിന്റെ കാര്യം ഈ നിയമത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നാണ്. അതിൽ രണ്ട് എക്സ്ട്രീംസായി പോകാതെ ഒരു മദ്ധ്യമാർഗ്ഗം അവലംബിച്ചുകൊണ്ടുവേണം നാം മുന്നോട്ടു പോകാൻ എന്നുള്ളതുകൊണ്ടാണ് ഞാൻ എന്റെ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. രണ്ട് എക്സ്ട്രീംസ് എന്നു ഞാൻ പറഞ്ഞതു്, ഈ കാർഷികനിയമം നടപ്പിൽ വരുത്തുന്നതിന് എല്ലാ ഉത്തരവാദിത്വവും ഇന്നു നിലവിലുള്ള സിവിൽ കോടതികളോ, ഉദ്യോഗസ്ഥന്മാർക്കോ വിട്ടുകൊടുക്കുക. മറ്റൊന്ന് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുതന്നെ അതു കൊടുക്കണമെന്നു വയ്ക്കുക. ലാൻഡ് റിഫാംസ് നടപ്പിൽ വരുത്തുന്നതിന് രണ്ടുവാദം.

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നുണ്ട്. ആ രണ്ട് എക്സ്ട്രീംസിലും പോകാതെ ഒരു മദ്ധ്യമാർഗ്ഗം അവലംബിച്ചുകൊണ്ടുവേണം നാം മുന്നോട്ടു പോകാൻ. എനിക്കു മുൻപ് ഇവിടെ പ്രസംഗിച്ച ശ്രീമാൻ ഇ. ചന്ദ്രശേഖരൻനായർ പറഞ്ഞു കഴിഞ്ഞു. ലാന്റ് ട്രിബ്യൂണലിൽ ഒരു സിംഗിൾ മെമ്പർ പോരാ, മൂന്നു മെമ്പർമാർ ഉണ്ടായിരിക്കണം എന്ന്. ഞാൻ എന്റെ അമെൻഡ്മെൻറിൽ ആവശ്യപ്പെടുന്നത് ആ മെമ്പറന്മാരിൽ ഒരാളെ ഗവൺമെൻറ് നാമിനേററ് ചെയ്ത ആളായിരിക്കണം; അങ്ങനെ നാമിനേററ് ചെയ്യുന്ന ആളാകട്ടെ, ബാറിൽ സ്റ്റാൻറിംഗ് ഉള്ള ഒരു അഡ്വക്കേററായിരിക്കണം; അതല്ലെങ്കിൽ ഒരു ജുഡീഷ്യൽ ആഫീസറായിട്ടോ, റവന്യൂ ആഫീസറായിട്ടോ ഇരുന്നിട്ടുള്ളവരായിരിക്കണം; അതിന്റെ ചെയർമാൻ ഗവൺമെൻറ് നാമിനേററ് ചെയ്ത ഒരാളായിരിക്കണം; മററുള്ളവർ രണ്ടുപേരും ഏതൊരു അധികാരാതിർത്തിയിൽപ്പെട്ട പഞ്ചായത്താണോ, അവിടത്തെ അംഗങ്ങൾ എല്ലാംകൂടി ചേർന്ന് തങ്ങളിൽനിന്ന് തിരഞ്ഞെടുത്ത അംഗങ്ങളായിരിക്കണം. ഇതാണ് എന്റെ ഭേദഗതിയിൽ ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത്. ആ മൂന്നുപേരടങ്ങിയ ട്രിബ്യൂണലിന്റെ നടത്തിപ്പിനെപ്പററിയും എങ്ങനെകൂടണം, എങ്ങനെ തീരുമാനം ചെയ്യണം എന്നുള്ള സൂചനകളും ഈ അമെൻഡ്മെൻറിൽ നൽകിട്ടുണ്ട്. അതിന്റെ ഉദ്ദേശം എന്താണെന്നുവച്ചാൽ പ്ലാനിംഗ് കമ്മീഷന്റെ ലാൻഡ് റിഫാംസ് പാനലിൽത്തന്നെ പല സംസ്ഥാനങ്ങളിലും ഉണ്ടായിട്ടുള്ള കാർഷിക നിയമം പരാജയപ്പെടുന്നതിനുള്ള കാരണം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്ലാനിംഗ് കമ്മീഷൻ ലാൻഡ് റിഫാംസ് പാനലിന്റെ റിപ്പോർട്ടിൽ 37-ാമത്തെ പേജിൽ ചില കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഇത്തരം ഒരു നിയമനിർമ്മാണം ഉണ്ടാക്കുമ്പോൾ അതേപ്പററി ആലോചിക്കേണ്ടതാണ്. ഞാൻ അത് വായിക്കാം.

"......even where the tenants are aware of their rights they are generally in too weak a position—both economically and socially—to insist on their rights. If the tenancy laws are to be effective, it is necessary that they should be very simple and behind them there should be an administrative support counteract the effects of the social and economic weakness of the tenants. On the contrary, in many States, there is no administrative machinery within easy reach of tenants. In some States, there are no village records from which a tenant can establish his position. In some others, where there are records, under the customary practice, the tenant's name is not entered. Even where his name is entered, the landlord has so much influence in the village that frequently it is very difficult for the tenant to establish his position by oral evidence and when, if he tries to do so, village to a distant Court frequently deters him from doing so. Finally, the attitude of the revenue officer may at times be unconsciously against him................In the case of conflicting evidence, there is a greater tenancy to believe the landlord than the tenant, the presumption being that a poor man is more likely to speak untruth with a view to obtain some land than the rich landlord who having already enough land, may not be under immediate pressure to do so."

Again, on page 65 of the report it is said that:

"there was lack of proper administrative agency and in some cases, a certain degree of pro-landlord bias in the agency where it exists".

ഇതുകൂടി നാം ഈ തരം നിയമനിർമ്മാണം നടത്തുമ്പോൾ പരിഗണിക്കേണ്ടതാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, രണ്ട് എക്സ്ട്രീംസിലും പോകാതെ ഒരു മദ്ധ്യമാർഗ്ഗം അവലംബിച്ചു കാണണം എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. രാജഗോപാലൻ നായർ]

ഈ നിയമപ്രശ്നം ഈ ലാൻഡ് ട്രിബ്യൂണലിന്റെ മുമ്പിൽ വരും. പ്രത്യേകിച്ച് നിയമപരമായ കാര്യങ്ങളിലും മററും അറിവുള്ള ഒരംഗം ഇവിടെ ആവശ്യമാണ്. അതുകൊണ്ടാണ് മൂന്നുകൊല്ലത്തെ സ്റ്റാൻഡിംഗ് ഉള്ള ഒരു അഡ്വക്കേററാ, അതല്ലെങ്കിൽ ഒരു ജൂഡിഷ്യൽ ആഫീസറോ വേണം, അതല്ലെങ്കിൽ ഒരു റവന്യൂ ആഫീസർ ആയിരുന്നയാളെ ആക്കണം എന്നു പറഞ്ഞിട്ടുള്ളത്. അതുപോലെതന്നെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ കൂടെ ഉണ്ടായിരിക്കണമെന്നും പറഞ്ഞതു്. ശ്രീമാൻ ഈ. ചന്ദ്രശേഖരൻനായർ പറഞ്ഞതുപോലെ ജനപ്രതിനിധികൾക്കു കൂടി പങ്കാളിത്വം ലാൻഡ് ട്രിബ്യൂണലിൽ ആവശ്യമാണെന്നുള്ളതു്, നമ്മുടെ രാജ്യത്തെ എല്ലാ ജനങ്ങളും അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണ്. അതുകൊണ്ടാണ് ഈ 12-ാമത്തെ ക്ലാസ്സിൽ പറയുന്നതുപോലെയുള്ള സിംഗിൾ മെമ്പർ ട്രിബ്യൂണലിൽ പോരാ, റവന്യൂ ആഫീസറോ, ജൂഡിഷ്യൽ ആഫീസറോ മാത്രം പോരാ, ഒരു മൂന്നു മെമ്പറന്മാർ വേണം എന്നു ഞാൻ സൂചിപ്പിച്ചിട്ടുള്ളതു്. രണ്ടും മൂന്നും നാലും ഉപവകുപ്പിൽ ഞാൻ സൂചിപ്പിച്ചിട്ടുള്ള മാതിരി അവർ അവരുടെ തീരുമാനങ്ങൾ എടുക്കണം. ഇനി പഞ്ചായത്തിലെ അംഗങ്ങളിൽനിന്നും തിരഞ്ഞെടുക്കുന്ന ആളുകളെ ഇതിൽ ഉൾപ്പെടുത്തുന്നതിനു് എന്തെങ്കിലും വിരോധമുണ്ടോ? നമുക്കു് അങ്ങനെ വിരോധമുണ്ടാവാൻപാടില്ല. വൈ ഡ്രാബാദ് വില്ലേജ് പഞ്ചായത്ത് ആക്റ്റിൽ അവരുടെ കാർഷികപരിഷ്കാരനിയമം അഡ്മിനിസ്റ്റർ ചെയ്യാനുള്ള അധികാരം പഞ്ചായത്തുകൾക്ക കൊടുത്തുകാണുന്നു. നാം അത്ര ദൂരം പോകുന്നില്ല.

ശ്രീ. പി. ടി. ചാക്കോ: ജൂഡീഷ്യറിയും, എക്സിക്യൂട്ടീവും പ്രത്യേകമാണെന്നുള്ളകാര്യം സ്മരിക്കാതെ ശ്രീമാൻ രാജഗോപാലൻനായരുടെ ഭാവനയിൽ ഉള്ളതുപോലെ ജൂഡിഷ്യറിക്കു് ഈ വക്കുകൂടി കൊടുക്കണമെന്നാണോ?

11 A. M. ശ്രീ. എൻ. രാജഗോപാലൻനായർ: എക്സിക്യൂട്ടീവിന്റെ പ്രശ്നമൊന്നും ഇതിൽ ഇല്ല. കാർഷികബന്ധ പരിഷ്കരണനിയമം നടപ്പിലാക്കുന്നതിനുള്ള ഒരു ട്രിബ്യൂണൽ എന്നനിലയിൽ രണ്ടോ, മൂന്നോ കൊല്ലക്കാലത്തേക്കമാത്രമേ ഇതിന്റെ ആവശ്യം ഉണ്ടാകുകയുള്ളു. എല്ലാ ജൂഡിഷ്യൽ കപ്പാസിറ്റിയിലും അവർ തീരുമാനം എടുക്കണമെന്നല്ല നാം നിശ്ചയിക്കുന്നതു്. അത്തരം പ്രശ്നങ്ങൾ കോടതികൾതന്നെ ചെയ്തുകൊള്ളും. ഒരു പ്രത്യേക പാർട്ടിയായിട്ടു്, ഈ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളമുള്ള ജോലികൾ നിർവ്വഹിക്കുകമാത്രമായിരിക്കും ലാൻഡ് ട്രിബ്യൂണലിനു ചെയ്യാനുള്ളതു്. അതിനുവേണ്ടി ഒരു മുൻസിഫ് കോടതിയിലോ, ജില്ലാക്കോടതിയിലോ പോകാതെ, കാലതാമസം കൂടാതെതന്നെ കാര്യം ഭംഗിയായി നിർവഹിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി നിർദ്ദേശിച്ചതാണ്.

ശ്രീ. പി. ടി. ചാക്കോ: ഈ കാര്യങ്ങൾ ജൂഡിഷ്യൽ സംബന്ധമായിട്ടുള്ളതാകയാൽ, മുൻസിഫന്മാരോ, അതുപോലുള്ള ഏതെങ്കിലും ജൂഡിഷ്യൽ ആഫീസറന്മാരോ നിർവ്വഹിക്കുന്നതായിരിക്കുകയില്ലേ കാര്യക്ഷമവും, എളുപ്പത്തിൽ കാര്യം നടത്താൻ സഹായകവും?

ശ്രീ. എൻ. രാജഗോപാലൻനായർ: അല്ലെന്നാണ് എന്റെ അഭിപ്രായം. എന്റെ അഭിപ്രായംതന്നെയാണ് ഈ കാര്യത്തെസംബന്ധിച്ചിടത്തോളം പ്ലാനിംഗ് കമ്മിഷനും ഉള്ളതു്. അതു് എന്റെ അഭിപ്രായമാണെന്നു് അവകാശപ്പെടുകയല്ല. ശ്രീ. ചാക്കോ പറയുന്നതുപോലുള്ള കുഴപ്പങ്ങൾ ഒന്നും കൂടാതെ ഇതു പ്രയോഗത്തിൽവരുത്തുന്നതിനു സാധിക്കും. ഈ കാര്യത്തിൽ പ്ലാനിംഗ് കമ്മിഷന്റെ അഭിപ്രായംതന്നെ അംഗീകരിക്കുന്നതായിരിക്കും നല്ലതെന്നാണ് എനിക്കു പറയാനുള്ളതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ശ്രീ. ചന്ദ്രശേഖരൻ നായരും, ശ്രീ. രാജഗോപാലൻ നായരും അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളെ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കുകയാണ്. ലാൻഡ് റിഫാംസ് സംബന്ധിച്ച് ജനപ്രതിനിധികളെ സംബന്ധിപ്പിക്കുന്ന ആശയത്തോട് എനിക്ക് എതിരില്ല. പക്ഷെ, ഇവിടെ നാം വിഭാവനം ചെയ്യുന്ന ലാൻഡ് ട്രിബ്യൂണൽ എന്തിനുവേണ്ടിയുള്ളതാണെന്നു നാം ആലോചിക്കേണ്ടതാണ്. ലാൻഡ് ട്രിബ്യൂണൽ ഏർപ്പെടുത്തിക്കഴിഞ്ഞാൽ, അതിന് എന്തെല്ലാം ബുദ്ധിമുട്ടുകൾ ഇക്കാര്യത്തിൽ ഉണ്ടാകും എന്നും ആലോചിക്കണം. സ്റ്റേറ്റിന്റെ ഭണ്ഡാരത്തിൽനിന്ന് എത്ര കണ്ട് ചെലവ് ഇതിനുവേണ്ടി വഹിക്കേണ്ടിവരും എന്ന കാര്യവും ചിന്താവിഷയമാക്കേണ്ടതാണ്. ലാൻഡ് ട്രിബ്യൂണൽ ഏർപ്പെടുത്തിക്കഴിഞ്ഞാൽ, ഇതിൽ പറയുന്ന പരിഷ്കാരങ്ങൾ എല്ലാം കാലതാമസം കൂടാതെ പ്രയോഗത്തിൽ വരുത്താൻ കഴിയുമോ എന്നുള്ളതും പരിഗണനാർഹമാണ്. ഈ പരിഗണനകൾ എല്ലാം വച്ചുകൊണ്ടു നോക്കുമ്പോൾ, ഈ ഭേദഗതിയിൽ വിഭാവനം ചെയ്യുന്ന ലാൻഡ് ട്രിബ്യൂണൽകൊണ്ട് വലിയ പ്രയോജനമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ചന്ദ്രശേഖരൻനായരുടെ അഭിപ്രായത്തിൽ, ഏതാണ്ട് 800 ട്രിബ്യൂണലുകൾ നമ്മുടെ രാജ്യത്ത് ആവശ്യമായിവരും. 800 ട്രിബ്യൂണൽ എന്നു പറഞ്ഞാൽ, അതിന്റെ ചെലവു കണക്കാക്കിയാൽ റിട്ടയാർഡ് ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയാണെങ്കിൽ 800 പേരെ നിയമിക്കണം. അങ്ങനെ നിയമിക്കപ്പെടുന്ന 800 പേർക്ക് അലവൻസ് കൊടുക്കണമോ, മറ്റെന്തെങ്കിലും പേരു പറഞ്ഞ് കുറെ സംഖ്യ കൊടുക്കണമോ എന്ന കാര്യം ആലോചിക്കേണ്ടിവരും. എന്തെങ്കിലും കൊടുക്കാതെ നിവൃത്തിയില്ല. ജനപ്രതിനിധികൾ എന്നു പറഞ്ഞ് രണ്ടുപേർ വീതം ഇതിൽ സംബന്ധിക്കുമ്പോൾ ഏതാണ്ട് ആയിരത്തിഅറുനൂറ് ജനപ്രതിനിധികൾ ലാൻഡ് ട്രിബ്യൂണലിൽ ഉൾപ്പെടേണ്ടിവരും. അവർക്കും എന്തെങ്കിലും അലവൻസ്, യാത്രപ്പടി മുതലായ ഇനത്തിൽ കൊടുക്കാതെ തരമില്ല. ഈ ലാൻഡ് ട്രിബ്യൂണൽ ശ്രീ. രാജഗോപാലൻ നായർ വിഭാവന ചെയ്യുന്നതുപോലെ രണ്ടോ, മൂന്നോ കൊല്ലംകൊണ്ട് അവസാനിക്കുന്നതാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ബില്ലിലെ വകുപ്പുകൾ അനുസരിച്ചു ഫെയർ റെന്റ് നിശ്ചയിക്കണം, മിച്ചഭൂമി വാങ്ങുന്നതിനു വില നിശ്ചയിക്കണം, പിന്നെ വിതരണം ചെയ്യുന്നതിനുള്ള എക്സസ്സ് ഭൂമിയുടെ മാർക്കറ്റ് വാല്യൂ നിശ്ചയിക്കണം, വിതരണം പ്രയോഗത്തിൽ വരുത്തണം എന്നിങ്ങനെ പല കാര്യങ്ങളും നടത്തേണ്ടതായിട്ടുണ്ട്. ഇതെല്ലാം മൂന്നു കൊല്ലംകൊണ്ട് നടത്താൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. കുറച്ചുമുമ്പ് ഇവിടെ സ്വീകരിച്ച 11-ാം വകുപ്പിൽ പറഞ്ഞ സമ്പ്രദായം സ്വീകരിച്ചു, റെന്റ് കാര്യത്തിൽ നോട്ടിഫിക്കേഷൻ അനുസരിച്ച് റേറ്റ് ഫിക്സ് ചെയ്യുമ്പോൾ, അതു മാറ്റാൻ സബ് കോടതിക്ക് അധികാരമുള്ളതുകൊണ്ട്, പബ്ലിഷ് ചെയ്യുന്ന ഫെയർ റെന്റ് പരാതിയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധന ചെയ്യാനുള്ള സാവകാശം നൽകേണ്ടതുണ്ട്. ഇങ്ങനെ നോക്കുമ്പോൾ ഈ കാര്യങ്ങളെല്ലാം രണ്ടോ, മൂന്നോ കൊല്ലംകൊണ്ടല്ല, നാലഞ്ചു കൊല്ലംകൊണ്ടുമാത്രമേ ചെയ്തുതീർക്കാൻ സാധിക്കുകയുള്ളു എന്നു മനസ്സിലാകുന്നതാണ്. ആ നിലയ്ക്ക് നാലഞ്ചു കൊല്ലക്കാലം, അഡ്വക്കേറ്റന്മാരായാലും, റിട്ടയാർഡ് ജുഡീഷ്യൽ ആഫീസർമാരായാലും, എണ്ണൂറിലധികം ഉദ്യോഗസ്ഥന്മാർക്കും, ആയിരത്തിയറുനൂറിലധികം ജനപ്രതിനിധികൾക്കും കൊടുക്കേണ്ട അലവൻസ് സംഖ്യ നാം കണക്കിലെടുക്കേണ്ടതാണ്. ആ സംഖ്യ ഒരു ഭാരിച്ച ചെലവായിരിക്കുമെന്നാണു ഞാൻ പറഞ്ഞുകൊണ്ടുവരുന്നത്. ആ സംഖ്യ ചെലവാക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണ് നമുക്കുണ്ടാകുന്നത് എന്നും നോക്കേണ്ടതാണ്. ഇതിലെ വകുപ്പ് അനുസരിച്ച് ഫെയർ റെന്റ് നിശ്ചയിക്കേണ്ടതു ട്രൈബ്യൂണലിന്റെ ഇഷ്ടംപോലെയല്ലെന്നു പ്രത്യേകം നിബന്ധനയുണ്ട്. ഗവൺമെന്റ് നോട്ടിഫൈ ചെയ്യുന്ന റേറ്റ് മാത്രമേ അവർക്കു സ്വീകരിക്കാൻ നിവൃത്തിയുള്ളു. അതുപോലെതന്നെ, കോൺട്രാക്റ്റ് റേറ്റിനെസംബന്ധിച്ചും പ്രത്യേകം വ്യവസ്ഥയുണ്ട്. അതു മാറ്റാനും ട്രൈബ്യൂണലിന് അധികാരമില്ല. ട്രൈബ്യൂണലിനു ഫെയർ റെന്റ് സംബന്ധിച്ച് യുക്തംപോലെ യാതൊന്നും ചെയ്യാൻ നിവൃത്തിയില്ല; കോൺട്രാക്റ്റ് വ്യവസ്ഥയനുസരിച്ചുള്ള റേറ്റിലും വ്യത്യാസം വരുത്താൻ സാദ്ധ്യമല്ല. അങ്ങനെ വരുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ഒരു പുതിയ ബിൽ നടപ്പിലാക്കാനാണോ ട്രൈബ്യൂണലിനെ വയ്ക്കുന്നത്, ഈ നിയമം നടപ്പിലാക്കാനല്ലേ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതുതന്നെ ഞാൻ പറയുന്നത്. ഗവൺമെന്റ് നോട്ടിഫൈ ചെയ്യുന്ന നാർമൽ റേററ് വ്യത്യാസപ്പെടുത്താൻ ട്രൈബ്യൂണലിന് അധികാരമില്ല. കാൺട്രാക്ററ് റേററിനെ സംബന്ധിച്ചാണെങ്കിലും വ്യത്യാസം വരുത്തുന്നതിന് ട്രൈബ്യൂണലിന് പ്രത്യേകം അധികാരം നൽകുന്നില്ല. ഇതിലെ വകുപ്പുകൾ പരിശോധിക്കുമ്പോൾ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രയോഗത്തിൽ വരുത്താൻവേണ്ടി മാത്രമാണ് ഈ ട്രൈബ്യൂണലിനെ നിയമിക്കുന്നതെന്നു കാണാം. അങ്ങനെയുള്ള ഒരു കാര്യത്തിനുവേണ്ടി ജനപ്രതിനിധികളുടെ സഹകരണം എന്തിനാണെന്നു ഞാൻ ചോദിക്കുകയാണ്. ഇതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായിട്ടുമാത്രം, പ്രവർത്തിക്കാൻ, പുതിയ അധികാരങ്ങൾ ഒന്നുംതന്നെയില്ലാതെ, ഈ പ്രയോഗത്തിൽ വരുത്തുന്നതിനു മാത്രമുള്ള ഒരു ട്രൈബ്യൂണലിൽ ജനപ്രതിനിധികളുടെ സഹകരണത്തിന്റെ പ്രത്യേക ആവശ്യം എന്താണെന്നു ഞാൻ ചോദിക്കുകയാണ്. സർ, ഇതിന്റെ അടിസ്ഥാനത്തിൽ ഫെയർ റെന്റ് നിശ്ചയിക്കുമ്പോഴും, അതിന്റെ അടിസ്ഥാനത്തിൽ പർച്ചേസ് പ്രൈസ് നിശ്ചയിക്കുമ്പോഴും ജനപ്രതിനിധികളുടെ സഹകരണം ആവശ്യമായി വരുന്നില്ല. അതെല്ലാം ഒരു ഗവൺമെന്റുദ്യോഗസ്ഥൻ വ്യവസ്ഥകൾ അനുസരിച്ച് നിർവ്വഹിക്കാനുള്ളതേയുള്ളു. സർ, പിന്നെയൊന്നു നിശ്ചയിക്കാനുള്ളത് മാർക്കററ് വാല്യുവിനെ സംബന്ധിച്ചാണ്. മാർക്കററ് വാല്യു കൂടിപ്പോയോ, കുറഞ്ഞുപോകുമെങ്കിൽ അതു ജനങ്ങളെ ബാധിക്കുമല്ലോ എന്നു കരുതി അതിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്നത് ആവശ്യമാണെന്നു കരുതിയാൽത്തന്നെയും, ഇതിലെ വ്യവസ്ഥപ്രകാരം മാർക്കററ് വാല്യു നിശ്ചയിക്കുന്നതിലും ട്രൈബ്യൂണലിന് പ്രത്യേകം അധികാരം നൽകുന്നില്ല. മാർക്കററ് വാല്യു നിശ്ചയിക്കുമ്പോൾ ഇന്ന് ഇവിടെ സ്വീകരിച്ചിട്ടുള്ള നടപടിക്രമം സ്വീകരിക്കാതെ നിവൃത്തിയില്ല. അതായത്, ഓരോ ഭൂമിയെ സംബന്ധിച്ചും മാർക്കററ് വാല്യു നിശ്ചയിക്കുന്നത്, പരിസരഭൂമിയുടെ വില, അത്തരം ഭൂമികൾ കൈമാററം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലും, തഹശീൽദാരോ, റവന്യൂ ഉദ്യോഗസ്ഥന്മാരോ അന്വേഷിച്ചു കണ്ടുപിടിക്കുന്ന വിലയുടെ തോതിലും ആയിരിക്കും. അങ്ങനെ വരുമ്പോൾ, ട്രൈബ്യൂണലിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്നതുകൊണ്ട് വിശേഷിച്ചു പ്രയോജനമുള്ളതായി വരുന്നില്ല. ട്രൈബ്യൂണലിനു സ്വതന്ത്രമായി മാർക്കററ് വാല്യു നിശ്ചയിക്കാൻ കഴിയുമോ? അങ്ങനെ നിശ്ചയിച്ചാൽ അപ്പീൽ വച്ചിട്ടുണ്ട്. സബോർഡിനേററ് ജഡ്ജിക്കോ, പ്രിൻസിപ്പൽ സബോർഡിനേററ് ജഡ്ജിക്കോ അപ്പീൽ അധികാരം കൊടുത്തിരിക്കുന്നതുകൊണ്ട്, പരിസരഭൂമിയുടെ വിലയ്ക്ക് അനുസരണമായി മാർക്കററവാല്യു നിശ്ചയിക്കാത്തപക്ഷം അതു നിലനിൽക്കുകയില്ല. അങ്ങനെയാണെങ്കിൽ ഈ കാര്യത്തിൽ കോടതിയുടെ തീരുമാനത്തിന് വിപരീതമായി ഒരു തീരുമാനം ട്രൈബ്യൂണലിന് എടുക്കാൻ നിവൃത്തിയില്ലാത്തതിനാൽ ജനപ്രതിനിധികൾ അതിൽ ഉൾപ്പെട്ടാൽ എന്താണു മെച്ചം? ഇതിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ, ഫെയർ റെന്റിന്റെ കാര്യമായാലും, മാർക്കററ വാല്യു സംബന്ധിച്ചായാലും, ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൽനിന്നും അങ്ങോട്ടുമിങ്ങോട്ടും നെല്ലിടപോലും മാററം വരുത്താൻ ട്രൈബ്യൂണലിന് അധികാരമില്ലാത്ത സ്ഥിതിക്ക്, ഇതെല്ലാം നിർവ്വഹിക്കുന്നതിന് ആവശ്യമുള്ള ഗവൺമെന്റുദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയാൽ പോരേ എന്ന കാര്യം നാം കാര്യമായിട്ട് ചിന്തിക്കേണ്ടതാണ്. ജനപ്രതിനിധികൾക്ക് ഇതിൽ യാതൊന്നും ചെയ്യാൻ സാധിക്കുന്നില്ല. തന്നെയുമല്ല, അതിനുവേണ്ടി ഭാരിച്ച ഒരു സംഖ്യ ചെലവാക്കേണ്ടതായും വരുന്നു. അതിന്റെ ആവശ്യമുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നത്? ഇങ്ങനെ ജനപ്രതിനിധികളെ സഹകരിപ്പിച്ചുകൊണ്ട് ട്രൈബ്യൂണൽ ഉണ്ടാക്കുകയാണെങ്കിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിക്കുകയാണ്. ഏതെങ്കിലും ജുഡീഷ്യൽ ആഫീസർമാരായിരുന്നവരെ—മുൻസിഫന്മാരെയോ, റിട്ടയാഡ് ഉദ്യോഗസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ന്മാരെയോ—ട്രൈബ്യൂണലായി നിയമിച്ചാൽ, അനാവശ്യമായ കാലതാമസം കൂടാതെ ഈവക കാര്യങ്ങൾ കാര്യക്ഷമമായി നടത്താനുള്ള സാദ്ധ്യതയുണ്ട്. കൂടാതെ, ഫെയർ റെൻറ് നിശ്ചയിക്കണമെങ്കിൽ, ആരെങ്കിലും അതിന് അപേക്ഷ കൊടുത്താൽ, അതിൻെറ അടിസ്ഥാനത്തിൽ വളരെയധികം കക്ഷികൾക്ക നോട്ടീസ് അയയ്ക്കേണ്ടിവരും. ഇന്നത്തെ നിലയിൽ ട്രൈബ്യൂണലിനെ നിയമിച്ചാൽ നോട്ടീസയയ്ക്കാനുള്ള സൗകര്യം എല്ലാം ഉണ്ടായിരിക്കുമോ എന്ന കാര്യം ആലോചിക്കണം. വളരെ അധികം കാര്യങ്ങൾ തീരുമാനിക്കുന്നതിനുണ്ടെങ്കിൽ ബന്ധപ്പെട്ട കക്ഷികൾക്കെല്ലാം നോട്ടീസ് അയയ്ക്കേണ്ടി വരും. അങ്ങനെ അയയ്ക്കണമെങ്കിൽ ട്രൈബ്യൂണലിന് ആവശ്യമായ സ്റ്റാഫിനെ കൊടുക്കേണ്ടിവരും. അതു ചെയ്തില്ലെങ്കിൽ വളരെ വേഗം നോട്ടീസു കൊടുക്കുന്നതിനും, കക്ഷികളെ വരുത്തി അഭിപ്രായം അറിയുന്നതിനും അതിൻെറ അടിസ്ഥാനത്തിൽ ഒരു തീരുമാനം എടുത്ത് വാല്യുവേഷൻ സ്റ്റേററുമെൻറ് പരസ്യപ്പെടുത്താനും സാധിക്കുകയില്ല. നേരേമറിച്ച്, ഈ ബുദ്ധിമുട്ടുകൾ ഒന്നുമില്ലാതെ, റവന്യൂ ഡിവിഷനൽ ആഫീസർമാരെയോ, മുൻസിഫന്മാരെയോ ട്രൈബ്യൂണലായി നിയമിച്ചാൽ, അവരുടെ ഇന്നത്തെ ആഫീസ് സ്റ്റാഫിനും പുറമെ ആവശ്യമുണ്ടെങ്കിൽ ഒന്നോ, രണ്ടോ പേരെക്കൂടി നിയമിച്ചാൽ ഈ കാര്യങ്ങൾ വളരെ കാര്യക്ഷമമായും, വേഗത്തിലും ചെയ്തുതീർക്കാനുള്ള സൗകര്യം ഉണ്ട്. പുതുതായിട്ടു വേണ്ടിവരുന്ന ഭാരിച്ച ചെലവ് ഇല്ലാതാക്കുന്നതിനും, കാര്യം ഭംഗിയായിട്ടും, എളുപ്പത്തിലും ചെയ്തുതീർക്കുന്നതിനുമുള്ള ഈ നിർദ്ദേശം സ്വീകരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. നല്ല ഒരു സംഖ്യ ചെലവു ചെയ്ത് പ്രത്യേകം സ്റ്റാഫിനെ നിയമിച്ചാൽത്തന്നെയും, അവർക്ക് ആവശ്യമുള്ള ടൈപ്പ്റൈറ്റർ മുതലായ സാധനസാമഗ്രികളും മററും സൗകര്യമായി കിട്ടണം. ഇതെല്ലാം ശ്രീ. രാജഗോപാലൻ നായർ പറയുന്നതുപോലെ കാര്യം എളുപ്പം നടത്താനായിരിക്കുകയില്ല, കാലതാമസത്തിനായിരിക്കും അവസരം ഉണ്ടാക്കുന്നത്. ഞാൻ മുമ്പ് പറഞ്ഞതുപോലെ, ഫെയർ റെൻറ് ഫിക്സ് ചെയ്യുന്നതിനോ മാർക്കററ് വാല്യൂ നിശ്ചയിക്കുന്നതിനോ, മിച്ചഭൂമി വിതരണം സംബന്ധിച്ച കാര്യങ്ങൾ ചെയ്യുന്നതിനോ പ്രത്യേകം പരിചയമോ, ഇത്തരം നടപടികളിൽ ഇടപെട്ട് കാര്യക്ഷമതയോ ഉണ്ടായിട്ടില്ലാത്ത പുതിയ സ്റ്റാഫിനെ നിയമിക്കുക എന്നു പറയുന്നത്, നാം ഉദ്ദേശിക്കുന്ന കാര്യം വിജയപ്രദമായി എളുപ്പത്തിൽ ചെയ്തുതീർക്കാൻ തടസ്സമായിത്തീരുന്നതിനുള്ള ഒരു കാരണമായിരിക്കും.

നേരേമറിച്ച് ഇന്നു നിലവിലുള്ള മുൻസിഫ് കോടതികൾക്കും റവന്യൂ ഡിവിഷനൽ ആഫീസറന്മാർക്കും ഇതിനുള്ള സൗകര്യമുണ്ടെന്നും ആ നിലയിൽ കാലതാമസം കുറയുമെന്നും നാം മനസ്സിലാക്കണം. ഇതിൽ രണ്ടുമൂന്നു കാര്യങ്ങളാണ് നമുക്ക പ്രധാനമായിട്ടു ചിന്തിക്കുവാനുള്ളത്. ഫെയർറെൻറും പർച്ചേയ്സ് പ്രൈസും മാർക്കററുവിലയും നിശ്ചയിക്കുന്ന കാര്യങ്ങൾക്ക് ഇന്ന് നിബന്ധനകൾ ഉള്ളതുകൊണ്ട് ആ വക കാര്യങ്ങളിൽ ജനപ്രതിനിധികളുടെ സഹകരണത്തിൻെറ ആവശ്യമില്ല. അവർക്ക് ആ കാര്യങ്ങളിൽ യാതൊന്നും ചെയ്യാൻ കഴിയുകയുമില്ല. അതിൻെറ അടിസ്ഥാനത്തിലാണ് ഭേദഗതി സ്വീകരിക്കാതെ മുൻസിഫിനോ, റവന്യൂ ഡിവിഷനൽ ആഫീസർക്കോ, അതിനുള്ള അധികാരം കൊടുക്കണമെന്നു പറയുന്നത്. ജനപ്രതിനിധികളുടെ സഹകരണം വേണ്ടത് ഈ വക കാര്യങ്ങളിലല്ല. അവരുടെ സഹകരണം ആവശ്യമായി പല രാജ്യങ്ങളിലും വന്നിട്ടുള്ളത് ഭൂവിതരണം സംബന്ധിച്ചാണ്. ഭൂവിതരണത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ ജനപ്രതിനിധികളെ ഏൾപ്പിക്കുന്നതിനുള്ള വ്യവസ്ഥ ഈ വകുപ്പിൽ വരുന്നില്ല. ഭൂവിതരണം സംബന്ധിച്ച് ആ ഭാഗത്തിരിക്കുന്ന ആളുകൾ സ്വീകരിക്കുന്ന നിലപാടും ഞങ്ങൾ സ്വീകരിക്കുന്ന നിലപാടും തമ്മിൽ വ്യത്യാസമുണ്ട്. ഞങ്ങൾ സ്വീകരിക്കുന്ന നിലപാടനുസരിച്ച് കോവാപ്പറേററീവ് സൊസൈററികൾക്ക കൊടുക്കണമെന്ന് പറയുമ്പോൾ അവിടെയുള്ളവരുടെ നിലപാടനുസരിച്ച് ഭൂവിതരണം സംബന്ധിച്ച് ജനപ്രതിനിധികളുടെ സഹകരണം ആവശ്യമില്ലാതെ വരികയാണ്. അതിനും വ്യക്തമായ ചട്ടങ്ങൾ ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

അവിടെയും ജനപ്രതിനിധികളുടെയോ പഞ്ചായത്തിന്റെയോ സഹകരണം ആവശ്യമായിവരുന്നില്ല. ഞങ്ങളുടെ നിലപാടു സ്വീകരിക്കാൻ ആ ഭാഗത്തുള്ളവർ തയ്യാറായിട്ടില്ല. നിലവിലുള്ള പഞ്ചായത്തുകളെ ഭൂമി മാനേജു ചെയ്യാൻ ഏല്പിച്ചുകൊണ്ടു് സഹകരണസംഘങ്ങൾക്കു് ഭൂമി കൊടുക്കുകയാണെങ്കിലാണു് സഹകരണം ആവശ്യം വരുന്നതു്. അങ്ങിനെ സഹകരണസംഘങ്ങൾക്കു് ഭൂമി കൊടുക്കാൻ തയ്യാറാകാതെ ജനപ്രതിനിധികളുടെ സഹകരണം ആവശ്യമില്ലാത്ത കാര്യങ്ങളിൽ അവരെ സഹകരിപ്പിച്ചതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. അതുകൊണ്ടു് ചെലവു് വളരെ വർദ്ധിക്കും. അമെൻഡുമെൻറു മൂവുചെയ്ത ശ്രീ. ചന്ദ്രശേഖരൻനായർക്കുപോലും ഇതുമൂലം എന്തു് ചെലവുവരുമെന്നു് പറയാൻ സാധിച്ചിട്ടില്ല. 800 ഓളം ട്രൈബ്യൂണലുകൾക്കു് അലവൻസ്, സ്റ്റാഫ്, ഉപകരണങ്ങൾ എന്നിവയ്ക്കായി എത്രലക്ഷം രൂപ ചെലവുവരുമെന്നു് ഗവണ്മെൻറും കണക്കാക്കിയിട്ടില്ലെന്നാണു് എനിക്കു തോന്നുന്നതു്. അങ്ങിനെയെല്ലാം ചെലവുചെയ്തു് യാതൊരു പ്രയോജനവുമില്ലാത്ത രീതിയിൽ ജനപ്രതിനിധികളെ സഹകരിപ്പിക്കുന്നതുകൊണ്ടു് നമുക്കു് യാതൊന്നും നേടാൻ കഴികയില്ല. എന്തിനുവേണ്ടി നടപ്പിൽ വരുത്തുന്നുവോ അതു് ഫലപ്രദമായി നടപ്പിൽവരുത്താൻ സാധിക്കുമോ എന്നാലോചിക്കാതെ ഭേദഗതികൾ കൊണ്ടുവരുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. അതുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ ശക്തിയായി എതിർക്കുന്നു.

ശ്രീമതി കുസുമം ജോസഫ് : ഞാൻ അവതരിപ്പിച്ച ഭേദഗതി ഇതാണു്.

"Substitute for the present clause 12, the following:— "For the purpose of performing the functions of a land tribunal under this Act the Government shall by the notification in the Gazette invest a judicial officer not below the rank of a Munsiff with such powers."

ഞാൻ ഈ ഭേദഗതി കൊണ്ടു് ഉദ്ദേശിക്കുന്നതു് കാർഷികനിയമം സംബന്ധിച്ചുള്ള ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഒരു എക്സിക്യൂട്ടീവ് ആഫീസ്സർക്കു വിട്ടുകൊടുക്കാതെ ഒരു ജൂഡീഷ്യൽ ആഫീസ്സറെത്തന്നെ ട്രൈബ്യൂണലായി നിശ്ചയിക്കണമെന്നാണു്. ഇന്നത്തെ ഗവണ്മെൻറിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ നോക്കുമ്പോൾ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങളിൽ ഗവണ്മെൻറു് അമിതമായി കൈകടത്തുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ടെന്നുകാണാം. ആ നിലയിൽ എക്സിക്യൂട്ടീവ് ആഫീസ്സറന്മാരെ ട്രൈബ്യൂണലായിവച്ചാൽ അവരെ വളരെ വേഗം ഇൻഫ്ളുവൻസ് ചെയ്യുന്നതിനും സാധാരണക്കാർക്കു് നീതി ലഭിക്കാത്തൊരു സാഹചര്യം ഉണ്ടാക്കുന്നതിനും ഇടയാകും. ജൂഡീഷ്യറിയിൽപ്പോലും കൈകടത്തുന്ന ഒരു സാഹചര്യം ഇവിടെ ഉണ്ടെന്നു് അനുസ്മരിച്ചുകൊണ്ടുതന്നെ ഞാൻ പറയുകയാണു്, എക്സിക്യൂട്ടീവ് ആഫീസ്സറന്മാർക്കു് ഈ അധികാരം കൊടുക്കാതെ ജൂഡിഷ്യൽ ആഫീസറന്മാർക്കു് കൊടുത്താൽ കൂടുതൽ അഭികാമ്യമായിരിക്കുമെന്നു്. ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുമ്പോൾ മറുഭാഗത്തുനിന്നും അവതരിപ്പിച്ച ഭേദഗതിയെ ശക്തിയായി എതിർക്കുകയാണു്. ആ ഭേദഗതികളിൽ പറയുന്നതു് മൂന്നംഗങ്ങളുള്ള ട്രൈബ്യൂണൽ ഉണ്ടാക്കണമെന്നാണു്. പിന്നെയും "....Of the three members, one shall be a person nominated by the Government from Advocates with not less than three years' standing at the bar or from persons who are or had been judicial or revenue officers". ഇന്നത്തെ കാലത്തു് മൂന്നുകൊല്ലത്തെ സ്റ്റാൻഡിംഗുള്ള അഡ്വക്കേറ്റർമാർ മുക്കിനു് 300 പേർ കാണുമെന്നിരിക്കെ എല്ലാവിധത്തിലുമുള്ള ഇൻഫ്ളുവൻസിനും അവർ അതീതരായിരിക്കുമെന്നു് വിചാരിക്കാൻ ന്യായമൊന്നുമില്ല. ഉദ്യോഗസ്ഥന്മാരെ ആക്കിയാൽ ധനവാന്മാർ അവരെ ഇൻഫ്ളുവൻസ് ചെയ്തു് പാവങ്ങൾക്കു് നീതി ലഭിക്കാത്ത ഒരു സാഹചര്യം ഉണ്ടാകുമെന്നു് പറയുകയുണ്ടായി. അതുകൊണ്ടു് ജനപ്രതിനിധികളേയും ഗവണ്മെൻറു നോമിനേററു ചെയ്യുന്ന ചെയർമാനേയും ഉൾപ്പെടുത്തിയുള്ള ഒരു ട്രൈബ്യൂ

LIBRARY ARCHIVES Kerala Legislative Assembly

ണൽ ഉണ്ടാകണമെന്നാണ് പറഞ്ഞത്. ഞാൻ ചോദിക്കുകയാണ് മൂന്നുകൊല്ലത്തെ സ്റ്റാൻഡിംഗുള്ള അഡ്വക്കേററിനെ ചെയർമാനായി നിയോഗിച്ചാൽ ആ അഡ്വക്കേററ് ധനവാന്മാരുടെ പ്രലോഭനങ്ങൾക്ക് അതീതനായിരിക്കുമെന്ന് വിശ്വസിക്കാൻ എന്താണ് ന്യായമെന്ന്? അങ്ങനെ ചെയ്താൽ നിശ്ചയമായും പാവപ്പെട്ടവർക്ക് ക്രൂരതര ദ്രോഹമായിരിക്കും ഉണ്ടാവുക. ഒരു അഡ്വക്കേററിനെ പ്രലോഭിപ്പിക്കാൻ ധനവാന്മാർക്ക് വളരെ എളുപ്പത്തിൽ കഴിയും. അതുകൊണ്ട് ഒരു ജുഡീഷ്യൽ ആഫീസറെത്തന്നെ നിയമിച്ച് പാവപ്പെട്ടവർക്ക് നീതി ലഭിക്കത്തക്ക സാഹചര്യം സൃഷ്ടിക്കുന്നതിനു ആ ഭേദഗതി സ്വീകരിക്കരുതെന്ന് ഞാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിക്കുകയാണ്.

ശ്രീ. സി. എ. മാത്യു: ലാൻഡ് ട്രൈബ്യൂണൽ ജുഡീഷ്യൽ ആഫീസറായിരിക്കണമെന്നും അതു മുൻസിഫിന്റെ റാങ്കിൽ കുറയാത്ത ജുഡീഷ്യൽ ആഫീസറായിരിക്കണമെന്നും ഈ ഭാഗത്തുനിന്നും അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിച്ചുകൊണ്ടും, തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ഉൾപ്പെടുന്ന മൂന്നംഗകമ്മിററിയെ ട്രൈബ്യൂണലിന്റെ ചുമതല ഏൽപ്പിക്കണമെന്നുള്ള മറുഭാഗത്തെ ഭേദഗതിയെ എതിർത്തുകൊണ്ടും ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. മൂന്നംഗകമ്മിററിയെ ഈ ചുമതലകളേൽപ്പിച്ചാൽ ഉണ്ടാകാവുന്ന പ്രായോഗിക വൈഷമ്യങ്ങളെക്കുറിച്ച് ശ്രീ. വിശ്വനാഥൻ വളരെ വിശദമായി ഇവിടെ പ്രതിപാദിക്കയുണ്ടായി. ആ വക കാര്യങ്ങളിലേയ്ക്ക് പ്രവേശിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ ബില്ലിലെ വ്യവസ്ഥകളനുസരിച്ച് പ്രധാനമായി മൂന്നു ചുമതലകളാണ് ട്രൈബ്യൂണലിനെ ഏൽപ്പിക്കേണ്ടിയിരിക്കുന്നത്. അതായത്, ഫെയർ റെന്റിനെ സംബന്ധിക്കുന്ന കാര്യങ്ങൾ നിശ്ചയിക്കുക, പർച്ചേസ് പ്രൈസ് നിജപ്പെടുത്തുക, മാർക്കററ് വാല്യൂ സംബന്ധിച്ചുള്ള കാര്യങ്ങളിൽ വേണ്ട രീതിയിൽ അന്വേഷിച്ച് തീരുമാനമെടുക്കുക എന്നിവയാണ്. ഈ ബിൽ വായിച്ചുനോക്കുമ്പോൾ ഈ മൂന്നു കാര്യങ്ങൾക്കും ജുഡീഷ്യലായിട്ടുള്ള അധികാരങ്ങളാണ് വിനിയോഗിക്കേണ്ടതെന്നു കാണാൻ പ്രയാസമില്ല. ജുഡീഷ്യലായിട്ടുള്ള അധികാരങ്ങൾ മാത്രം കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു ബാഡി ജുഡീഷ്യൽ ബാഡി ആയിരിക്കണമെന്നു പറഞ്ഞാൽ അതിനെ നിഷേധിക്കാൻ ആരും തയ്യാറാകുമെന്ന് എനിക്കു വിശ്വാസമില്ല. ജുഡീഷ്യൽ അധികാരങ്ങൾ കൈകാര്യം ചെയ്യാൻ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളടങ്ങുന്ന ഒരു സമിതിയെ നിശ്ചയിക്കണമെന്നുള്ള വാദഗതി ഇന്നത്തെ നിലയിൽ ഒരിക്കലും സ്വീകാര്യമല്ലെന്നാണ് എന്റെ അഭിപ്രായം. ഇന്നു കാണാറുള്ള രാഷ്ട്രീയ വടംവലികളും മററും ഈ തെരഞ്ഞെടുപ്പിലും ഈ അധികാരങ്ങൾ കൈകാര്യം ചെയ്യുന്നതിലും പ്രതിഫലിപ്പിക്കുമെന്നുള്ളതിനെ സംബന്ധിച്ച് സംശയിച്ചിട്ടു കാര്യമൊന്നുമില്ല. ഇന്ന് രാഷ്ട്രീയം എല്ലാ രംഗങ്ങളിലും കൊടുംപിരിക്കൊണ്ട് നീതിനിർവഹണം ശരിയായി കൈകാര്യം ചെയ്യാൻ സാധിക്കാത്ത ഒരു നില വന്നിട്ടുണ്ട്. കോടതികളിൽപ്പോലും അനാവശ്യമായ ഇടപെടൽ ഉണ്ടാകുന്നുണ്ടെന്ന് പരാതികൾ ഉള്ള ഈ അവസരത്തിൽ ഇങ്ങനെ ഒരു സമിതി ജുഡീഷ്യൽ കാര്യങ്ങൾ കൈകാര്യം ചെയ്യണമെന്നു പറഞ്ഞാൽ അതു് എത്രമാത്രം രാഷ്ട്രീയ വടംവലികൾ ഉണ്ടാക്കുമെന്ന് ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാൻ വലിയ പ്രയാസമില്ല ആ നിലയിൽ ഇന്നത്തെ രാഷ്ട്രീയമായിട്ടുള്ള കുഴപ്പങ്ങൾ ജുഡീഷ്യലായിട്ടുള്ള കാര്യങ്ങളിലെങ്കിലും പ്രതിഫലിപ്പിക്കാതിരിക്കുന്നതിനുവേണ്ടി മുൻസിഫിന്റെ അധികാരത്തിൽ കുറയാത്ത ഒരു ജുഡീഷ്യൽ ആഫീസറെ ലാൻഡ് ട്രൈബ്യൂണലായി നിയമിക്കുകയാണ് വേണ്ടത്.

ശ്രീ. ടി. വി. തോമസ്: വില്ലേജ് കോർട്ടിൽ അടങ്ങിയിട്ടുള്ള തത്വത്തെ എതിർക്കുകയാണോ?

ശ്രീ. സി. എ. മാത്യു: ആ അർത്ഥത്തിലല്ല പറയുന്നത്. ലാൻഡ് ട്രൈബ്യൂണലിനു കൊടുത്തിട്ടുള്ളതു മുഴുവൻ ജുഡീഷ്യൽ അധികാരങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ടി. വി. തോമസ്</u>: വില്ലേജുകോർട്ടിനും ജുഡീഷ്യൽ അധികാരങ്ങളുണ്ടു്. അവിടെയും ഇലക്ടഡ് പ്രതിനിധികളാണു് വരുന്നതു്.

<u>ശ്രീ. സി. ഏ. മാത്യു</u>: അതുപോലെയല്ല ഇതു്. വില്ലേജു കോർട്ടിനു് ഒരു ചെറിയ തോതിലുള്ള അധികാരമേ ഉള്ളു. വളരെ അധികം ഉത്തരവാദിത്വമുള്ളതും പ്രാധാന്യമേറിയതുമായ കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ട്രൈബ്യൂണലിൽ യാതൊരു പരിചയവുമില്ലാത്ത തെരഞ്ഞെടുക്കുന്ന പ്രതിനിധികളെ വയ്ക്കുന്നതു് ഒരിക്കലും ശരിയായിരിക്കുകയില്ല. നിയമം സംബന്ധിച്ചു യാതൊരു അറിവുമില്ലാത്ത ആളുകൾക്കു് അവയെപ്പറ്റി സാമാന്യമായ അറിവു സമ്പാദിക്കുന്നതിനു വില്ലേജുകോർട്ടുകൾ പ്രയോജനപ്പെട്ടും. ആ നിലയിൽ പഞ്ചായത്തംഗങ്ങൾക്കോ, തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾക്കോ അധികാരം കൊടുക്കരുതെന്നു് ഞാൻ പറയുന്നതായി ആരും തെറ്റിധരിക്കരുതു്. പൂർണ്ണമായി ജുഡീഷ്യലായിട്ടുള്ള അധികാരങ്ങൾ ജുഡീഷ്യൽ ആഫീസറന്മാർ കൈകാര്യം ചെയ്താലേ ശരിയാവുകയുള്ളു. എക്സിക്യൂട്ടീവും ജുഡീഷ്യറിയുമായി കൂട്ടിക്കുഴയ്ക്കാതെ ഈവക കാര്യങ്ങളെ നിയന്ത്രിക്കേണ്ടതാണു്. അതുകൊണ്ടുമാത്രമാണു് ജുഡീഷ്യൽ ആഫീസറെ ട്രൈബ്യൂണലായി നിശ്ചയിക്കണമെന്നു് പറയുന്നതു്.

<u>ശ്രീ. പി. എം. ജോസഫ്</u>: രണ്ടുമൂന്നു കാരണങ്ങളാൽ ശ്രീ. ചന്ദ്രശേഖരൻ നായരുടെയും രാജഗോപാലൻ നായരുടെയും ഭേദഗതികളെ എതിർക്കുകയും, ശ്രീ. എം. സി. ഏബ്രാഹിന്റെ ഭേദഗതിയെ അനുകൂലിക്കുകയും ചെയ്യുന്നു. ശ്രീ. വിശ്വനാഥൻ പറഞ്ഞതുപോലെ ട്രൈബ്യൂണൽ മൂന്നംഗങ്ങൾ അടങ്ങുന്നതാണെങ്കിൽ ഭാരിച്ച ചിലവുണ്ടാകും. അതിൽ നല്ലതു് കാര്യക്ഷമതയ്ക്കും എളുപ്പം കാര്യങ്ങൾ നടക്കുന്നതിനും ഒരു ജുഡീഷ്യൽ ആഫീസറെ ട്രൈബ്യൂണലായി നിയമിക്കുകയാണു്. പഞ്ചായത്തു പ്രതിനിധികളെ ഉൾപ്പെടുത്തിയാൽ രാഷ്ട്രീയ സമ്മർദ്ദംമൂലം അവർക്കു് നീതിനടത്താൻ സാധിക്കാതെ വരും. നീതി നടക്കണമെങ്കിൽ ജുഡീഷ്യൽ ആഫീസറാണു് ഏറ്റവും പറ്റിയ ആൾ. ഇന്നത്തെ രാഷ്ട്രീയസ്ഥിതി ജനപ്രതിനിധികളെ ട്രൈബ്യൂണലായി നിയമിക്കുന്നതിനു് അനുകൂലമല്ല.

<u>മിസ്റ്റർ സ്പീക്കർ</u>: പുതിയ വാദം ഒന്നും വന്നില്ലല്ലോ. ഇതെല്ലാം ഇവിടെ മുമ്പു് പറഞ്ഞിട്ടുള്ളതാണു്.

<u>ശ്രീ. പി. എം. ജോസഫ്</u>: മറ്റൊരു സംഗതി എവിഡൻസ് എടുക്കേണ്ട കാര്യമാണു്. എവിഡൻസ് അപ്രീഷ്യേറ്റു് ചെയ്യുന്ന ആളുകളായിരിക്കണം ട്രൈബ്യൂണലിൽ വരേണ്ടതു്, അതിനു കഴിവില്ലാത്ത ആളുകൾ വന്നാൽ നീതിന്യായം ശരിക്കു് നിർവഹിക്കുകയില്ല. അതുകൊണ്ടു് ജുഡീഷ്യൽ ആഫീസറെ ട്രൈബ്യൂണലായി വയ്ക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

Shri M. Gopal nkutty Nair: Sir, I want to speak on my amendment.

Mr. Speaker: Yes, but now Shri E. P. Poulose will speak.

Shri E. P. Poulose: Sir, it is conceded that the Tribunal is to perform judicial functions in a way. And it has been pointed out from the other side that we have decided to confer judicial functions upon elected bodies as in the case of the Village Panchayat Courts. Even assuming for the sake of argument that there will be nothing wrong in conferring judicial functions upon a body that has been elected, in the case of a body like the Land Tribunal with which we are at present concerned, it will be going too far to accept the elective principle in the constitution of this body. Obviously the intention of appointing an advocate

LIBRARY ARCHIVES Kerala Legislative Assembly

as President of this Tribunal is to determine questions involving interpretation of law. Now, in Mr. Rajagopalan Nair's amendment, in sub-clause (4), it is stated :

> "Where any matter is heard by a bench consisting of the presiding officer and one of the other members, and the presiding officer and the other member are divided in their opinion on any point, they shall state the point upon which they differ and the matter shall then be heard upon that point only by the third member and such point shall be decided according to the opinion of this third member."

Sir, it is clear that even in an instance in which the difference of opinion arises from a difference in the interpretation to be placed on a particular section of this Act, the matter will have to be referred, when the Presiding Officer and the Member who sits with him differ on a particular point, to the third Member, so that the opinion of the Presiding Advocate Member will, to that extent, be negatived by a person who will not have any knowledge of law or who will not be in any way competent to interpret a particular section of this Act. So, the object of appointing an Advocate President for the Tribunal will be practically negatived or frustrated by the subsequent sub sections sought to be adopted. Sir, this is one instance in which the very object of the constitution of the Land Tribunal will be frustrated.

I will not again reiterate arguments already advanced on the ground that this body will be susceptible to political influences. In passing I will refer to one particular aspect of this matter. This Bill, at several stages, has evidenced the political pressure exerted on the Government in regard to its several clauses. Originally, the provision regarding small holders was uniform as affecting the whole State. After sometime we had to make different concessions for different areas of the State—one particular provision for the Malabar and Cochin area and another provision for the Travancore area. This change smells of political influence; although I can not adduce positive proof in regard to this matter, Sir. The circumstance in which these changes have been made induce me to believe that there has been some political pressure and Government had per force to yield to this pressure.

Another instance, I wish to point out, of the metamorphosis that certain provisions went through during discussions in select committee is the acceptance of certain special rules of evidence in regard to tenancies. Yesterday, we had occasion to consider one such provision. The provision accepted by Government confers certain special rights in regard to adducing evidence for the Malabar area while the same facilities are refused to similar transactions in the Travancore area. Here also, I think, the authors of the Bill have been peculiarly susceptible to politic

LIBRARY ARCHIVES Kerala Legislative Assembly

[Shri E. P. Poulose]

influences. If that be the case, if we cannot eschew politics even in the general principles to be embodied in the form of this Bill, how much more will a similar body, who is to exercise its powers in a limited area, be susceptible to such political influences, is a thing that could very easily be informed. Sir, in the next Panchayat elections—if we are to accept this provision,—the elections will be fought on one question, i. e., as to what type of people should be elected to these land Tribunals. Regarding this, I do not find any room for doubt. Even granting that the Advocate President will be able to bring an impartial mind on the questions that the Land Tribunal will have to decide, the other two members will certainly, if they belong to two political parties, differ in matters submitted for their decisions, so that ultimately the decisions will not be impartial. Even as it is, we take it for granted that a class dis inction is possible in the constitution of Panchayats; if the class that is represented in the Panchayat is the landlord class, I am sure the decision of the Panchayat will go in favour of the landlord and if, on the other hand, the tenant class or the class represented by landless poor have been elected to a particular Panchayat, definitely the decisions there will be biased in favour of that class. There is no purpo e in denying these facts very well known to all of us on this side and also on the other side. So, we have to consider the necessity of eschewing politics altogether from the functioning and constitution of this Land Tribunal. The appointment of a Revenue Divisional Officer or a Munsiff or any other Officer of an equal status—a one-man body—will certainly be more desirable from the point of view of impartial decisions being arrived at by that body. So, I oppose this suggestion with all the emphasis that I can command. Even now, the complaint is that the Munsiffs' Courts have very little work to do; formerly the complaint was that very many cases were pending in these courts and there was delay in the disposal of cases and that our courts were over worked. But, that is on the complaint at present. The complaint now is that most of the courts have not sufficient w rk to engage them. In such circumstances we may either think of investing the Munsiffs with jurisdiction to perform the functions of the Land Tribunal or we may even think of investing this power on the Revenue Divisional Officers, who also have at present very little work to do, that is my view after taking into consideration the functions of the R. D. Os. We may therefore think of appointing those Officers or the Munsiffs as Land Tribunals. If, however, it is the view that there is sufficient work for the courts, then we may constitute more courts at least for a limited period end entrust this work to time; otherwise, it may be yet another game of politics in the Panchayat areas in administering the land laws that we are enacting here. So, it is essential that we should retain the provision that has been recommended by the Select Committee. It will be unnecessarily introducing unhealthy politics in the administration of these

LIBRARY ARCHIVES Kerala Legislative Assembly

laws if we are to constitute Tribunals of the nature recommended by Shri Rajagopalan Nayar. I oppose this amendment and request the House to retain clause 12 as it has now been framed.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, 12-ാം വകുപ്പ് ലാൻഡ് ട്രിബ്യൂണലിൻെറ ഘടനയെ സംബന്ധിച്ചുള്ളതാണ്. അതിനെ സംബന്ധിച്ച് ഈ ഭാഗത്തുനിന്നും പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ പറയുകയുണ്ടായി, പുതിയ സംഗതികൾ പറയണമെന്ന്. ചിലപ്പോൾ പഴയ കോട്ടിനു പുതിയ ബട്ടൺ ചേർക്കേണ്ടിവരും. പറയുന്നതെല്ലാം പുതിയതായിരിക്കണമെന്നും ഇല്ല. മുമ്പ് പറഞ്ഞ സംഗതികളും മററു വിധത്തിൽ പറയേണ്ടതായി വരും.

[Dy. Speaker in the Chair.]

ഈ 12-ാം വകുപ്പ് ഈ ബില്ലിൽ പല സ്ഥലങ്ങളിലും നടന്നു തെളിവ് എടുത്തതിനുശേഷം സിലക്ട് കമ്മിററി വളരെ ദീർഘമായി പഠനം നടത്തിയതിനുശേഷം ആണ് ഇപ്പോൾ കിടക്കുന്നവിധത്തിൽ എഴുതിയിരിക്കുന്നത്. എന്നാൽ ശ്രീ. പി. ആർ. മാധവൻപിള്ള അതിനെതിരായിട്ട് ഒരു ഡിസെൻറിംഗ് നോട്ട് എഴുതിയിട്ടുണ്ട്. ഇന്ന് ഇവിടെ കാണുന്ന വിധത്തിൽ ഈ വകുപ്പ് അതേപടി പാസാക്കണമെന്നാണ് ഈ ഭാഗത്തുള്ളവർ എല്ലാവരും പറയുന്നത്. എന്നാൽ ഗവണ്മെൻറു ഭാഗത്തുള്ളവർ ട്രിബ്യൂണലിൽ കൂടുതൽ ആളുകളെ വയ്ക്കണമെന്നു അഭിപ്രായപ്പെടുന്നു. സെലക്ട് കമ്മിററി പാസാക്കി വന്നിട്ടുള്ള ആ വകുപ്പു മതി എന്നു പറയുമ്പോൾ എന്തിന് ആ ഭാഗത്തുള്ളവർ ഇത്രയധികം ശാഠ്യം പിടിക്കുന്നു എന്നാണ് ഞാൻ ചോദിക്കുന്നത്. ഒരാഫീസർ ഇരുന്നുകൊണ്ട് കാര്യം നടത്തിയാൽ മതിയെന്നാണ് ഞങ്ങൾ പറയുന്നത്. എന്നാൽ മൂന്നുകൊല്ലത്തിൽ കുറയാതെ പ്രാക്ടീസുള്ള ഒരു വക്കീലിനെ ചെയർമാനായി വച്ചിട്ട് പഞ്ചായത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ടുപേരെ കൂടി ചേർത്ത് ട്രിബ്യൂണൽ വയ്ക്കണമെന്നാണ് ആ ഭാഗത്തുള്ളവർ പറയുന്നത്. ജുഡീഷ്യൽ ആഫീസർക്ക് വിട്ടുകൊടുക്കണമെന്നു മി. വിശ്വനാഥൻ പറഞ്ഞിട്ടുള്ളതിൽ ഒരു വലിയ സംഗതിയുണ്ട്. ഒരു പഞ്ചായത്തിനു ഒരു ട്രിബ്യൂണൽ വേണമെന്നുവരെ ഈയിടെ വാദം വന്നിട്ടുണ്ട്. അല്ലെങ്കിൽ ഒന്നിലധികം പഞ്ചായത്തുകൾക്കു ഒരു ട്രൈബ്യൂണൽ വേണമെന്നുവരെ പറഞ്ഞിട്ടുണ്ട്. ഇങ്ങനെ വരികയാണെങ്കിൽ ഏതാണ്ട് 800 ഓളം ലാൻറു ട്രൈബ്യൂണലുകൾ വേണ്ടിവരുമെന്നു മി. വിശ്വനാഥൻ കണക്കുകൂട്ടി ഇവിടെ പറയുകയുണ്ടായി. അതിൽ രണ്ടുപേരുവീതം കൂട്ടുകയാണെങ്കിൽ 1600 പേർ മെമ്പർമാരായിട്ടുവേണ്ടിവരും. ഇവിടെയാണെങ്കിൽ വേണ്ടുവോളം ജോലിയില്ലാത്ത മുൻസിഫ്മാർ ഉണ്ട്. ജോലിയില്ലാത്ത മുൻസിഫന്മാരെ കുറയ്ക്കണമെന്ന അഭിപ്രായക്കാരനാണ ഞാൻ. ഒരാണ്ടിൽ 1000 കേസില്ലാത്ത ഒരു മുൻസിഫ് കോടതി വച്ചുകൊണ്ടിരിക്കുവാൻ പാടില്ലാ എന്നാണ് എൻെറ അഭിപ്രായം. 300 കേസുവച്ചുകൊണ്ട് 365 ദിവസവും തള്ളിവിടുന്ന മുൻസിഫ് കോടതികൾ നമ്മുടെ രാജ്യത്തുണ്ട്. ജോലിയില്ലാത്ത മുൻസിഫന്മാരെ ലാൻറു ട്രൈബ്യൂണലായി നിശ്ചയിക്കുകയാണെങ്കിൽ അവരെ പിരിച്ചുവിടുവാനുള്ള ഒരു സാഹചര്യം ഗവണ്മെൻറിനുണ്ടായിരിക്കുകയില്ല. ലാൻറു ട്രൈബ്യൂണലിൻെറ ജോലി മുൻസിഫന്മാർക്കു കൊടുക്കുകയാണെങ്കിൽ മുൻസിഫന്മാർക്കെല്ലാം ജോലി ഉണ്ടാകുകയും സാമ്പത്തികമായി നമുക്കു വലിയൊരു ആദായം കിട്ടുകയും ചെയ്യും. നാം ഇവിടെ പാസാക്കുന്ന നിയമത്തിൻെറ പിന്നിലുള്ള സാമ്പത്തികനിലയെക്കുറിച്ചുകൂടി ചിന്തിക്കേണ്ടതാണ്. ഈ 12-ാം വകുപ്പു മാത്രം പാസായാൽ എത്ര ലക്ഷം രൂപാ നമ്മുടെ ഖജനാവിൽനിന്നു കൊടുക്കേണ്ടിവരുമെന്നുള്ളതിനെക്കുറിച്ചു നാം ആലോചിക്കേണ്ടതാണ്. ജനകീയഭരണകാലത്ത് ജനങ്ങൾക്കു കൂടി ഭരണത്തിൽ പങ്കുകൊടുക്കുന്നതിൽ വിരോധമില്ല. പക്ഷെ, ഈ 12-ാം വകുപ്പിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ജനങ്ങൾക്കു ഇങ്ങനെ ഒരു അധികാരം കൊടുക്കേണ്ട ആവശ്യമില്ല. ഇതിൻെറ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

പിന്നിലുള്ള സാമ്പത്തികമായ ചിലവിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും, നമ്മളും എല്ലാം ആലോചിക്കേണ്ടതാണ്. ഇൻഡ്യയിൽ ഏററവും കൂടുതൽ ശമ്പളംകൊടുക്കുന്നതു്, കേരളസംസ്ഥാനത്താണ്. ഇവിടത്തെ വരവിൽ 40 ശതമാനത്തോളം ശമ്പളത്തിനുവേണ്ടിയാണ് ചെലവാക്കുന്നതു്. ഈ ഭേദഗതിപ്രകാരം ലാൻഡ് ട്രൈബ്യൂണൽ വരുകയാണെങ്കിൽ 800 ഓളം പേരുണ്ടാകും. അവരെ സഹായിക്കുന്നതിനു 2 കപ്പിയാർമാരെക്കൂടിവച്ചാൽ എത്ര ലക്ഷം രൂപാ അവർക്കുവേണ്ടി നമ്മുടെ പൊതുഖജനാവിൽനിന്നു ചെലവു ചെയ്യേണ്ടിവരുമെന്നുള്ളതു നാം ആലോചിക്കേണ്ടതാണ്. നമുക്കു കാര്യങ്ങൾ നീതിയായിട്ടു നടന്നാൽപോരേ? പഞ്ചായത്തുകളിൽനിന്നു മെമ്പർമാരെ തിരഞ്ഞെടുക്കണമെന്നു വരികയാണെങ്കിൽ രണ്ടു മൂന്നു പഞ്ചായത്തുകളെ വിളിച്ചു ഇലക്ഷൻ വാശിയായിട്ടു നടത്തണം. അങ്ങനെ വാശിയായിട്ടു ഇലക്ഷൻ നടത്തി രണ്ടു മെമ്പർമാരെവീതം എടുക്കണമെന്നാണ് പറയുന്നതു്. ഇങ്ങനെ ഒരു തിരഞ്ഞെടുപ്പുവരികയാണെങ്കിൽ തീർച്ചയായും പാർട്ടി പരിഗണന ആ തെരഞ്ഞെടുപ്പിൽ ഉണ്ടാകുമെന്നുപറഞ്ഞു. പാർട്ടിയൊക്കെപ്പോയി, സാമുദായികസംഘടനകളാണ് ഇന്നു മുമ്പിൽ നിൽക്കുന്നതു്. ഇടവപ്പാതികഴിഞ്ഞതോടുകൂടി സാമുദായിക സംഘടനകളാണ് മുന്നോട്ടുവരുന്നതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇടവപ്പാതി കഴിയുമ്പോഴും അതു പിന്നാക്കംപോകും.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കമ്മ്യൂണിസ്ററുകാർ ഈ രാജ്യത്തുണ്ടാക്കിയ കുഴപ്പംകൊണ്ടാണ് ഇങ്ങനെയൊക്കെ ഉണ്ടാകുന്നതു്. ഇടവപ്പാതിക്കു മുൻപു മുന്നാക്കം വന്നതായതുകൊണ്ടു് ഇടവപ്പാതി കഴിഞ്ഞാലും അതു പോകുകയില്ല.

ശ്രീ. എം. സി. എബ്രഹാം: അവർ പോയാൽ ഈ കുഴപ്പം മാറുമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കമ്മ്യൂണിസ്ററുകാർ പോയാൽ കുറെ കുഴപ്പംമാറും. ഇവർ ചെയ്യുന്നകാര്യങ്ങൾ സമുദായങ്ങൾക്കു് കണ്ണുകോടാലിയായിട്ടു മാറുന്നുണ്ടു്. അതെന്താണെന്നുള്ളതിനെപ്പററിയൊന്നും ഞാനിപ്പോൾ പറയുന്നില്ല.

ശ്രീ. പി. ടി. ചാക്കോ: സാമുദായിക വഴക്കുകൾ ഉണ്ടായാൽ കമ്മ്യൂണിസ്ററുപാർട്ടിക്കു അതിൽനിന്നു മുതലെടുക്കാം എന്നു വിചാരമില്ലേ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കമ്മ്യൂണിസ്ററുകാരുടെ പാളിസി അതാണ്.

ശ്രീ. കെ. ഭാർഗ്ഗവൻ: കളത്തിൽവേലായുധൻ നായർ. കെ. എം. ചാണ്ടി മുതലായ കാൺഗ്രസ്സ് നേതാക്കന്മാർ കോട്ടയത്തുവച്ചു് കൂടിയ വർഗീയ നേതാക്കന്മാരുടെ സമ്മേളനത്തിൽ സംബന്ധിച്ചതു അതുകൊണ്ടാണോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഏതു പാർട്ടി യോഗം കൂടിയാലും അതിൽ ആളുകൾ വേണം, ഏതു സംഘടനകൾ വിളിച്ചാലും ആളുകൾ അതിൽ സംബന്ധിക്കും, അവർക്കു പറയുവാനുള്ള അഭിപ്രായങ്ങൾ പറഞ്ഞു അവർ പോരികയും ചെയ്യും. ഞാനും ആ യോഗത്തിൽ പോയിരുന്നു.

ശ്രീ. കെ. ഭാർഗ്ഗവൻ: അങ്ങു് ഏതുപാർട്ടിയുടെ നേതാവായിട്ടാണ് പോയതു്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ എന്റെ നേതാവാണ്. ഇതുകൊണ്ടു് നമുക്കു വലിയദോഷംചെയ്യും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: നമുക്കെന്നുപറഞ്ഞാൽ ഏതു ജാതിക്കാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കേരളത്തിലെ ജനതയും, കേരളജനതയിൽനിന്നു പിരിച്ചു സൂക്ഷിച്ചിട്ടുള്ള പണത്തിൽ നിന്നു അനേകം ലക്ഷം രൂപാ ഈ ലാൻറ ട്രൈബ്യൂണലിനുവേണ്ടിമാത്രം ചെലവു ചെയ്യേണ്ടിവരും. മൂന്നു നാലു കൊല്ലത്തേയ്ക്കു നമ്മുടെ ചെലവു ചുരുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായണം. അതിനുള്ള മാർഗ്ഗങ്ങൾ നാം എല്ലാവരും കൂടി ആലോചിക്കണം. ഇപ്പോൾ ചിലവുചെയ്തുകൊണ്ടിരിക്കുന്നതിൽ ഏതെല്ലാം കുറയ്ക്കുവാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ചു നാം ആലോചിക്കണം. ഒരു ചെലവുചുരുക്കൽ കമ്മിററിയെ വയ്ക്കുവാൻ പോകുന്നുവെന്നു നമ്മുടെ ചീഫ്മിനിസ്റ്റർ പറയുകയുണ്ടായി. നമ്മുടെ ചിലവു് വർദ്ധിപ്പിച്ചുകൊണ്ടുപോകുന്നതരത്തിലുള്ള ഒരു നിയമനിർമ്മാണം നാം ചെയ്യരുതു്. ലാൻറ ട്രൈബ്യൂണലിൻെറ ജോലി മുൻസിഫിനു കൊടുക്കുകയാണെങ്കിൽ ഈ ചെലവു് നമുക്കു കുറയ്ക്കുവാൻ സാധിക്കും. 800 ലാൻറ ട്രൈബ്യൂണൽസിനെ ഈ നാട്ടിൽവച്ചാൽ അവരെ മുട്ടിയിട്ടു നടക്കുവാൻ നമുക്കു സാധിക്കുകയില്ല

ശ്രീ. ടി. എ. തൊമ്മൻ: അതുകൊണ്ടു് കുറെ തൊഴിലില്ലായ്മ പരിഹരിക്കുകയില്ലേ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: തൊഴിലില്ലായ്മ പരിഹരിക്കണമെങ്കിൽ ഇവിടെ വ്യവസായം ഉണ്ടാകണം. വ്യവസായം ഉണ്ടാകണമെങ്കിൽ വ്യവസായസമാധാനമുണ്ടാക്കണം. ഇവിടെ വ്യവസായസമാധാനം സ്ഥാപിച്ചു നാട്ടിൽ വ്യവസായം വർദ്ധിപ്പിച്ചു ആളുകൾക്കു് തൊഴിൽ കൊടുക്കണം. അല്ലാതെ ഖജനാവിലെ പണമെടുത്തുകൊടുത്തു തൊഴിലില്ലായ്മ പരിഹരിക്കുവാൻ നോക്കുന്നതു ശരിയല്ല.

ഡപ്യൂട്ടിസ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ നീട്ടിസംസാരിച്ചുപോയാൽ ഇതു ഇന്നു തീർക്കുവാൻ സാധിക്കാതെവരും.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: തീരാതിരുന്നാൽ നമുക്കെന്താണു്?

ഡപ്യൂട്ടിസ്പീക്കർ: ഇങ്ങനെ നീട്ടിക്കൊണ്ടുപോയാൽ ഖജനാവിലെ പണം മാത്രം ചിലവാകുന്നതാണു്. കാര്യം നടക്കുകയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഖജനാവിലെപണം സംസാരിച്ചുകളയാതെ നോക്കണമെങ്കിൽ ഇങ്ങനെയുള്ള അമെൻറമെൻറുകൊണ്ടുവരരുതു്. ഈ അമെൻറമെൻറുകൊണ്ടുവന്നതിൻെറ ഫലമായിട്ടാണു് ഇങ്ങനെയൊക്കെ പറയേണ്ടിവന്നതു്. ഈ ഭാഗത്തുള്ള എല്ലാ ആളുകളും ഈ അമെൻറമെൻറിനെ എതിർക്കുന്നതുകൊണ്ടും, ഓരോ പഞ്ചായത്തിലും തിരഞ്ഞെടുപ്പു നടത്തി ട്രൈബ്യൂണൽ വയ്ക്കുന്നതായാൽ നമ്മുടെ പൊതുഭണ്ഡാരത്തിൽനിന്നു കൂടുതൽപണം ചെലവുചെയ്യേണ്ടിയിരിക്കുന്നതുകൊണ്ടും അങ്ങനെ പണം ചെലവുചെയ്താൽ ഭണ്ഡാരം ശോഷിച്ചുപോകുമെന്നുള്ളതുകൊണ്ടും ഈ ബില്ലിൽ ഉള്ളതുപോലെതന്നെ പോയാൽ മതിയെന്നാണു എൻെറ അഭിപ്രായം. ഈ നിയമം പാസാക്കുന്നതിനു് നിങ്ങൾ മക്കടമുഷ്ടി പിടിക്കരുതു്. രണ്ടു കയ്യുടെ ശക്തികൊണ്ടു് എന്തും ചെയ്യാമെന്നുവിചാരിച്ചു ഈ നിയമം പാസാക്കരുതു്. അതുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണു്.

[12 Noon] ശ്രീ. കെ. ഹസ്സൻഗനി: സർ, ഈ 12-ാം വകുപ്പു് സെലക്ററ് കമ്മിററി വളരെയധികം പരിചിന്തനത്തിനുശേഷം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണു്. 12-ാം വകുപ്പിനു് ഇന്നു ബില്ലിലുള്ള വകുപ്പിനെതിരായി മറെറാരു അമെൻറമെൻറ് ശ്രീമാൻ ഈ. ചന്ദ്രശേഖരൻനായർ കൊണ്ടുവന്നിട്ടുണ്ടു്. ഈ അമെൻറമെൻറ് ഹാജരാക്കിയപ്പോൾ പഞ്ചായത്തു കോടതികളുടേയും, വില്ലേജു കോടതികളുടേയും കാര്യങ്ങൾ പറയുന്നതായി ഇവിടെ കേൾക്കാൻ ഇടയായി. പഞ്ചായത്തുകളുടേയും, വില്ലേജു കോടതികളുടേയും അധികാരങ്ങൾ എന്തെല്ലാമാണെന്നു് നല്ലതുപോലെ മനസിലാക്കി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഹസ്സൻ ഗനി]

യിരുന്നെങ്കിൽ അതു പറയുകയില്ലായിരുന്നു. സാധാരണ 100 രൂപയും, അതിനു താഴെയുമുള്ള പണമിടപാടുകളെ സംബന്ധിക്കുന്ന കേസ്സുകളും ന്യൂയിസൻസ് മുതലായ കേസ്സുകളുമാണ് ടി വില്ലേജ് കോടതികൈകാര്യം ചെയ്യുന്നത്. ഈ വില്ലേജ് കോടതികൾക്ക് ഭൂമിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ തീർച്ചപ്പെടുത്തുന്നതിന് യാതൊരു വിധത്തിലുള്ള അധികാരങ്ങളും ഇല്ല. അതേഅവസരത്തിൽ 12-ാം വകുപ്പു കൊണ്ട് ഉദ്ദേശിക്കുന്നതു്, ഭൂമിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ തീർച്ചപ്പെടുത്തുകയാണ്. അതിനു ഒരു മൂന്നു കൊല്ലം മാത്രം പ്രാക്ടീസുള്ള ഒരു അഡ്വക്കേററ് ചെയർമാനായി രണ്ടു ജനപ്രതിനിധികളടങ്ങിയ ഒരു ട്രൈബ്യൂണൽ വേണമെന്നു പറയുന്നതു് അത്ര ശരിയാണെന്നു് എനിക്കു് വിശ്വാസമില്ല. എപ്പോഴും നിയമം ശരിയായി നടത്തേണ്ടരീതിയിൽ നടത്തുന്നതിനു് ഒരു ജുഡീഷ്യൽ മൈൻറുള്ള ഒരു ആഫീസർ തന്നെയായിരിക്കണം ഈ കാര്യം തീർച്ചപ്പെടുത്തേണ്ടതു്. ഇവിടെ ഒരു റവന്യൂ ഡിവിഷനൽ ആഫീസറോ, അല്ലെങ്കിൽ ഒരു മുനിസിഫോ ആയിട്ടുള്ള ഒരാൾ ആയിരിക്കണമെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. റവന്യൂ ഡിവിഷനൽ ആഫീസറായിരിക്കണമെന്നുള്ളതിൽ തന്നെ എനിക്കു് സംശയമുണ്ട്. എപ്പോഴും ജുഡീഷ്യലായി ചിന്തിക്കുന്നതിനും, കൈകാര്യം ചെയ്യുന്നതിനുമുള്ള ഒരു ജുഡീഷ്യൽ ആഫീസർതന്നെയായിരിക്കണം എന്നു് അഭിപ്രായമാണു് എനിക്കുള്ളതു്.

ഇവിടെ മറെറാരു സംഗതി സൂചിപ്പിക്കുകയുണ്ടായി. ഇതിനു ധാരാളം ആളുകളെ നിയമിക്കേണ്ട ആവശ്യമില്ല. മുനിസിഫന്മാരെതന്നെ ഈ കാര്യം ഏർപ്പെടുത്തിയാൽ മതി എന്നും മററും പറയുകയുണ്ടായി. അതിനിപ്പോഴുള്ള മുനിസിഫന്മാർക്കു് എല്ലാവർക്കും തന്നെ ജോലിവളരെ കുറവാണെന്നു പറയുന്നതു് ശരിയല്ല. അതിനു് കൂടുതൽ മുനിസിഫന്മാരെ വയ്ക്കേണ്ടതായും വരും. വച്ചാലും തരക്കേടില്ല. ഭൂമിയെപ്പററിയുള്ള അതിപ്രാധാന്യമുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിനു് ഒരു ജുഡീഷ്യൽ ആഫീസർതന്നെയായിരിക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുകയാണ്. അതുകൊണ്ടു് ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ള 12-ാം വകുപ്പുതന്നെ അതിൽ റീട്ടെയിൻ ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. ഗോപാലൻകുട്ടി നായർ: സർ, ഈ ബില്ലിലെ വ്യവസ്ഥപ്രകാരം ഒരു ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥനായിരിക്കണം ട്രൈബ്യൂണലായി പ്രവർത്തിക്കുന്നതു് എന്നതിനോടു ഞാൻ തികച്ചും യോജിക്കയാണ്. അതേയവസരത്തിൽ കൂടുതൽ ധനം ചെലവു ചെയ്തു കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാനുള്ള ഒരു പരിതഃസ്ഥിതി വരുത്തിവയ്ക്കുന്നതു് ഇന്നത്തെ സാമ്പത്തികസ്ഥിതിക്കു് നല്ലതാണോ എന്നു് ഞാൻ സംശയിക്കുന്നുമുണ്ട്. മലബാർ ടെനൻസി ആക്ടിലെ വ്യവസ്ഥപ്രകാരം മര്യാദപ്പാട്ടം നിശ്ചയിക്കുക, മുതലായ കാര്യങ്ങൾ ചെയ്യുന്നതു് തഹസിൽദാരുടെ ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരായിരുന്നു എന്നുള്ള സംഗതിയെ പരിഗണിച്ചുകൊണ്ടാണു് ഞാൻ ഇങ്ങനെ ഒരു അമെൻഡുമെൻറ് അവതരിപ്പിച്ചിട്ടുള്ളതു്. എൻെറ അമെൻഡുമെൻറിതാണ്.

Delete clause 12 and add the following:—

"For the purpose of performing the functions of a Land Tribunal under this Act, the Government shall by notification in the Gazette invest the Tahsildar of each Taluk with such powers".

സർ, ലാൻഡ് ട്രിബ്യൂണൽ എന്നുള്ള നിലയിൽ പ്രവർത്തിക്കുവാൻ അതാതു് താലൂക്കു് തഹസീൽദാർമാരെത്തന്നെ അധികാരപ്പെടുത്തണമെന്നുള്ളതാണു് എൻെറ അമെൻഡുമെൻറുകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഈ നിയമത്തിലെ വ്യവസ്ഥാപ്രകാരം ഈ ലാൻഡ് ട്രിബ്യൂണലിൻെറ തീരുമാനത്തിന്മേൽ അപ്പീൽ കൊടുക്കാൻ അധികാരമുണ്ട്. ഈ അപ്പീൽ കേട്ടു് തീരുമാനം ചെയ്യാനുള്ള അധികാരം സിവിൽ കോടതിക്കു് കൊടുത്തിരിക്കുകയാണ്. ഈ നിലക്കു്

LIBRARY ARCHIVES Kerala Legislative Assembly

ട്രിബ്യൂണലിന്റെ അധികാരം അതാതു താലൂക്ക തഹസീൽദാരന്മാരെ ഏൽപിക്കുന്നതുകൊണ്ടു യാതൊരു അപകടവും ഉണ്ടാകയില്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളതു്. ലാൻറ് ട്രിബ്യൂണലിന്റെ അധികാരം ഒരു സിവിൽകോടതിക്ക് കൊടുക്കുന്നതുകൊണ്ട് ചില ബുദ്ധിമുട്ടുകൾ ഞാൻ കാണുന്നുണ്ട്. പ്രധാനമായും ഒരു സിവിൽകോടതി കാര്യങ്ങൾ തീരുമാനിക്കുന്നതിന് വളരെയധികം കാലതാമസം വരുത്തുന്നു. ഇതു് നാം ഇപ്പോഴത്തെ അനുഭവത്തിൽനിന്നു അറിഞ്ഞിട്ടുള്ളതുമാണ്. ഇതിനുപുറമെ സാധാരണക്കാരന് വക്കീൽമാരെ Engage ചെയ്യുവാനും മററും അനാവശ്യ പണച്ചെലവും ഉണ്ടായിത്തീരുന്നു. ഈ വക സംഗതികൾ ആലോചിക്കുമ്പോൾ ഈ ട്രിബ്യൂണൽ അധികാരം അതാതു താലൂക്കുകളിലെ തഹസീദാരിൽ തന്നെ നിക്ഷിപ്തമാക്കുന്നതായിരിക്കും നല്ലതെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളതു്.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : ഈ കാര്യം തീരുമാനിക്കുന്നതിനാണ് ജഡ്ജിയെ നിയമിക്കുന്നതു്.

ശ്രീ. എം. ഗോപാലൻകുട്ടിനായർ : ഇപ്പോൾ ഇതേ ഫംഗ്ഷൻ തന്നെ മലബാർ ടെനൻസി ആക്ടുപ്രകാരം നടത്തുന്നതിന് തഹസീൽദാരന്മാരെ ഏൽപ്പിച്ചിരുന്നതായും അവർ ഈ ഉത്തരവാദിത്വങ്ങൾ വേണ്ടവണ്ണം നിർവ്വഹിച്ചിരുന്നതായും നമുക്കറിയാം. ആ നിലക്ക് ഇതിന് പ്രത്യേകമായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് പണം ദുർവ്യയം ചെയ്യേണ്ടതില്ല, എന്നുള്ള ഉറച്ച അഭിപ്രായമാണ് എനിക്കുള്ളതു്.

അഡ്മിനിസ്ട്രേററീവ് റിഫോംസ് കമ്മിററി റിപ്പോർട്ടിൻ പ്രകാരം ഒരു ലക്ഷവും, ഒന്നേകാൽ ലക്ഷവും ജനസംഖ്യയുള്ള സ്ഥലങ്ങൾ താലൂക്കുകളായി ഉയർത്തുവാൻ തീരുമാനിച്ചിരിക്കയാണ്. ഓരോ താലൂക്കിലും വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാനായി എക്സ്ടെൻഷൻ ആഫീസറന്മാരെ നിയമിക്കണമെന്ന് അവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. റവന്യൂ വർക്കുകൾക്ക് ആണെങ്കിൽ പ്രത്യേകമായി ഡെപ്യൂട്ടി തഹസീൽദാരന്മാരെ നിയമിക്കേണ്ടതാണെന്നും പറയുന്നു. ഈ നിലക്ക താലൂക്കുകൾ വിസ്തീർണ്ണത്തിൽ ചെറുതും, ഉദ്യോഗസ്ഥന്മാരുടെ എണ്ണം വർദ്ധിച്ചും വരുവാനാണ് ഇടയുള്ളതു്. അതാതു താലൂക്കിലെ തഹസീൽദാരന്മാരുടെ കീഴിൽ ഇങ്ങനെ എത്രയോ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കാൻ ഇടയുള്ളതുകൊണ്ട്. ലാൻഡ് ട്രിബ്യൂണൽ അധികാരവും കൂടി തഹസീൽദാരന്മാരിൽ നിക്ഷിപ്തമാക്കുന്നതു കൊണ്ട് അവർക്ക നിർവ്വഹിക്കുവാനാകാത്ത പ്രവൃത്തിഭാരം ഉണ്ടായിത്തീരുന്നതല്ലാ എന്നുള്ളതു് തീർച്ചയാണ്. അതുകൊണ്ട് ഈ ആവശ്യത്തിനു് പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ച് പണം ദുർവ്യയം ചെയ്യുവാനിടവരുത്താതെ Land Tribual ആയിപ്രവർത്തിക്കുവാൻ അതാതു താലൂക്ക തഹസീൽദാർമാരെതന്നെ അധികാരപ്പെടുത്തേണ്ടതാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ട ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

Shri M. Umesh Rao : I support the amendment of Shri M. C. Abraham. The work that has to be done by the Land Tribunal is really a very responsible one, that is, to decide the fate of the majority of the population of the State. These are not simple questions but very complicated ones. Even in this House while discussing the various clauses, we find that there is very much scope for interpretation and difference of opinions. It is a very responsible one and I earnestly request the Revenue Minister not to accept the amendments that are tabled by Messrs. Chandrasekharan Nair and Rajagopalan Nair. I am again repeating that request because I find that significantly those amendments are just on the lines of the dissenting note of Shri Madhavan Pillai, where he has suggested the constitution

2/678/V.

LIBRARY ARCHIVES Kerala Legislative Assembly

[Shri. M. Umesh Rao]

of Nyaya Panchayat. I would submit Sir, that various difficulties would arise out of this. It is true that it may be difficult for the existing Munsiffs to complete the work. There were so many other suggestions that it is not a simple question which involves the spending of money and all that. Money will have to be spent. If it is speut for a proper purpose to see that justice is done, it is well spent. So, let us not be so very particular about that when really the interests of the masses of the people are concerned and when justice is to be done. However, it will be necessary to see that we care to avert the various other dangers that are inherent in the proposals made from the other side. I may say that the amendment is having the possibilities of very very great consequences. I doubt very much even from the standpoint of practicability whether it is practical. For instance, in Malabar there are hundreds of villages where there are no Panchayats. The people there are not accustomed with Panchayats or such things. There are also various other Panchayats which are not working at all. That is our experience. How far it is proper and safe to entrust all these important questions which affect the well-being of lakhs of people to these members? In view of the fact that these questions are very complicated they have not be dealt with very carefully. For instance, the proposal in this amendment is that the appeal is to be heard by a Subordinate Judge. We can just imagine what material the subordinate Judge will have if the matter that is to be heard by him is something decided by a Nyaya Panchayat of three persons. I would earnestly request Government to do away with politics at least in this matter, we have politics in so many things. Let us avoid politics in this. Of course, we are taking politics to every nook and corner and in this matter particularly let us try to avoid politics to have members selected for the Nyaya Panchayats. Then what will be the state of things? what will be the fight for the election to the Nyaya Panchayats; what will follow next all these are difficult matters. Then, about the appointment of a lawyer of three years' standing. I am fully acquainted with the profession, I am one of 30 years standing. I can say what I feel about a lawyer of three years standing. He is just a baby only trying to learn. That is what I was at one time—not much better now. It may be that they are prepared to change it to ten years, standing. Is the remuneration to be paid or are they to make it up for themselves? Apart from all these things, I would request that we should avoid politics in these things.

ശ്രീ. ഇ. പി. ഗോപാലൻ: ശ്രീമാൻ രാജഗോപാലൻനായരുടെ 12-ാം മത്തെ ക്ലാസ് മാററിയെഴുതണമെന്നുള്ള അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ഈ ബില്ലിലെ വളരെ പ്രധാനപ്പെട്ട ഒരു ക്ലാസാണ് ഈ ക്ലാസ് 12. ഈ ക്ലാസ് 12 എങ്ങനെ നടപ്പാക്കാൻ കഴിയും, അല്ലെങ്കിൽ പ്രായോഗികമായിട്ട് അതെങ്ങനെ വരുമെന്നുള്ളതിനെ ആശ്രയിച്ചാണ് ഈ നിയമനിർമ്മാണത്തിന്റെ വിജയമിരിക്കുന്നത്. എന്താണ് ഇതു സംബന്ധിച്ചുള്ള നില എന്ന

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക നോക്കാം. ബില്ലിലെ ക്ലാസ് 12 സെലക്റ്റ് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ചാണ് വന്നിട്ടുള്ളത്; അതു വളരെ പരിചിന്തനത്തിനുശേഷം വന്നിട്ടുള്ളതാണ്; അതു വളരെ പരിശുദ്ധമാണ്; എന്നൊക്കെ കേട്ടു. അത് ഈ വകുപ്പിനെ മാത്രമാണോ, അതോ മററുള്ള വകുപ്പുകളെ സംബന്ധിച്ചും വാസ്തവമാണോ എന്നു നോക്കുന്നപക്ഷം വരുന്ന ഭേദഗതികളുടെ വെളിച്ചത്തിൽ വസ്തുത മറിച്ചു കാണുന്നു. സിലക്റ്റ് കമ്മിററി മുമ്പാകെ ഈ ക്ലാസ്സ് മാററാനുള്ള നിർദ്ദേശം വന്നു. സിലക്റ്റ് കമ്മിററി ഇപ്പോഴുള്ള വ്യവസ്ഥ സ്വീകരിച്ചു. പിന്നീട് അതു മാററിക്കൂടാ എന്നു പറയുന്നതു ശരിയല്ല. ഇവിടെ ഇപ്പോൾ ഈ ബില്ല് പ്രകാരം ഇന്നയിന്ന രീതിയിലാണ് പാട്ടം കണക്കാക്കുന്നത് എന്നും മററും തീരുമാനിച്ചു. ആ വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിന് അധികാരം കൊടുത്തുകൊണ്ടുള്ള ഒരു സ്ഥാപനമുണ്ടാകണം. അത് വില്ലേജ് അടിസ്ഥാനത്തിലൊ പഞ്ചായത്തടിസ്ഥാനത്തിലോ ഉണ്ടാക്കുന്നതു വളരെ ന്യായമുണ്ടെന്നാണ് എനിക്കു തോന്നുന്നത്. അതിൽ പ്രതിനിധികളായി വരുന്ന ആളുകൾ വില്ലേജ് നിലവാരത്തിലായാൽ വിവരമില്ലാത്തവരെ വരുകയുള്ളൂ എന്നു പറയുന്നതു ശരിയല്ല. പഞ്ചായത്തു മെമ്പറായാൽ അവക്കു നിയമം സംബന്ധിച്ച് വിവരക്കേടു ഉണ്ടാകുമെന്നു പറയുന്നതു ഏതു മാനദണ്ഡം വച്ചാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. നിയമപരിജ്ഞാനം കുറവായാൽ തന്നെയും ഇക്കാര്യത്തിൽ വിവരവും വിവേകവുമുള്ളവരെ തിരഞ്ഞെടുത്തയയ്ക്കാൻ ജനങ്ങൾക്കു കഴിയും.

ഈ ബില്ലിൽ നിലവിലുള്ള ക്ലാസിൽ പറയുന്നതുപോലെ റവന്യൂ ഡിവിഷനൽ ആഫീസറോ, ഒരു മുൻസിഫോ ആയാൽ നിയമപരമായി വൈഷമ്യം ഉണ്ടാകുകയില്ല; അതു ശരിയാണ്. അങ്ങിനെ പറഞ്ഞു പറഞ്ഞു പോയാൽ ഒരു ഹൈക്കോടതി ജഡ്ജിയായാൽ, അതിനും ഉപരിയായി, സുപ്രീംകോടതി ജഡ്ജിയായാൽ ട്രൈബ്യൂണലിന്റെ പരിശുദ്ധി വളരെ കൂടും. സംശയമില്ല. പക്ഷേ, ഇവിടെ പ്രശ്നം എന്താണ്? ഈ നിയമത്തിൽ നാം വ്യവസ്ഥ ചെയ്യുന്ന കാര്യങ്ങൾ ഒരു നിശ്ചിതകാലത്തിനുള്ളിൽ, കണ്ണെത്താവുന്ന കാലത്തിനുള്ളിൽ നടത്തുന്നതിന്, പ്രായോഗികമായിട്ട് നേരിടുന്ന പ്രയാസങ്ങൾ പരിഹരിച്ച് പ്രവർത്തനത്തിൽ വരുത്താനുള്ള സ്ഥാപനമുണ്ടാകണമെന്നതാണ്. അങ്ങനെ ഒരു ട്രൈബ്യൂണൽ വേണമെന്നാഗ്രഹിക്കുമ്പോൾ, അതു പഞ്ചായത്തു അതിർത്തിയിലോളം വരുന്ന താഴ്ന്ന നിലവാരത്തിലായാൽ ഒരു അപകടവും ഇല്ലെന്നും, അതു നടത്തിക്കൊണ്ടു പോകാൻ വിഷമം ഉണ്ടാകുകയില്ലെന്നും പ്രത്യേകം ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇങ്ങനെ നിയമിക്കപ്പെടുന്ന ട്രൈബ്യൂണലിൽ നിയമപരമായി പരിജ്ഞാനമുള്ള ഒരാളുണ്ടാകും. കൂടാതെ, ജനപ്രതിനിധികളായി രണ്ടുപേരും ഉണ്ടായിരിക്കും. അങ്ങനെ ഒരു ബോഡിയായിട്ടാണ് ഇതു കാൺസ്റ്റിററ്യൂട്ടു ചെയ്യുന്നത്. പിന്നെ ഇതിൽ പറയുന്ന ഒരു ദൂഷ്യം, രാഷ്ട്രീയം കലരുമെന്നാണ്. രാഷ്ട്രീയം കലർന്നാൽ, ഇതിൽ പറയുന്ന നിബന്ധനകൾക്കു വിരുദ്ധമായി വല്ലതും കുത്തിച്ചെലുത്താൻ സാധിക്കുമോ? അങ്ങനെ ഒരു ഭയപ്പാടിന്റെയും ആവശ്യമില്ല എന്നാണ് എനിക്കു ഈ സഭയെ അറിയിക്കാനുള്ളത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തിൽ ആകെ എത്ര ലാൻഡ് ട്രിബ്യൂണൽ വേണ്ടിവരും?

ശ്രീ. ഇ. പി. ഗോപാലൻ: 300 ട്രൈബ്യൂണൽ വേണ്ടിവരും.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഒരു ട്രൈബ്യൂണലിന് എത്ര ശമ്പളം കൊടുക്കേണ്ടിവരും?

ശ്രീ. ഇ. പി. ഗോപാലൻ: വിസ്തരിച്ചു ചോദ്യം ഉണ്ടാകാതിരിക്കാൻ വേണ്ടി ഞാൻ പറയുകയാണ് ഇതിനു കുറച്ചു ചെലവുവരും. അതു ബോദ്ധ്യമായിട്ടുതന്നെ ഞാൻ പറയുകയാണ്. ഇതിനുവേണ്ടിവരുന്ന ചെലവ് നാം സഹിക്കണം. ഇത് വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണം അ ന്നെന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

കാര്യം മനസ്സിലാക്കിയിട്ട് അതിനുവേണ്ടിവരുന്ന ചെലവു സഹിക്കാതെ നിവൃത്തിയില്ല. ഒരു ചെലവും കൂടാതെ ഇതു നടപ്പിലാക്കാമെന്നു ധരിച്ചവരായിട്ട്, ഇപ്പോൾ ഇതിനു ചെലവുവരും, അതു് അപകടമാണെന്ന് എന്നു പറയുന്നതു ശരിയല്ല. ഇതിൽ ഏതെല്ലാം വകുപ്പുകൾ ഉണ്ടായിരുന്നാലും, അതിന്റെ എല്ലാം ഫലം പ്രയോഗത്തിൽ വരുത്താൻ ഏററവും സഹായിക്കുന്നതു് 12-ാമത്തെ വകുപ്പാണ്. മററു വകുപ്പുകളുടെ പ്രത്യാഘാതങ്ങൾ എല്ലാം തരണം ചെയ്തു ഇതു പ്രയോഗത്തിൽ വരുത്തുന്നതിനുള്ള ട്രൈബ്യൂണലിനെ നിയമിക്കുന്നതിനെപ്പററിയുള്ള ഈ വകുപ്പ് കാര്യമായി, കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സൌകര്യമുള്ള ഒന്നാകുന്നില്ലെങ്കിൽ ഈ നിയമംകൊണ്ടു യാതൊരു പ്രയോജനവും ഫലത്തിൽവരുന്നതല്ല. ഇതു എങ്ങനെങ്കിലും പ്രയോഗത്തിൽ വരുത്താതിരിക്കാൻ ശ്രമിച്ചാൽ മതി, ഈ നിയമം തന്നെ പാസാക്കുന്നതുകൊണ്ട് നാം ഉദ്ദേശിക്കുന്ന ഫലം കിട്ടാതെവരും. ഈ നിയമം നടപ്പിലാകരുതെന്നു വിചാരമുള്ളവർ, 12-ാമത്തെ ക്ലാസിനെ സംബന്ധിച്ചിടത്തോളം പല കുഴപ്പങ്ങളും ഉന്നയിക്കും. ഇതിൽ രാഷ്ട്രീയം കലരുമെന്നും, ഏതെങ്കിലും പ്രത്യേക രാഷ്ട്രീയകക്ഷിയോടു താൽപര്യമുള്ളവർ ഇതിൽ ഉൾപ്പെട്ടാൽ ചിലർക്കു പാട്ടം കൂട്ടുന്നതിനുള്ള സാദ്ധ്യതയുണ്ടെന്നും മററും പറയുന്നതു കേട്ടാൽ, ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിന് എതിരായിട്ട് ട്രൈബ്യൂണൽ തീരുമാനം എടുത്താൽ മററ് ഏർപ്പാടുകൾ ഒന്നും ഇല്ലെന്നു തോന്നും. എനിക്കു ഈ സഭയെ അറിയിക്കാനുള്ളതു്, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം, ഇതിന്റെ പ്രയോഗത്തിനായി ഇങ്ങനെയൊരു ട്രൈബ്യൂണലിനെ ചുമതലപ്പെടുത്തുന്നതിലാണ് ഇതിന്റെ വിജയം സ്ഥിതി ചെയ്യുന്നതെന്നാണ്. ഈ വകുപ്പിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തു ഇലക്ഷനിൽ ആവശ്യമില്ലാത്ത വാശിയുണ്ടാകും, അങ്ങനെ നാട്ടിൽ കുഴപ്പങ്ങൾ ഉണ്ടാകുമെന്നും മററും പറയുന്നതിൽ വലിയ ആശങ്കയ്ക്കവകാശമില്ല. തിരഞ്ഞെടുപ്പുകളെ സംബന്ധിച്ചിടത്തോളം ഇത്തരം വാശിയും, ആവേശവും ജനാധിപത്യ സമ്പ്രദായത്തിൽ വരാതെ നിവൃത്തിയില്ല. അതൊരു ദൂഷ്യമായി കണക്കാക്കരുതു്. ഈ കാര്യം പറയുമ്പോൾ മാത്രം പഞ്ചായത്തുകൾ അപകടമാണ്, അവരെ ഈ ചുമതല ഏല്പിക്കരുതു് എന്നു പറയുക; മററു പലതിലും, എല്ലാം പഞ്ചായത്തുകൾ മുഖേന വേണമെന്നു പറയുക; ഇതു രണ്ടും പൊരുത്തമില്ലാത്ത വാദഗതികളാണ്. പഞ്ചായത്തുകളെ ഈ കാര്യം ഭരമേല്പിച്ചാൽ ഒരു അപകടവും വരുകയില്ലെന്നും, ഈ തത്വം ഇന്ത്യാഗവണ്മെന്റ് നിയമിച്ച ഭൂനയ പാനൽ അംഗീകരിച്ചിട്ടുള്ളതാണെന്നും വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള ബാഡി ജനപ്രതിനിധികൾ കൂടിയുള്ളതാവണമെന്ന തത്വം നമുക്കൊന്നു പ്രയോഗത്തിൽ വരുത്താൻ ശ്രമിച്ചുനോക്കുക. ഇതൊരു വഴിത്തിരിവാണ് എന്ന് സമ്മതിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒന്ന്. ഈ കാര്യത്തിൽ നാം എല്ലാവരും പരിപൂർണ്ണമായി യോജിക്കേണ്ടതാവശ്യമാണ്. ഈ ബിൽ നടപ്പിലാക്കുന്നതിന് ആത്മാർത്ഥമായ ഉദ്ദേശമുണ്ടെങ്കിൽ, കഴിയുന്നത്രവേഗം ഇതു നടപ്പിലാക്കുന്നതിന് ഇത്തരത്തിലുള്ള ഒരു ബാഡി അത്യാവശ്യമാണെന്നുള്ള അഭിപ്രായം സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ്: സർ, വിവാദപരമായിട്ടുള്ള കാര്യത്തിൽ ഏർപ്പെടുന്ന നീതിന്യായാധിപന്മാരെ തിരഞ്ഞെടുക്കുക എന്നുള്ള തത്വം നാം ഇതുവരെ അംഗീകരിച്ചിട്ടില്ല. ഇതൊരു പരിചിന്തകൂടാതെ ഇങ്ങനെതന്നെ വേണമെന്ന് അംഗീകരിക്കുകയാണെങ്കിൽ സാഹസമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. തിരഞ്ഞെടുക്കപ്പെടുന്ന ഇന്നത്തെ നീതിന്യായക്കോടതിക്ക് അധികാരം വളരെ പരിമിതമാണെന്നു പറയേണ്ട ആവശ്യമില്ല. കാലതാമസം വരുമെന്നാണ് ഇവിടെ പറഞ്ഞുകേട്ട ഒരു വാദം. എന്റെ അഭിപ്രായത്തിൽ, ഇപ്പോഴത്തെ ഭേദഗതികൊണ്ടാണ് കാലതാമസം വരിക. ഒന്നാമതു്, ശ്രീ. ഉമേശറാവു ചൂണ്ടിക്കാണിച്ചതുപോലെ, ശ്രീ. രാജഗോപാലൻ നായരുടെ ഭേദഗതി സ്വീകരിച്ചാൽ പ്രത്യേകം ബുദ്ധിമുട്ടുകൾ ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

പല ദിക്കിലും ഇപ്പോൾ പഞ്ചായത്തുകൾ ഇല്ല. ഉടനെ അവിടെയെല്ലാം തിരഞ്ഞെടുപ്പുകൾ നടത്തണം. രണ്ടാമത്തു്, നിയമപരമായിട്ടുള്ള കാര്യങ്ങൾ ശരിയായിട്ടു് ധരിക്കാൻ പ്രയാസമുള്ളവർ ഒരു തീരുമാനം എടുക്കാൻ വളരെ കാലതാമസം ഉണ്ടാകും. അവർ ഒരു തീരുമാനം എടുത്താൽ അതിന്മേൽ സബ്ബ്കോടതിയിലേക്കു അപ്പീൽ പോകാം എന്നു പറയുന്നുണ്ടു്. ഇതിന്റെ ഫലമായി അപ്പീലുകൾ വളരെ വർദ്ധിക്കാനിടയുണ്ടു്. അങ്ങിനെ രണ്ടു കൊല്ലംകൊണ്ടു് തീരുമാനിക്കാനുള്ളതു്, ഇരുപതുകൊല്ലം വരെ നീണ്ടു പോകും. സർ, ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഞാൻ എന്റെ അഭിപ്രായം ഈ സഭ മുൻപാകെ വ്യക്തമാക്കുകയാണു്. ഇവിടെ പഞ്ചായത്തുകളെപ്പറ്റി പലരും പറഞ്ഞു. ട്രൈബ്യൂണലിൽ അംഗങ്ങളെ തിരഞ്ഞെടുക്കുന്ന രീതിയെപ്പറ്റി പറഞ്ഞിട്ടില്ല. രണ്ടു മൂന്നു പഞ്ചായത്തുകളിലെ അംഗങ്ങളിൽനിന്നും, തിരഞ്ഞെടുക്കുകയാണോ, അംഗങ്ങൾതന്നെ ആരെയെങ്കിലും തിരഞ്ഞെടുക്കുകയാണോ എന്നൊന്നും പറഞ്ഞിട്ടില്ല. ഇതു് സ്ഥിരമായി പ്രവർത്തിക്കാനുള്ളതാണോ, ഈ വക കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ല. സാധാരണ ഗവണ്മെന്റുദ്യോഗസ്ഥന്മാരാണെങ്കിൽ, ഗവണ്മെന്റിനു് അവരുടെമേൽ ചില നിയന്ത്രണങ്ങൾ ഉണ്ടു്. അതുകൊണ്ടു് സ്വാഭാവികമായിട്ടും അവരെ അനീതികളിൽനിന്നും, വിരമിപ്പിക്കാൻ കഴിയും. ഇതിൽ ചെലവിന്റെ കാര്യം അത്ര പ്രധാനമായി എടുക്കേണ്ടതില്ലെന്ന അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. എന്നാൽ, ചെലവു ചെയ്യുന്നതോടൊപ്പം കാര്യക്ഷമതയും എളുപ്പത്തിൽ കാര്യം നടത്താനുള്ള സൗകര്യവും ഉണ്ടാകുന്നുണ്ടോ എന്ന കാര്യം ആലോചിക്കേണ്ടതുണ്ടു്. ഉദ്യോഗസ്ഥന്മാരുടെ കാര്യം രണ്ടാമത്തെ സംഗതിയാണു്. സാധാരണ വീടുകളിൽ ജോലിക്കു നിറുത്താൻ ആളുകളെ അന്വേഷിക്കുമ്പോൾ, ശമ്പളം എന്തു വേണമെന്നു ചോദിച്ചാൽ, അങ്ങാടിയിൽ പോകുന്ന ചുമതല കൂടി ഉണ്ടെങ്കിൽ ശമ്പളം കുറച്ചുമതിയെന്നു പറയുന്ന കൂട്ടർ ഉണ്ടു്. അതല്ല ഇവിടെ പ്രശ്നം. ചെലവു വന്നാലും കാര്യം ശരിയായി നടക്കണം. അതിനുള്ള സാദ്ധ്യതയുണ്ടോ എന്നു നോക്കണം. ഏതാണ്ടു് സ്ഥായിയായ ഒരു സ്ഥാപനമായിരിക്കും ഇതു്. നാം ഇന്നു് കുടിയായ്മ അംഗീകരിക്കുന്നുണ്ടു്. പ്രത്യേക കാലസ്ഥിതിക്കു് അനുസരിച്ചു് എണ്ണം കൂട്ടുകയും കുറയ്ക്കുകയും ചെയ്താൽ മാത്രമേ ട്രൈബ്യൂണലിന്റെ പ്രവർത്തനം ശരിയായി നടക്കുകയുള്ളു. ഇതിൽ പറയുന്നതു പലതും പഞ്ചായത്തുകൾ നടത്തുകയല്ലാതെ എല്ലാം കോടതി മുഖേന സാധിക്കാൻ എളുപ്പമല്ല. ആ നിലയിൽ നോക്കുമ്പോൾ, ഇത്തരത്തിലുള്ള നിബന്ധനകൾ ശരിയായിരിക്കുകയില്ല. അതുകൊണ്ടു് ഇന്നുള്ള രൂപത്തിൽ മതിയെന്നാണു് എന്റെ അഭിപ്രായം.

സർ, ഇതിൽ ഒരു ഭേദഗതി, മുൻസിഫിന്റെ കേഡറിലുള്ള ഒരാൾ ആയാൽ തരക്കേടില്ല എന്നുള്ളതാണു്. അതിൽ വല്ല മാറ്റവും വരുത്തണമെങ്കിൽ മുൻസിഫിന്റെ സ്ഥാനത്തിനു തുല്യമായ നിലയിലുള്ളവർ എന്നു കരുതലോടുകൂടി ചേർക്കാവുന്നതാണു്. ഇതിനെപ്പറ്റി മദിരാശിയിലെ വാദപ്രതിവാദത്തിൽ റെന്റ് കോർട്ടിനെപ്പറ്റി നിയമമന്ത്രി പറഞ്ഞിട്ടുള്ള ഒരു വാചകം ഇവിടെ വായിക്കാം. അതു നമുക്കും സ്വീകാര്യമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം.

"In the midst of the variety of suggestions just offered, may I champion, as I have done before, the cause of the civil courts. On more than one occasion I have expressed the view that the revenue officials are not sufficiently conversant with the law.. ....My experience has been bitter in this line."

ശ്രീ. പി. ടി. ചാക്കോ: സർ, ഈ വകുപ്പിനു് ശ്രീ. എൻ. രാജഗോപാലൻനായരും, ശ്രീ. ഇ. ചന്ദ്രശേഖരൻനായരും കൊണ്ടുവന്നിട്ടുള്ള ഭേദഗതികളെ ഞാൻ എതിർക്കുകയാണു്. അതോടൊപ്പം, ശ്രീ. എം. സി. എബ്രഹാം അവതരിപ്പിച്ച ഭേദഗതി, മുൻസിഫിനേക്കാൾ താഴ്ന്ന നിലയിലല്ലാത്ത ഒരു ഉദ്യോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ഗ്രസ്ഥനെ നിയമിക്കണമെന്നു പറയുന്ന ഭേദഗതി സ്വീകരിക്കേണ്ടതാണെന്നു ശുപാർശ ചെയ്യുകയുമാണ്. സർ, ഭരണകക്ഷിയിലെ അംഗങ്ങൾ കൊണ്ടുവരുന്ന ഭേദഗതികൾ ഇവിടെ പര്യാലോചിക്കാൻ പാടില്ലെന്നാണ് എനിക്കു അങ്ങയെ ആദ്യമായി അറിയിക്കാനുള്ളതു്. അതു് ഔട്ട് ഓഫ് ആർഡറിലാണെന്നാണ് എന്റെ അഭിപ്രായം. ആദ്യമായി ഇതിനെപ്പററി ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപെടുത്തണമെന്നു വിചാരിച്ചിരുന്നു. സാങ്കേതികമായി ഈ ഭേദഗതികൾ ഇവിടെ അവതരിപ്പിക്കാൻ പാടില്ല. അവതരിപ്പിച്ചതു തെററാണ്; ഔട്ട് ഓഫ് ആർഡറിലാണ്. അതിനു കാരണം, ഭരണഘടന 207-ം, 199-ം ആർട്ടിക്കിൾ അനുസരിച്ചു് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പണം ചെലവിടേണ്ട ഒരു നിയമമോ ഭേദഗതിയോ നിയമസഭയുടെ മുൻപാകെ കൊണ്ടുവരണമെങ്കിൽ ഗവർണ്ണരുടെ പ്രത്യേകമായ റക്കമെൻഡേഷൻ ആവശ്യമാണ്. 207-ാമത്തെ ആർട്ടിക്കിൾ ഞാൻ വായിക്കുകയാണ്.

"207 (1) A Bill or amendment making provision for any of the matters specified in clauses (a) to (f) of Art. 199 shall not be introduced or moved except on the recommendation of the Governor..........".

199-ാമത്തെ ആർട്ടിക്കിളിൽ പറയുന്നതു്:

199 (1) For the purposes of this Chapter, a Bill shall be deemed to be a Money Bill, if it contains only provisions dealing with all or any of the following matters, namely:—

(a) the imposition, abolition, remission, alteration or regulation of any tax;

(b) the regulation of the borrowing of money or the giving of any guarantee by the State or the amendment of the law with respect to any financial obligations undertaken or to be undertaken by the State;

(c) the custody of the Consolidated Fund or the Contingency Fund of the State, the payment of moneys into or the withdrawal of moneys from any such Fund;

(d) the appropriation of moneys out of the Consolidated Fund of the State;

(e) the declaring of any expenditure to be expenditure charged on the Consolidated Fund of the State or the increasing of the amount of any such expenditure;

(f) the receipt of money on account of the Consolidated Fund of the State or the public account of the State or the custody or issue of such money;

എന്നാണ്. ആദ്യം നിയമസഭയിൽ അവതരിപ്പിച്ച ബില്ലിൽ 11-ാമത്തെ ക്ലാസ്സിൽ ഇങ്ങനെയായിരുന്നു പറഞ്ഞിരുന്നതു്. "The Government may, by notification in the Gazette, constitute for any area specified therein a Land Tribunal consisting of a sole member who shall be an official not below the rank of a Revenue Divisional Officer or of a Munsiff for the purpose of performing the functions of a Land Tribunal under this Act." അപ്പോൾ, ആദ്യത്തെ ബില്ലിൽ ഇതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി പ്രത്യേകം ചെലവുവേണ്ടാ, ചെലവുണ്ടാകുമെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല എന്നാണു് പറഞ്ഞിരുന്നതു്. ഇന്നു് ലാൻഡു് ട്രൈബ്യൂണലിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കാനാണു് വിചാരിക്കുന്നതു്; അതനുസരിച്ചാണു് ആദ്യത്തെ ബില്ലിലെ ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ

"According to the provisions of the Bill, however, Government will not have to incur any expenditure from the consolidated fund of the State on account of this measure" എന്നുകൂടി എഴുതിച്ചേർക്കാൻ ഇടയായതു്.

(Mr. Speaker in the Chair)

ശ്രീമതി കെ. ആർ. ഗൗരി : ബാക്കികൂടി വായിക്കണം.

ശ്രീ. പി. ടി. ചാക്കോ : അതുകൂടി വായിക്കാം.

"except probably part of the administrative cost for the implementation of this law"

എന്നാലും ട്രൈബ്യൂണലിനെ പുതുതായി നിയമിക്കുന്നതിനു് വ്യവസ്ഥയുണ്ടായിരുന്നില്ലെന്നു കാണാം. അപ്പോൾ 207-ാമത്തെ ആർട്ടിക്കിൾ അനുസരിച്ചു് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പണം ചെലവാക്കേണ്ടിവരുന്ന അവസരത്തിൽ അല്ലെങ്കിൽ 199-ാം ആർട്ടിക്കിളിന്റെ പരിധിയിൽ വരുന്ന ഭേദഗതിയാണെങ്കിൽ അതിനു് പ്രത്യേകമായി ഗവർണ്ണറുടെ റെക്കമെന്റേഷൻ ആവശ്യമാണു്. ആദ്യം ബില്ലിനു് റെക്കമെന്റേഷൻ നൽകിയ അവസരത്തിൽ ഇല്ലാത്ത ചെലവുകൾ ഉണ്ടാക്കുന്ന ഭേദഗതിയാണിതു്. അതിനു് റെക്കമെന്റേഷൻ വേണ്ടെന്നു വന്നാൽ ഭരണഘടനയിലെ വകുപ്പുകളെ തോൽപ്പിക്കാൻ വളരെ എളുപ്പമാണു്. ആദ്യം ഫൈനാൻഷ്യൽ മെമ്മോറാണ്ഡത്തിൽ ചെലവൊന്നുമില്ലെന്നു പറയുക, പിന്നെ ഭരണകക്ഷിയിൽനിന്നും വലിയ ചെലവു വരുന്ന ഭേദഗതി കൊണ്ടുവന്നു പാസ്സാക്കുക, ഇങ്ങനെയായാൽ ഭരണഘടനയിലെ 207-ാം വകുപ്പിനെ തോൽപ്പിക്കാൻ കഴിയും. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ചെലവുവരുന്ന ഭേദഗതിയെപ്പററി ആലോചിക്കുന്നതിനു് 207-ാം ആർട്ടിക്കിളനുസരിച്ചു് ഈ സഭയ്ക്കധികാരമില്ല. അതു് അസംബ്ലിയിൽ അവതരിപ്പിക്കാനേ പാടില്ല. അങ്ങനെ ചെയ്യണമെങ്കിൽ ഗവർണ്ണറുടെ റെക്കമെന്റേഷൻ വേണം. അപ്പോൾ ശ്രീ ചന്ദ്രശേഖരൻ നായരുടെയും രാജഗോപാലൻനായരുടെയും ഭേദഗതികൾ ഈ സഭ പര്യാലോചിക്കണമെങ്കിൽ ആ ഭേദഗതികൾ ഗവർണ്ണർക്ക് അയച്ചു് റെക്കമെന്റേഷൻ വാങ്ങണമെന്നുള്ളതു് 207-ാംവകുപ്പനുസരിച്ചു് ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യമാണു്. ആദ്യത്തെ ബില്ലിൽത്തന്നെ ഇങ്ങനെ വ്യവസ്ഥ ഉണ്ടായിരുന്നെങ്കിൽ അതിനുള്ള ചെലവുകൂടി ഫൈനാൻഷ്യൽ മെമ്മോറാണ്ഡത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു ഗവണ്മെന്റിനു് പറയാമായിരുന്നു. അങ്ങനെ ആദ്യത്തെ ബില്ലിൽ വ്യവസ്ഥയില്ല. അതുകൊണ്ടു ഫൈനാൻഷ്യൽ മെമ്മോറാണ്ഡത്തിൽ അഡ്ജുക്കേററന്മാരെ നിയമിക്കുന്നതിനുള്ള ശമ്പളച്ചെലവോ പഞ്ചായത്തുമെമ്പറന്മാർക്കു കൊടുക്കേണ്ടിവരുന്ന അലവൻസിന്റെ ചെലവോ ഒന്നും ഉൾക്കൊള്ളിച്ചിട്ടില്ല. അതു ഉൾക്കൊള്ളാത്തതാണു് ഗവർണ്ണറുടെ റെക്കമെന്റേഷൻ. ആ നിലയിൽ ഈ ഭേദഗതികൾക്കു ഗവർണ്ണറുടെ റെക്കമെന്റേഷൻ കിട്ടാത്തിടത്തോളം കാലം അതിനെപ്പററി ആലോചിക്കാൻ പാടില്ലെന്നാണു് എന്റെ അഭിപ്രായം. ഈ സംശയം തീർക്കേണ്ടതു് സ്പീക്കറാണു്. ഭരണഘടനയിലെ 207-ാംവകുപ്പനുസരിച്ചു് ഗവർണ്ണറുടെ റെക്കമെന്റേഷൻ വാങ്ങാതെ കൊണ്ടുവരുന്ന ഭേദഗതിയെപ്പററി ആലോചിക്കുന്നതിനു് ഈ സഭയ്ക്കു് അധികാരമില്ല.

ഇനി ഭേദഗതിയുടെ മെറിററിൽ പ്രവേശിച്ചാലും ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല. ശ്രീ. ഹസ്സൻഗനി പറഞ്ഞതുപോലെ ഇതേ ആശയം സെലക്ററ കമ്മിററിയുടെ പര്യാലോചനയ്ക്കു വരികയും സെലക്ററ

[ശ്രീ. പി. ടി. ചാക്കോ]

കമ്മിററി ദീർഘമായി ചർച്ച നടത്തുകയും ചെയ്തതാണ്. ആ ആലോചനയുടെ ഫലമായി ആമുഖത്തെ ബില്ലിലുള്ളതുപോലെതന്നെ മതിയെന്നു തീരുമാനിച്ചു. അതിനുശേഷം ഭരണകക്ഷിയിൽനിന്നുതന്നെ ബില്ല് എഴുതിയപ്പോൾ ഉണ്ടായിരുന്ന ചിന്ത ഉപേക്ഷിച്ച് സെലക്ററ കമ്മിററിയുടെ തീരുമാനത്തിന് വിപരീതമായി ഇന്നു ഒരു പുതിയ ആശയം കൊണ്ടുവരുന്നതെന്തിനാണെന്നു എന്നെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമാണ്. ഇന്നു രാജ്യത്തു പല രംഗങ്ങളിലും ചെയ്തുകൊണ്ടിരിക്കുന്നതുപോലെ ഭരണകക്ഷിയുടെ സ്വാധീനം നിയമരഹിതമായ രീതിയിൽ ട്രൈബ്യൂണലുകളിൽ ചെലുത്തുന്നതിനുള്ള ഒരു ശ്രമമാണെന്നു എന്നെസംബന്ധിച്ചിടത്തോളം വളരെ വ്യക്തമാണ്. ഇന്നു മററ രംഗങ്ങളിലൊക്കെ അങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഈ ഗവണ്മെൻറിന് തൻേറടമുണ്ടെങ്കിൽ ഞാനൊരുദാഹരണം പറയുന്നതിനെപ്പററി അന്വേഷിക്കണം: കോട്ടയത്തു ചെത്തുതൊഴിലാളി സഹകരണ സംഘത്തിൽ നടന്നുകൊണ്ടിരിക്കുന്നതു എന്താണെന്നും അതിലെ പണം എത്രമാത്രം ദുർവിനിയോഗം ചെയ്യുന്നുണ്ടെന്നും അതു പാർട്ടിയിലെ ആർക്കൊക്കെയാണ് കിട്ടുന്നതെന്നും പരസ്യമായ ഒരന്വേഷണം നടത്തിയാൽ അറിയാൻ കഴിയും. പാർട്ടിയിലെ കുറെയാളുകൾക്ക ആദായമുണ്ടായിരിക്കുന്നതിനുവേണ്ടി ചെത്തുതൊഴിലാളികളുടെ അവകാശങ്ങളെപ്പോലും ഞെരുക്കുകയാണ് ചെയ്യുന്നതു. അതിൻെറ വിശദാംശങ്ങളിലേക്ക കടക്കാൻ ഈ സന്ദർഭത്തിൽ എനിക്കർഹതയില്ല. അതിലേക്ക ഞാൻ കടക്കുന്നുമില്ല. അതുപോലെ ലാൻറ ട്രിബ്യൂണലിൻെറ നിയമനത്തിലും പാർട്ടിയുടെ സ്വാധീനം അനർഹമായ രീതിയിൽ ചെലുത്തുന്നതിനും പാർട്ടിക്കും പാർട്ടിയിലെ ആളുകൾക്കും ആദായമുണ്ടാക്കുന്നതിനുംവേണ്ടി ബിൽ ഡ്രാഫ്ററ ചെയ്തപ്പോൾ തോന്നാതിരുന്ന പുതിയ ഒരു ഭേദഗതി ഇന്നു കൊണ്ടുവന്നതാണെന്നു എന്നെസംബന്ധിച്ചിടത്തോളം കഴിഞ്ഞ രണ്ടുകൊല്ലത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ നിസ്സംശയം പറയാൻ ഞാൻ തയാറാണ്. ഈ ഭേദഗതിയെപ്പററി ചർച്ചചെയ്തപ്പോൾ എൻെറ സ്നേഹിതൻ ശ്രീ. ചാഴിക്കാടൻ ഇതിൻെറ സാമ്പത്തിക ബാദ്ധ്യതയെപ്പററി ചോദിക്കുകയുണ്ടായി. അതു പ്രധാനപ്പെട്ട ഒരു വിഷയമാണെന്നു ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കയാണ്. ഭരണഘടനയിലെ 207-ാം ആർട്ടിക്കിളിൽ ഗവർണ്ണരുടെ അനുവാദം പ്രത്യേകം വാങ്ങിക്കണമെന്നു പറഞ്ഞിട്ടുള്ളതും ബിൽ അവതരിപ്പിക്കുമ്പോൾ ഫൈനാൻഷ്യൽ മെമ്മോറാണ്ഡം വയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമെല്ലാം ഈ സാമ്പത്തികബാദ്ധ്യതകളുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടാണ്. അതു ശരിയായി സഭ അറിഞ്ഞിരിക്കേണ്ടതാണ്. ഈ ഭേദഗതി അംഗീകരിച്ചാൽ പ്രത്യേകമായി 800-ൽ താഴെ എത്രയെങ്കിലും ട്രൈബ്യൂണലുകൾ ഉണ്ടാകും. എത്രയുണ്ടാകുമെന്നു ഇപ്പോൾ വ്യക്തമല്ല. രണ്ടു പഞ്ചായത്തിനെ ഒന്നിച്ചു ചേർക്കുമോ സൗകര്യമുള്ളിടത്തു അഞ്ചെണ്ണത്തിനെ ഒന്നിച്ചു ചേർക്കുമോ എന്നൊന്നും അറിഞ്ഞുകൂടാ. അങ്ങേയററം അറിയാമെന്നുള്ളതു ഇതാണ്. ഒരു പഞ്ചായത്തിന് ഒരു ട്രൈബ്യൂണൽ. ആ ഒരു ട്രൈബ്യൂണലിൽ തന്നെ ഒരഡ്വക്കേററിനെ അല്ലെങ്കിൽ ഒരു ഉദ്യോഗസ്ഥനെ ചെയർമാനായി നിയമിക്കുക. ആ ആളിന് ശമ്പളം കൊടുക്കേണ്ടിവരും. ശ്രീ. ഇ. പി. ഗോപാലൻ പറയുകയുണ്ടായി ചെലവു വരുമെന്നു അറിഞ്ഞുകൊണ്ടുതന്നെ ചെയ്യുകയാണെന്നു്. അതുകൂടാതെ പഞ്ചായത്തു മെമ്പറന്മാർ അംഗങ്ങളാകുമ്പോൾ അവർക്ക എന്തെങ്കിലും അലവൻസ് കൊടുക്കേണ്ടിവരും. ശ്രീ. ഗോപാലൻ പറഞ്ഞതുപോലെ വളരെ ചെലവു വരും. ഈ ചെലവുകൾ ആവശ്യമാണോ എന്നു ആലോചിക്കണം.

ശ്രീ. ഇ. പി. ഗോപാലൻ: ചെലവു വരുമെന്നേ ഞാൻ പറഞ്ഞുള്ളു. വളരെയെന്നുള്ളതു് ബഹുമാനപ്പെട്ട മെമ്പറുടേതാണ്.

ശ്രീ. പി. ടി. ചാക്കോ: ചെലവു വരുമെന്നു സമ്മതിക്കുന്നുണ്ട്. ഇന്നു നമ്മുടെ സിവിൽ കോടതിയിലും ക്രിമിനൽ കോടതികളിലും യഥാർത്ഥത്തിൽ വേണ്ടത്ര ജോലിയില്ല. എനിക്ക പരിചയമുള്ള ചില സ്ഥലങ്ങളിലെ കോടതി

LIBRARY ARCHIVES Kerala Legislative Assembly

കളിൽ ജോലിയില്ലാതെ ആ കോടതി എങ്ങനെയെങ്കിലും നിലവിലിരിക്കാൻ വേണ്ടി അങ്ങോട്ടുമിങ്ങോട്ടും കേസുകൾ മാററി തൽക്കാലം നിലനിൽക്കുകയാണ്. പുതിയ പരിഷ്ക്കാരങ്ങൾ വന്നപ്പോൾ വളരെ സിവിൽ കോടതികൾ കൂടി. വേണ്ടത്ര ജോലിയില്ല. ഇന്ന് ഒരു സിവിൽ കോടതിയിലോ ക്രിമിനൽ കോടതിയിലോ വരുന്ന കേസ് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള കാലത്തിനകം തന്നെ തീരുകയാണ്. പഴയ കേസുകൾ കുടിശ്ശികയില്ല. ആ നിലയിൽ ഈ രാജ്യത്ത് ഇന്നുള്ള കോടതികളെക്കൊണ്ടുതന്നെ ഈ ജോലിയും ചെയ്യിപ്പിക്കാവുന്നതാണ്. അങ്ങനെ ചെയ്യിപ്പിക്കുന്നതുകൊണ്ട് രണ്ടു ഗുണങ്ങൾ ഉണ്ടാകുമെന്നാണ് എന്റെ അഭിപ്രായം. ഒന്ന്, പുതിയ ട്രൈബ്യൂണലിനെ നിയമിക്കാതെയും അതിനുവേണ്ടി ചെലവു ചെയ്യാതെയും കഴിക്കാം. മറെറാന്ന്, ഈ ജോലി നിർവഹിക്കുന്നതിൽ നീതി ലഭിക്കുമെന്ന വിശ്വാസം ജനങ്ങൾക്കുണ്ടാകും. അങ്ങനെ വിശ്വാസം ഉണ്ടായിരിക്കേണ്ടത് യഥാർത്ഥത്തിൽ നീതി കിട്ടുന്നതിനെക്കാൾ പ്രധാനപ്പെട്ട കാര്യമാണ്. പഞ്ചായത്തു മെമ്പറന്മാർ ചെന്നുണ്ടാക്കുന്ന ട്രൈബ്യൂണലിൽ നീതി കിട്ടുമെന്നു വിശ്വസിക്കുന്ന ആളുകൾ ചുരുക്കമായിരിക്കും. അങ്ങനെയാണ് നമ്മുടെ അനുഭവം. പഞ്ചായത്തു മെമ്പറന്മാർ ഓരോ ദിക്കിലും ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ഉദാഹരണത്തിനു പറഞ്ഞു ഞാൻ സമയം കളയുന്നില്ല. നീതിലഭിക്കുമെന്നുള്ള വിശ്വാസം ജനങ്ങൾക്ക് ഉണ്ടാകേണ്ടതു് ഒരു പ്രധാനകാര്യമാണ്. നിയമം വേണ്ടത്ര പുരോഗമനപരമായി നിയമസഭയ്ക്കുണ്ടാക്കാം. അതുകൊണ്ടു കാര്യമായില്ല. ആ നിയമം കൈകാര്യം ചെയ്യേണ്ടതു നീതിപൂർവ്വമായിരിക്കണമെന്ന് ഒരു നിർബ്ബന്ധം വേണം. അങ്ങനെ നീതിപൂർവ്വമായിരിക്കും എന്നുള്ള ഉറപ്പ് ജനങ്ങൾക്ക് ഉണ്ടാകണം. നീതി ലഭിക്കുമെന്നുള്ള ഉറപ്പു കൊടുക്കുന്നതിന് ഈ ജോലി കോടതികളെ ഏൽപ്പിക്കുകയാണ് നല്ലതു്. ഇവിടെ ഒരു തടസ്സം പറഞ്ഞതു് കോടതികളെ ഏൽപ്പിച്ചാൽ വളരെ കാലതാമസം വരുമെന്നാണ്. എന്റെ സ്നേഹിതൻ ശ്രീ കുറുപ്പ് അതിനെപ്പററി ചുരുക്കമായി പറഞ്ഞു. അതു വലിയ തെററായ ധാരണയാണ്. അഞ്ചെട്ടുകൊല്ലം മുമ്പുള്ള സ്ഥിതിയാണ് പറയുന്നതു്. പണ്ടു കോടതികൾ കുറവായിരുന്ന കാലത്തു് സിവിൽകോടതികളിൽ കേസുകൾ വന്നാൽ ചില സൂത്രങ്ങൾ പ്രയോഗിച്ച് കേസു നീട്ടിക്കൊണ്ടുപോകാൻ കഴിയുമായിരുന്നു. പക്ഷേ ഇന്നത്തെ വ്യവസ്ഥ അതല്ല. ആ കാര്യത്തിൽ ഈ ഗവണ്മെൻറും കുറെ സംഭാവന ചെയ്തിട്ടുണ്ടു്. ഇന്നു വളരെയധികം കേസുകൾ തീരുന്ന സ്ഥിതിയിലെത്തിയിട്ടുണ്ടു്. നിയമം അറിഞ്ഞുകൂടാത്ത രണ്ടുമൂന്നു അംഗങ്ങളും വലിയ നിയമപാണ്ഡിത്യമില്ലാത്ത ഒരധ്യക്ഷനും ഇരുന്നു കേസുകൾ കേട്ടു തീരുമാനിക്കുന്നതിനേക്കാൾ വളരെ വേഗത്തിൽ അടിയന്തിരമായി നിയമത്തെപ്പററി നിശ്ചയമുള്ള ഒരു മുൻസിഫിന് കേസുകൾ തീരുമാനിക്കാൻ കഴിയുമെന്നുള്ളതു് ഈ രാജ്യത്തെ കേസുകളുമായി ബന്ധമുള്ള എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. ഒരു ആർബിട്രേഷന് കേസുവിട്ടാൽ പോലും അതു നടത്തുന്ന ആളിന് നിയമപരിജ്ഞാനമില്ലെങ്കിൽ അതിനു വർഷങ്ങൾതന്നെ എടുക്കുമെന്നാണ് കാണുന്നതു്. നേരെമറിച്ച് കോടതി തന്നെ തീരുമാനിച്ചാൽ അത്ര കാലതാമസം വരുകയില്ല. ഈ നിയമപ്രകാരം ലാൻഡു ട്രിബ്യൂണൽ തീരുമാനിക്കാനുള്ള കാര്യങ്ങൾ ഒരു മുൻസിഫ് കോടതിയിൽ ഹാജരാക്കി തീരുമാനിക്കുന്നതിനെക്കാൾ നിശ്ചയമായും വളരെയധികം കാലതാമസം ഈ ഭേദഗതിയിൽ പറയുന്ന ട്രൈബ്യൂണലിന്റെ മുമ്പാകെ ഹാജരാക്കി തീരുമാനിക്കുന്നതിന് ഉണ്ടാകും. ഈ നിയമത്തിൽ ട്രൈബ്യൂണലിന്റെ ചുമതലകളെല്ലാം ജൂഡിഷ്യലാണെന്ന് ശ്രീ. രാജഗോപാലൻനായരും സമ്മതിച്ചു ജൂഡിഷ്യൽഫംഗ്ഷൻസിലെ ചെറിയ ചില അധികാരങ്ങൾ ജനാധിപത്യവ്യവസ്ഥയിൽ പഞ്ചായത്തുകൾക്കു കൊടുത്തു എന്നുവച്ച് ജൂഡിഷ്യൽ അധികാരങ്ങൾ വേർതിരിക്കപ്പെട്ട അധികാരങ്ങളായി നിലനിൽക്കുന്നതിനു നാം വേണ്ടെന്നു വച്ചിട്ടില്ല. ജൂഡിഷ്യറിയും എക്സിക്യൂട്ടീവും രണ്ടായിരിക്കണമെന്നുള്ള തത്വമാണ് നാം സ്വീകരിച്ചിട്ടുള്ളതു്. ഇതിന് കുറെ വിപുലമായ അധികാരങ്ങളും ഉണ്ടു്. തഹശീൽദാരോ റവന്യൂ ഡിവിഷനൽ ആഫീസറോ എക്സിക്യൂട്ടീവിന്റെ ഭാഗമായ ഉദ്യോഗസ്ഥന്മാരാണ്. പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

പ്രസിഡന്റന്മാർ ആയാൽപോലും കുറെ ആ അർത്ഥമാണുള്ളതു്. എല്ലാം പഞ്ചായത്തു പ്രസിഡന്റന്മാർക്കും വളരെ എക്സിക്യൂട്ടീവ് അധികാരമുണ്ടെന്നു ഞാൻ പറയുന്നില്ല.

ഈ കൂട്ടിക്കുഴയ്ക്കൽ ഇല്ലാതെ ജുഡീഷ്യറി നിയമസഭയിൽനിന്നും, പഞ്ചായത്തുകളിൽനിന്നും, എക്സിക്യൂട്ടീവിൽനിന്നും സ്വതന്ത്രമായി വേറിട്ടുനിൽക്കുകയാണു നല്ലതു് എന്നാണു ഇന്നത്തെ ഈ ഗവൺമെന്റിന്റെയും മററു ഗവൺമെന്റുകളുടേയും ഒക്കെ അഭിപ്രായം. അതുകൊണ്ടു് ജനപ്രതിനിധികൾക്കു് ഈ രംഗത്തു പരിശീലനം കൊടുത്തുപോകരുതെന്നർത്ഥമില്ല. ചില വില്ലേജ് ബോർഡിലും പഞ്ചായത്തുകളിലുമൊക്കെ ജനപ്രതിനിധികളെവച്ചു പരീക്ഷിച്ചു പോരുന്നുണ്ടു്. എന്നാൽ അവർക്കു് കൊടുത്തിരിക്കുന്ന അധികാരം വളരെ പരിമിതമാണു്. ജുഡീഷ്യറിയെ തെരഞ്ഞെടുക്കുന്ന രാജ്യങ്ങളുണ്ടു്. അങ്ങനെ തെരഞ്ഞെടുക്കുന്ന ജുഡീഷ്യൽ ആഫീസറന്മാർ നിയമസഭയോടൊ, എക്സിക്യൂട്ടിവിനോടൊ ബന്ധപ്പെട്ടിരിക്കുകയില്ല. അവർ സുപ്രീംകോടതിയുടേയോ, അല്ലെങ്കിൽ ഹൈക്കോടതിയുടേയോ കീഴിൽ ബന്ധപ്പെട്ടിരിക്കുകയാണു്. അപ്പോൾ ജുഡീഷ്യറി ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കണമെന്നു പറഞ്ഞാൽ നമ്മുടെ രാജ്യത്തു ഇന്നത്തെ നിലയിൽ പ്രായോഗികമല്ലെങ്കിലും എനിക്കതു മനസ്സിലാക്കാൻ സാധിക്കും. എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്കു ജുഡീഷ്യൽ അധികാരങ്ങൾ കൊടുത്തേമതിയാവൂ എന്നുള്ള നിർബന്ധം, ഇന്നീ ഗവൺമെന്റു സ്വീകരിച്ചിട്ടുള്ള, ജുഡീഷ്യറി എക്സിക്യൂട്ടീവിൽനിന്നും, ലജിസ്ലേച്ചറിൽനിന്നും വിഭിന്നമായിരിക്കണമെന്നുള്ള അഭിപ്രായത്തോടു യോജിച്ചതല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഒരു പോയിന്റു് ആഫ് ആർഡർ. ശ്രീ. പി. ടി. ചാക്കോ പ്രധാനപ്പെട്ട ഒരുകാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഗവർണ്ണരുടെ അനുമതിയില്ലാത്തപക്ഷം ഈ ഭേദഗതി ഔട്ടു് ഓഫ് ആർഡർ ആയിരിക്കുമെന്നാണദ്ദേഹം പറഞ്ഞതു്. അതുകൊണ്ടു് അതിനെസംബന്ധിച്ചൊരു റൂളിംഗ് ഉണ്ടായതിനുശേഷംമാത്രമേ ഈ ഭേദഗതിയെസംബന്ധിച്ചുള്ള ഡിസ്കഷൻ തുടങ്ങാവൂ എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. അതുകൊണ്ടു് അതിനെസംബന്ധിച്ചൊരു റൂളിംഗ് ഉണ്ടായാൽക്കൊള്ളാം.

Mr. Speaker: That is no point of order.

I am not just now in a position to give my ruling on the point of order raised by Shri Chacko unless I go through the relevant provisions in the Constitution and until the Law Minister has expressed upon the points raised. But, there is absolutely nothing wrong in the Leader of the Opposition continuing his speech regarding the criticisms offered either in favour or against the amendments moved in this House. It is perfectly in order. If I rule that the amendment itself is out of order, then the amendment goes. Until such a ruling is given, there is absolutely nothing wrong in the Leader of the Opposition commenting upon the amendment. He is now in possession of the House. He becomes out of possession of the House, only when I rule that the amendment is out of order. So long as he is in possession of the House, he is completely competent to offer criticism either in favour or against the amendments before the House.

ശ്രീ. ടി. കെ. കൃഷ്ണൻ: മി. ചാക്കോ പറഞ്ഞതിൽ തെററുണ്ടെന്നു് ഞാൻ പറഞ്ഞില്ല.

Mr. Speaker: I am not now in a position to give the ruling. The Leader of the Opposition may continue his speech.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: സർ, ഈ വിഷയത്തെ സംബന്ധിച്ച് എന്റെ പ്രസംഗം ദീർഘിപ്പിക്കണമെന്ന് എനിക്കഭിപ്രായമില്ല. ഞാനാദ്യം ഉന്നയിച്ചതു്, ഈ ഭേദഗതിയെപ്പററി പര്യാലോചിക്കുവാൻ ഈ സഭയ്ക്കു ഭരണഘടനാപരമായി അധികാരമില്ലെന്നാണു്. അതിനെപ്പററി ഒരു റൂളിംഗ് ഉണ്ടാകണം. അധികാരമുണ്ടെന്നുവന്നാൽ ഈ ഭേദഗതി, സാമ്പത്തികമായി വളരെ ബാദ്ധ്യത ഉണ്ടാക്കുന്നു എന്ന കാരണംകൊണ്ടും, ഈ ഭേദഗതിയനുസരിച്ചുണ്ടാകുന്ന ട്രിബ്യൂണൽ ഈ രാജ്യത്തെ ജനങ്ങൾക്കു ഇന്നു കോടതികളുടെ നേരെ തോന്നുന്നതുപോലെയുള്ള വിശ്വാസം ആർജ്ജിക്കുകയില്ലയെന്നുള്ളതുകൊണ്ടും, ആ ട്രിബ്യൂണൽ ചെയ്യുന്ന തീരുമാനങ്ങൾക്കു് കോടതികളെക്കാൾ വളരെയധികം കാലതാമസമുണ്ടാകുമെന്നുള്ളതുകൊണ്ടും, ജുഡീഷ്യറി എക്സിക്യൂട്ടീവിൽനിന്നും സ്വതന്ത്രമായിരിക്കണമെന്നുള്ള തത്വം ഗവണ്മെൻറിക്കാര്യത്തിൽ സ്വീകരിക്കണമെന്നുള്ളതുകൊണ്ടും, ഈ പുതിയ ഭേദഗതിയനുസരിച്ച് ട്രിബ്യൂണൽ ഉണ്ടായാൽ പാർട്ടിക്കു് അനിയന്ത്രിതമായ, ഒരുപക്ഷെ അന്യായമായ സ്വാധീനം ചെലുത്തുവാൻ ഇടയുണ്ടെന്നു അങ്ങേയററം കുറെയാളുകൾ തെററിദ്ധരിക്കുവാനിടവരുത്തുമെന്നുള്ളതുകൊണ്ടും—എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ആ വിശ്വാസമാണെനിക്കുള്ളതു്—ഈ ഭേദഗതി സ്വീകരിക്കരുതെന്നു ഞാനപേക്ഷിക്കുന്നു.

ശ്രീ. കെ. പി. ആർ. ഗോപാലൻ നമ്പ്യാർ: ഇന്നത്തെ ഗവണ്മെൻറു കക്ഷിക്കു 40 ശതമാനംപോലും വോട്ടില്ലെന്നു ബഹുമാനപ്പെട്ട മെമ്പറിന്റെ പാർട്ടിയും, മെമ്പറെപ്പോലെയുള്ള പ്രതിപക്ഷ കക്ഷികളും, പ്രചരണവേല നടത്തുമ്പോൾ, പഞ്ചായത്തുകൾക്കു് ഈ ഭാഗത്തെ അഭിപ്രായമല്ല, അങ്ങേഭാഗത്തുള്ളവരുടെ അഭിപ്രായമാണു് കൂടുതലായി പ്രതിഫലിപ്പിക്കുന്നതെന്നു വിചാരിക്കരുതോ?

ശ്രീ. പി. ടി. ചാക്കോ: ഇവിടെ പ്രശ്നം പഞ്ചായത്തുകളുടെ രാഷ്ട്രീയനിലപാടിനെക്കുറിച്ചുള്ളതല്ല, ട്രിബ്യൂണലിന്റെ ചെയർമാനെ നോമിനേററു ചെയ്യുന്നതിനെ സംബന്ധിച്ചുള്ളതാണു്. പിന്നെ പ്രചരണവേലയെപ്പററി ഇവിടെ പറഞ്ഞിട്ടുകാര്യമില്ല. വോട്ടിന്റെ കാര്യമാണെങ്കിൽ, കമ്മ്യൂണിസ്ററുകക്ഷിക്കു് 40 ശതമാനം വോട്ടു പോലുമില്ല; 35 ശതമാനം മാത്രമെ ഉള്ളു. അതൊരു പരമാർത്ഥമാണു്. ഒരു പഞ്ചായത്തിൽ കമ്മ്യൂണിസ്ററുപാർട്ടിയുടെ സ്വാധീനമുണ്ടാകുമെന്നല്ല ഞാൻ പറഞ്ഞതു്. ഭൂരിപക്ഷമുള്ള ഏതെങ്കിലും പാർട്ടിയുടെ സ്വാധീനം അവിടെ വരും.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, ശ്രീ. പി. ററി. ചാക്കോ ഒരു പായിന്റു് ഓഫ് ആർഡർ ഉന്നയിച്ചു. അതു് എല്ലാ അമെൻഡുമെൻറുകളെയും സംബന്ധിക്കുന്നതാണെന്നു ഞാൻ വിചാരിക്കുന്നു.

Mr. Speaker: Yes; it relates to all the amendments.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: എന്റെ അമെൻഡുമെൻറു വായിച്ചുനോക്കിയാൽ അതു് ഭരണഘടനയ്ക്കു എതിരല്ലെന്നു കാണാമായിരുന്നു. മണിസ്റ്റേൻഡിംഗിനെപ്പററി യാതൊന്നും ആ ഭേദഗതിയിൽ പറയുന്നില്ല.

(At this stage some Members on the Congress Benches were seen laughing).

Mr Speaker: What is there to laugh about? Every Member has got his right to present his case.

Shri E. Chandrasekharan Nair: Government is entitled by notification to constitute a Tribunal. There is no provision in my amendment to give them salary or wages. The Government may either do it or not to do it. Two Panchayat Members

LIBRARY ARCHIVES Kerala Legislative Assembly

[Shri E. Chandrasekharan Nair]

can be elected and one Legal Member can be nominated and a Tribunal can be constituted. There is no provision in my amendment to give them any salary or to give them any wages. They can render their services voluntarily and freely. Of course, there are instances here of Panchayat Members who are elected to so many bodies doing work voluntarily. My submission is there is no word in my amendment offending either Art. 207 or Art. 199; and irrespective of the fact that there is such a provision, it will never go against the provisions of Art. 207 and Art. 199. So my submission is that those articles are not applicable. That is very clear. Any way it is to be decided by the Speaker whether it affects the provisions of the Constitution or not.

Mr. Speaker: Your argument is against the contention of the Leader of the Opposition. In case the amendment is accepted, it will involve expenditure from the consolidated fund of the State—that was his contention. In case that position is accepted, then his further contention is that it will offend Art. 207 of the Constitution.

Shri E. Chandrasekharan Nair: As per the provision suggested in my amendment, there is no specific reference about any sum to be paid from the Consolidated Fund of the State. Even if it is hypothetically argued that there is some provision which provides for payment from the Consolidated Fund, my submission is that under Art. 199 there is provision that if a Bill provides for payment for services rendered, then it will never become a Money Bill That also will be the case in regard to an amendment also. So, my submission is, even if there is clear provision for payment for services rendered, it will never offend Article 207 or 199.

Shri K. Hassan Gani: What is the effect of the amendment?

Mr Speaker: That is not disputed.

ശ്രീ. ഇ. പി. പൗലോസ്: ശ്രീ. രാജഗോപാലൻനായരുടെ അമെൻറമെൻറ ശ്രീ. ചന്ദ്രശേഖരൻനായരുടേതുപോലെയല്ല.

Shri P. T. Chacko: My friend has stated:

"Government may by notification in the Gazette constitute for one or more panchayat areas specified therein a Land Tribunal consisting of an advocate or a Government Officer not below the rank of a Tahsildar or a person who is or has been acting as a judicial officer for a period of three years, as Presiding Officer."

Does my friend contemplate a situation where the Presiding Officer will not be an Officer. As I understood it, the Presiding Officer becomes an Officer and he gets salary. Unless my friend is prepared to say that the Members of the Tribunal shall not receive any remuneration from the Government, will it not

LIBRARY ARCHIVES Kerala Legislative Assembly

offend the Constitution? According to him it will not offend Art. 207 of the Constitution. The word used by him is 'presiding officer'; from that, I was led to believe that he will be an officer who will receive pay. Then money will have to come from the Consolidated Fund.

Shri E. Chandrasekharan Nair: The name 'Presiding Officer does not necessarily mean that he is an officer appointed by the Government.

ശ്രീമതി കെ. ആർ. ഗൗരി: ഇതു രണ്ടുമായിട്ടു വ്യത്യാസപ്പെടുത്തിയാണു പറയുന്നതു്.

The point in question is whether the Officer is to be paid by Government or not. The Officer is ofcourse to be paid by Government. What is stated in Section 12 is : "The Government may, by notification in the Gazette, constitute for any area specified therein a Land Tribunal consisting of a sole member who shall be an official not below the rank of a Revenue Divisional Officer or of a Munsiff for the purpose of performing the functions of a Land Tribunal under this Act." So, we can appoint an officer not below the rank of a R. D. O.

ഇനി ഫൈനാൻഷ്യൽ മെമ്മോറാണ്ടം തയാറാക്കിയപ്പോഴും എന്താണു് പറഞ്ഞിരിക്കുന്നതെന്നു നോക്കുക.

According to the Financial Memorandum accompanying this Bill :

"According to the provisions of the Bill, however, Government will not have to incur any expenditure from the Consolidated Fund of the State on account of this measure, except probably part of the administrative cost for the implementation of this law, as the income by way of purchase price is expected to cover the compensation payable. The administrative expenditure for implementing the provisions of this law is estimated at Rs. 20 lakhs per year till the work of the distribution of lands is substantially completed."

വ്യക്തമായിട്ടു ഇതിൽ പറഞ്ഞിരിക്കുകയാണു്. ഗവർണ്ണറുടെ റെക്കമൻഡേഷൻ ലഭിച്ചിട്ടാണു് ഇപ്പോഴം ബില്ലുതന്നെ കൊണ്ടുവന്നിരിക്കുന്നതു്. ഈ വകുപ്പനുസരിച്ചു പ്രിസൈഡിംഗ് ആഫീസറെ നോമിനേററു ചെയ്യുകയും മററുള്ളവരെ ഇലക്ററു ചെയ്യുകയും ചെയ്താൽ, ആർട്ടിക്കിൾ 207-ം, 199-ം ഒന്നും തന്നെ ബാധിക്കുന്നതല്ല. നേരത്തെതന്നെ അതിനുള്ള സാംക്ഷൻ കിട്ടിയിട്ടുണ്ടു്. അതു നിലയ്ക്കു ഇതു രണ്ടുമായിട്ടു യാതൊരു ബന്ധവുമില്ല. ആഫീസറായിരിക്കണമെന്നു പറയുന്നുണ്ടു്. എന്നാൽ അതു് എക്സിസ്റ്റിംഗ് ആഫീസർ ആയിരിക്കണമെന്നില്ല.

Shri P. T. Chacko : May I point out....

Mr. Speaker: Let her conclude

Smt. K. R. Gouri : There it is stated "a Land Tribunal consisting of a sole member who shall be an official not below the rank of a Revenue Divisional Officer or of a Munsiff".

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

അഞ്ചുകൊല്ലം പ്രാക്റ്റീസുചെയ്യുന്ന ഒരു വക്കീലിനെ മുൻസിഫ് ആയിട്ട് സെലക്റ്റ് ചെയ്യാനവകാശമുണ്ട്. അതല്ല റവന്യൂ ഡിവിഷനാഫീസറായിട്ടാണെങ്കിൽ അവർക്ക് ഇന്നയിന്ന ക്വാളിഫിക്കേഷൻ വേണമെന്നുണ്ട്.

Sir, Article 207 and Article 199 read together, will not apply to this Bill. Article 199 applies only to money bills. A to F in that Article deals into money bills and for the introduction and moving of amendments for which requires Governor's assent. This bill comes only under Article 207 Sub-clause 3 which if enacted would involve expenditure from the Consolidated Fund of the State. For that type of bill, Governor's recommendation is necessary for the consideration of the bill. His Excellency the Governor has already given his recommendations for the consideration of the bill and I think since it is not a money bill, Governor's recommendation for the consideration of the amendment is not necessary.

Mr. Speaker: Order, order. The House will now rise and meet again at 3 'O clock.

The House rose for lunch at 1 p. m. and reassembled at 3 p. m. with Mr. Speaker in the Chair.

Shri V. R Krishna Iyer: Sir, may I say a word? For moving this amendment, the recommendation of the Governor is not necessary.

Shri P. T. Chacko: Recommendation of the Governor is necessary for the consideration of these amendments.

Shri V. R. Krishna Iyer: Article 199 deals with 'Money Bills.' This is the Article: 199 (1) For the purposes of this Chapter, a Bill shall be deemed to be a Money Bill if it contains only provisions dealing with all or any of the following matters, namely—

(a) the imposition, abolition, remission, alteration or regulation of any tax

(b) the regulation of the borrowing of money or the giving of any guarantee by the State, or the amendment of the law with respect to any financial obligations undertaken or to be undertaken by the State;

(c) The custody of the Consolidated Fund or the Contingency Fund of the State, the payment of moneys into or the withdrawal of moneys from any such Fund;

(d) the appropriation of moneys out of the Consolidated Fund of the State. Here obviously this is not a Money Bill, which solely or exclusively provides for the appropriation of moneys out of the Consolidated Fund of the State. It is not a

LIBRARY ARCHIVES Kerala Legislative Assembly

Money Bill like the Appropriation Bill, it is introduced under list. 14 in the Central Parliament and after the grants are passed Appropriation Bills are brought to appropriate money out of the Consolidated Fund. This does not provide for the appropriation of moneys out of the Consolidated Fund at all. So much so, it is not a Money Bill.

Then we come to Article 207.

(1) A Bill or amendment making provision for any of the matters specified in sub clause s (a) to (f) of clause (1) of Article 199 shall not be introduced or moved except on the recommendation of the Governor, and a Bill making such provision shall not be introduced in a Legislative Council. I would like to submit that this is not an appropriation out of the Consolidated Fund of the State. It does not fall within (a) to (f) of Article 199. It is not appropriation at all, because, appropriation, as I said, refers to Article 204, "As soon as may be after the grants under Article 203 have been made by the Assembly, there shall be introduced a Bill to provide for the appropriation out of the Consolidated Fund." This bill does not pretend to do anything of the sort. This can come under 203, unforeseen expenditure from the Consolidated Fund of the State, In this case I believe the recommendation of the Governor has been already secured for the expenditure. So much so the result is that Article 207(3) is complied with. There is no warrant for treating it as a Money Bill. Nor does it really cover (a) to (f) of Article 199. 207 (3) relates only to the passing of the Bill. Consideration of the Bill is not prevented. It is only the clause of the Bill that is discussed here.

Shri P. T. Chacko: It is not necessary. Article 207 (1) is this: "A Bill or amendment making provision for any of the matters specified in sub-clause (a) to (f) of clause 1 of Article 199 shall not be introduced......"

Now, if this amendment is passed, my submission is that it would become necessary to appoint officers who should be paid, and the pay has to be made from the Consolidated Fund of the State. So it is an appropriation of money out of the Consolidated Fund of the State. Then this would come under the mischief of Article 207(1) but not under Article 207 (3)

Shri V. R. Krishna Iyer: The contrast here is between anything which *provides for the appropriation from* the Consolidated Fund and anything which *involves expenditure out of* the Consolidated Fund. Does this provide for an appropriation out of the Consolidated Fund? No. Does it involve expenditure out of the Consolidated Fund? Yes. So it comes under clause (3) and not under clause (1) of Article 207. Sanction has been obtained only for the Bill............

Shri M Narayana Kurup: If as a result of the amendment any expenditure from the Consolidated Fund is involved, particular sanction has to be obtained. That is not the point which has been complied with.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: In answer to the several points that have been raised I think I must give the ruling. An identical point was raised on a previous occasion by the Hon. the Leader of Opposition when I remember to have given my ruling. It was given under the following circumstances. Objection was taken to an amendment being moved by the Hon'ble the Education Minister regarding the direct payment of salaries etc. to the non-teaching staff of aided schools on the ground that it involved additional expenditure that was not contemplated in the Act previously. The point was raised by the Hon. the Leader of the Opposition that a separate recommendation of the Governor for the amendment was necessary. Article 207 refers to a Bill only. Under the Article only a Bill requires recommendation (that is already there) and not an amendment. I therefore ruled then that the House would be quite in order in considering that amendment.

Here the first point that arises for consideration is whether the Bill that we are dealing with is a money Bill or not. I do not think any argument is necessary to convince Hon. Members of this house that this not a money Bill.

Article 199 (1) reads:

(1) For the purposes of this Chapter, a Bill shall be deemed to be a Money Bill if it contains only provisions dealing with all or any of the following matters, namely:—

"(a) The imposition, abolition, remission, alteration or regulation of any tax;

(b) the regulation of the borrowing of money, or the giving of any guarantee by the State, or the amendment of the law with respect of any financial obligations undertaken or to be undertaken by the State;" The Agrarian Relations Bill is neither.

(c) "the custody of the Consolidated Fund or the Contingency Fund of the State, the payment of moneys into or the withdrawal of moneys from any such Fund"; The Bill is not for that.

"(d) the appropriation of moneys out of the Consolidated Fund of the State;"

This Bill does not deal with the appropriation of moneys out of the Consolidated Fund of the State. It only involves expenditure if this Act was passed into law and implemented. This does not provide for the appropriation of the moneys. There is no provision which appropriates money out of the Consolidated Fund of the State. So it is neither.

LIBRARY ARCHIVES Kerala Legislative Assembly

"(e) the declaring of any expenditure to be expenditure charged on the Consolidated Fund of the State, or the increasing of the amount of any such expenditure;" No, it is not.

"(f) the receipt of money on account of the Consolidated Fund of the State or the public account of the State or the custody or issue of such money."

So this does not come within the category of the definition of Money Bills.

Another point raised by the Honourable Leader of the Opposition was that this Bill is one which provides for certain things meant in Article 207 (1).

"207 (1) A Bill or amendment making provision for any of the matters specified in sub clauses (a) to (f) of Clause (1) of Article 199 shall not be introduced or moved except on the recommendation of the Governor, and a Bill making such provision shall not be introduced in a Legislative Council."

This cannot be called a Bill or an Amendment making provision for any of the matters specified in the clauses (a) to (f) of Article 199. So naturally it cannot be argued that the mischief of Article 207 (1) comes into play in the motion of the amendment moved by Sri E. Chandrasekharan Nair, and which is now before the House. The only provision in the Article which may probably have a deterrent effect upon the passing of the amendment moved by Sri E. Chandrasekharan Nair, is Article 207 (3) and Article 207 (3) reads thus:

"A Bill which, if enacted and brought into operation, would involve expenditure from the Consolidated Fund of a State shall not be passed by a House of the Legislature of the State unless the Governor has recommended to that House the consideration of the Bill". That is what has been stated in Art. 207 (3).

So, the primary question for consideration before the House is whether the present amendment offends these articles. It has to be decided whether it involves expenditure from the Consolidated Fund of the State. As has been agreed to by all the parties it involves expenditure from the Consolidated Fund of the State. In the Financial Memorandum attached with the draft bill, it has been already stated that it involves expenditure from the Consolidated Fund of the State and that the expenditure would come to 20 lakhs approximately. So, the contention that the amendment does not mention anything about the expenditure to be involved, is not acceptable, and I repudiate that contention.

I may also refer to a ruling given in the Lok Sabha.

2/678/V

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker]

> "As regards the stage at which the recommendation of the President should be forthcoming, Dr. Ambedkar was of opinion that as the stage of consideration lasted from the time of introduction to the time of moving for passing the Bill, the requirements of Art. 117 (3) would be met if the recommendations were obtained before the motion for passing of the bill was made.

This relates to the stage at which the recommendation of the Governor for such Bill shall be forthcoming. As there is already recommendation for the consideration of the Bill, a seperate recommendation for the amendment is not necessary.

Shri M. Narayana Kurup: Suppose the recommendation is four thousand rupees and according to the amendment it comes to one lakh ?

Mr. Speaker: Even in that case it is perfectly right.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ ഭേദഗതികളിൽ ശ്രീ. രാജഗോപാലൻ നായരുടേതു (No. 480) ഞാൻ അംഗീകരിക്കുകയാണ്.

Mr. Speaker: What about the other amendments ?

ശ്രീമതി. കെ. ആർ. ഗൗരി: ബാക്കിയുള്ളതൊന്നും അംഗീകരിക്കുന്നില്ല. ട്രിബ്യൂണൽ ഒരു ജുഡിഷ്യൽ ആഫീസർ ആയിരിക്കണമെന്നു് ശ്രീമാൻ എം. സി. എബ്രഹാം അഭിപ്രായപ്പെടുകയുണ്ടായി. ശ്രീ. രാഘവമേനോൻ പറഞ്ഞു, റവന്യൂ ഡിവിഷണൽ ആഫീസറായിരിക്കണമെന്നു്. ശ്രീമാൻ ഇ. ചന്ദ്രശേഖരൻനായരും, ശ്രീമാൻ ജി. കാർത്തികേയനും അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളെക്കാൾ കുറച്ചുകൂടി കാംപ്രഹെൻസീവായിരിക്കുന്നതുകൊണ്ടും ശരിയായിട്ടു എഴുതിയിട്ടുള്ളതുകൊണ്ടുമാണ് ശ്രീ. രാജഗോപാലൻ നായരുടെ ഭേദഗതി അംഗീകരിക്കുന്നതു്.

സർ, ഇവിടെ അമെൻറുമെൻറുകൾ ഉന്നയിച്ചപ്പോൾ പ്രധാനമായി പറഞ്ഞതു ഇന്നത്തെ പരിതഃസ്ഥിതിയിൽ ട്രിബ്യൂണലിൽ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുപ്രതിനിധികളെ സംബന്ധിപ്പിക്കുകയാണെങ്കിൽ അതിനകത്തു രാഷ്ട്രീയം കടന്നുകൂടുമെന്നും ശരിയായ ന്യായം കിട്ടുമെന്നുള്ളതു തീർച്ചയില്ല എന്നുമാണ്. രണ്ടാമത്തെവാദം ഈ ജോലിക്കു് ഒരു ജുഡിഷ്യൽ ആഫീസറായിരിക്കണമെന്നും അതല്ലാ ഒരു എക്സിക്യൂട്ടീവ് ആഫീസറെ വയ്ക്കുകയാണെങ്കിൽ അതുകൊണ്ടു് ഗവണ്മെൻറ് സ്വാധീനം ചെലുത്താൻ ഇടയുണ്ടാകുമെന്നും ആണ്. ജുഡിഷ്യൽ ആഫീസറുടെ കാര്യത്തിൽ തന്നെ ഗവണ്മെൻറു കൈകടത്തുന്ന കാലമാണ് എന്നും പറയുകയുണ്ടായി. സർ, അതോടൊപ്പം തന്നെ ഒരു എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കണമെന്നും പറയുന്നു. ഇന്നു് മലബാർ ടെനൻസി ആക്ടനുസരിച്ച് ഒരു റെൻറ കൺട്രോൾ കോർട്ട് ഇന്നും തുടർന്നു വരുന്നുണ്ട്. അവിടെ ഈ രണ്ടുകൊല്ലമായി ഗവണ്മെൻറ് കൈകടത്തുന്നതായി ആരും പറഞ്ഞുകേട്ടിട്ടില്ല. അതു് കൈകാര്യം ചെയ്യുന്നതു് executive officers ആണ്. അതായതു് തഹശീൽദാർ മലബാറിൽ നിന്നു വന്നിട്ടുള്ളവർക്കും അറിയാവുന്ന കാര്യമാണതു്. പിന്നെ ലാൻറ ട്രിബ്യൂണൽ ആയി താസീൽദാരെ നിയമിക്കണമെന്നു് ശ്രീമാൻ ഗോപാലൻ കുട്ടിനായരുടെ ഒരു ഭേദഗതി തന്നിട്ടുള്ളതു നാം ഓർമ്മിക്കണം. അപ്പോൾ റവന്യൂ ആഫീസറോ അതല്ല ജുഡിഷ്യൽ ആഫീസറോ ആയിരിക്കണമെന്നുള്ളതല്ല കാര്യം; ട്രിബ്യൂണലിൻെറ കാൺ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റിറ്റ്യൂഷൻ എങ്ങനെയാണ് എന്നാണ് നാം നോക്കേണ്ടതു്. ഇതൊരു ക്വാസി ജുഡീഷ്യൽബോഡി ആയിരിക്കും. അതിന്റെ ഡിക്രിയും, ഓർഡറും, ജഡ്ജ്മെന്റും ജുഡീഷ്യൽ എന്നുള്ള നിലയിൽ തന്നെയായിരിക്കും. ഇതിന്റെ അംഗങ്ങൾ പഞ്ചായത്തു മെമ്പറന്മാർ തെരഞ്ഞെടുക്കുന്നതായിരിക്കും. അതിനാൽ ഈ ബോഡി ഒരു elected organization ആയിരിക്കും. പിന്നെ ഗവൺമെന്റുകക്ഷിക്കു സ്വാധീനം ചെലുത്തത്തക്ക അംഗങ്ങളായിരിക്കും എന്നു ഒരു സംശയമുള്ളതുപോലെ പറഞ്ഞു. ഏതായാലും അതേപ്പറ്റി എനിക്കൊന്നും പറയാനില്ല. ഇക്കാര്യത്തെപ്പറ്റി നാം ശ്രദ്ധിക്കേണ്ടതു് ജനങ്ങൾ ഏതു രീതിയിലാണ് ഈ പ്രശ്നത്തെ വീക്ഷിക്കുന്നു എന്നുള്ളതാണ്. ഇന്നത്തെ നിലയിൽ പഞ്ചായത്തുകൾക്ക് ഇതെല്ലാം കൈകാര്യം ചെയ്യാൻ അറിയാൻ പാടില്ല എന്നവാദം നിലനില്ക്കത്തക്കതല്ല. സ്വയംഭരണത്തിനുവേണ്ടി പ്രക്ഷോഭണം നടന്നിരുന്ന കാലത്തു ബ്രിട്ടീഷുകാർ പറഞ്ഞിരുന്നതാണ് ഇതു്; ഇൻഡ്യാക്കാർക്കു ഭരിക്കാൻ അറിയാൻ പാടില്ലാ എന്നു് അവർ വാദിച്ചു. ഏതായാലും ഇതിന്റെയൊക്കെ അർത്ഥം എതിർകക്ഷിക്കാർ പഞ്ചായത്തുകൾക്കു കൂടുതൽ അധികാരങ്ങൾ നല്കുന്നതിനു് എതിരാണ് എന്നാണ്.

ശ്രീ. സി. എ. മാത്യു: ഈ എക്സസ് ലാന്റു പഞ്ചായത്തിനു കൊടുക്കുന്ന കാര്യം പറഞ്ഞതോ?

ശ്രീമതി കെ. ആർ. ഗൗരി: സർ, അക്കാര്യം വരുമ്പോൾ നമുക്ക് ആലോചിക്കാം. ഇപ്പോൾ ഈ ലാന്റ് ട്രിബ്യൂണലിന്റെ കാര്യം ആലോചിക്കാം. അതിന്റെ കൂടെ വേറെകാര്യം കൊണ്ടുവന്നു കുഴക്കുന്നതെന്തിനാണ്? എക്സസ് ഭൂമിയുടെ കാര്യം പറഞ്ഞു. എക്സസ് ഭൂമി പഞ്ചായത്തിനു കൊടുക്കാൻ സാദ്ധ്യമല്ലെന്നു മദ്രാസ് ധനകാര്യമന്ത്രി ശ്രീ. സി. സുബ്രഹ്മണ്യം ഈയിടെ പ്രസ്താവിക്കുകയുണ്ടായി. എക്സസ് ഭൂമി എടുത്തു പഞ്ചായത്തിനു കൊടുക്കുന്നതല്ല എന്നു പറയുന്നതിനു കാരണം അതിൽ നിന്നും ഒരു കാശും കിട്ടുന്നതല്ല എന്നുള്ളതുകൊണ്ടാണ്. അദ്ദേഹം ധനകാര്യമന്ത്രിയായതുകൊണ്ട് അങ്ങനെ എക്സസ് ഭൂമി എടുത്തു പഞ്ചായത്തിനു കൊടുക്കുകയില്ലെന്നു പറഞ്ഞു.

ശ്രീ. കെ. കെ. വിശ്വനാഥൻ: സുബ്രഹ്മണ്യം പറഞ്ഞതിനെ പെട്ടെന്നു സ്വീകരിച്ചല്ലോ. എന്നാൽ രാജഗോപാലാചാരി പറഞ്ഞതിനെ സ്വീകരിക്കാത്തതെന്തുകൊണ്ടാണ്?

ശ്രീമതി കെ. ആർ. ഗൗരി: ഞങ്ങളുടെ അഭിപ്രായം വച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ: ഞങ്ങളുടെ അഭിപ്രായമാണ് എന്നു പറഞ്ഞതു ആരുടെ അഭിപ്രായമാണ്?

ശ്രീമതി കെ. ആർ. ഗൗരി: ഗവൺമെന്റിന്റെ ഒരു പാർട്ടിയായിട്ടു വർക്കു ചെയ്യുമ്പോൾ പാർട്ടിയുടെ അഭിപ്രായം സ്വീകരിക്കേണ്ടിവരും. പ്രത്യേകിച്ചു് നയപരമായിട്ടുള്ള കാര്യങ്ങളിൽ ഇതു് എല്ലാസ്ഥലത്തും Party Government കൾ അംഗീകരിച്ചിട്ടുള്ള തത്വങ്ങളാണ്. നയം നടപ്പിലാക്കുന്നതിനുള്ള നടത്തിപ്പു് ഗവൺമെന്റിന്റെ ചുമതലയാണ്. നടത്തിപ്പിൽ പാർട്ടിക്കു കാര്യമില്ല. ഇന്നത്തെ സ്ഥിതി അനുസരിച്ചു് നാട്ടുമായി ബന്ധപ്പെട്ടും, കാര്യങ്ങൾ അറിയാവുന്നവരുമായ ആളുകളെ ഈ ട്രിബ്യൂണലിൽ ഉൾപ്പെടുത്തുക, അതു് തീർച്ചയായും നന്നായിരിക്കും. അതു ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കണമെന്നും അവരെക്കൊണ്ടു ഈ കാര്യം ശരിയായി നിർവ്വഹിക്കാൻ സാധിക്കുമെന്നുമാണ് ഗവൺമെന്റിന്റെ വിശ്വാസം.

സർ, അതോടൊപ്പം ഇവർ അന്യായം കാണിക്കുകയോ, അനീതിപരമായി പ്രവർത്തിക്കുകയോ ചെയ്താൽ ഒരു പ്രാവശ്യത്തേക്കു് മാത്രമേ അവരെ തെരഞ്ഞെടുക്കപ്പെടുകയുള്ളു. അന്യായം കാണിക്കുന്നവർക്കു് ഒരു പ്രാവശ്യത്തിൽ..........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: അതു ഇന്നു ഞങ്ങൾക്കു നല്ല ബോദ്ധ്യമുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: അതു ഞങ്ങൾക്കും നല്ല ബോദ്ധ്യമുണ്ടു്. അല്ലെങ്കിൽ ഞങ്ങൾ ഇന്നിവിടെ വരികയില്ല. 1951 മുതൽ ഞങ്ങൾ ആ ബോദ്ധ്യത്തോടുകൂടി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണു് ഇന്നു് ആ അററത്തു നിന്നു ഇവിടെ വരാൻ ഇടയായതു്. ജനങ്ങളോടു പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തിയില്ലെങ്കിൽ പിന്നെ തെരഞ്ഞെടുക്കുകയില്ലെന്നുള്ളതു് ഞങ്ങൾക്കറിയാം.

Mr. Speaker: Let us not drag in political controversies here.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇങ്ങനെയൊക്കെ പറഞ്ഞാലൊന്നും വീണ്ടും വരികയില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഈ ഗവണ്മെന്റ കൊള്ളരുതാത്ത കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ ഇനിയും വരികയില്ല. അതുകൊണ്ടു കൊള്ളരുതാത്ത കാര്യങ്ങൾ ചെയ്യാതെ നോക്കാം.

പിന്നെ ഇവർക്കു ചില നിയമവിജ്ഞാനം അല്ലെങ്കിൽ പരിചയം ഇല്ലാത്തവരായിരിക്കും എന്നു പറഞ്ഞു. നമ്മുടെ നിയമസഭയിൽത്തന്നെ എത്ര പേർ ബി. എൽ. പാസായവരുണ്ടു്; കോടതിയിൽ പ്രാക്ടീസുള്ളവരെത്രപേരുണ്ടു്? വളരെ കുറച്ചുപേർ മാത്രമേയുള്ളു. എന്നിട്ടുകൂടി ഇതുപോലെയുള്ള ഉന്നതാധികാരമുള്ള ലെജിസ്ലേഷൻ പാസാക്കുകയും മററും ചെയ്യുന്നതിനു് ഈ സഭക്കധികാരമുണ്ടെങ്കിൽ പഞ്ചായത്തുകാർക്കു് ഇതു കൈകാര്യം ചെയ്യാൻ സാധിക്കും. ഇവർക്കു മേലായി ഒരു ജുഡീഷ്യൽ ബാഡിയുണ്ടു്. ഇവരുടെ തീരുമാനത്തിന്മേൽ അപ്പീലധികാരമുള്ള ഒരു ജുഡിഷ്യൽ ബാഡിയുണ്ടു്. അതായതു ഒരു സബോർഡിനേററ ജഡ്ജിക്കു് അപ്പീലധികാരം ഉണ്ടു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഒരു സംഗതി ചൂണ്ടിക്കാണിക്കുവാനുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ സംസാരിക്കാൻ തുടങ്ങുമ്പോൾ എന്നുമുള്ള ഒരു അനുഭവമാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ബഹുമാനപ്പെട്ടമന്ത്രി അങ്ങനെ പറയുന്നതു സങ്കടമാണു്. സംസാരിക്കാൻ തുടങ്ങുമ്പോൾ തടസപ്പെടുത്തുന്നു എന്നു പറയുന്നതു ശരിയല്ല. തെററായ കാര്യങ്ങൾ പറയുമ്പോൾ അതു ചൂണ്ടിക്കാണിക്കുന്നതിനാണു്. പിന്നീടു് പറയുമ്പോൾ എങ്കിലും ശരിയായി പറയുന്നതിനു വേണ്ടിയാണു്. സബോർഡിനേററ ജഡ്ജിക്കാണു് അപ്പീലധികാരം കൊടുത്തിരിക്കുന്നതെന്നു മന്ത്രി പറഞ്ഞു. അതു ശരിയല്ല; ലാന്റ ബോർഡിനാണു്.

ശ്രീമതി കെ. ആർ. ഗൗരി: അപ്പീലധികാരം പ്രിൻസിപ്പൽ സബോർഡിനേററ ജഡ്ജിക്കാണെന്നാണു് എഴുതിയിരിക്കുന്നതു്. അതു മനസ്സിലാക്കിയില്ലേ? ഇതിൽ പ്രിൻസിപ്പൽ സബോർഡിനേററു് ജഡ്ജ് ആഫ് ദി കോർട്ടു് എന്നാണു് പറഞ്ഞിരിക്കുന്നതു്. അതു പോരെങ്കിൽ ഇതിലെ Presiding officer "a practising Advocate with not less than 3 years standing at the Bar, or a retired or serving Judicial or Revenue officer" എന്നാണു്. അങ്ങനെ നിയമവിജ്ഞാനമുള്ള അദ്ധ്യക്ഷനും ലോകപരിചയവും practical പരിചയവും ഉള്ള തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായ മെമ്പർമാരും ചേർന്ന ഒരു ആദർശപരമായ (ideal) ട്രിബ്യൂണൽ നമുക്കു ലഭിക്കും. ഇതിനു് എല്ലാവരുടെ സഹകരണവും അഭ്യർത്ഥിക്കുന്നു. ഇത്ര മഹത്തായ കാര്യത്തിനു് തീച്ചയായും രാഷ്ട്രീയ ചിന്തകൾ പ്രതിബന്ധമായി നില്ക്കുകയില്ല എന്നു് ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജഗോപാലൻനായരുടെ ഭേദഗതിമാത്രം ഞാൻ സ്വീകരിക്കുകയാണ്. ബാക്കിയൊന്നും സ്വീകരിക്കാൻ നിവൃത്തിയില്ല.

The amendment moved by Shri M. C. Abraham (No. 468) was put and lost.

The amendment moved by Shri R. Raghava Menon was put and lost.

The amendments (Nos. 472, 475) moved by Shri E. Chandrasekharan Nair were withdrawn.

The amendment (No. 480) moved by Shri N. Rajagopalan Nair to substitute the following for clause 12, was put and carried :

> *Constitution of Land Tribunal*—(1) The Government may by notification in the Gazette, constitute for any area within the jurisdiction of one or more local authorities in the State a Land Tribunal consisting of three members for the purpose of performing the functions of a land tribunal under this Act.

Of the three members, one shall be a person nominated by the Government from Advocates with not less than three years standing at the bar or from persons who are or had been judicial or revenue officers. He shall be the presiding officer of the Tribunal. The other two members shall be elected from amongst themselves by the members of the local authority or the local authorities of the area for which the Land Tribunal has been constituted.

(2) The functions of the Land Tribunal may be exercised by a bench consisting of all the members of the Tribunal or by a bench consisting of the presiding officer and one of the other members.

(3) Where any matter is heard by a bench consisting or all the three members of the Tribunal and the members differ in opinion on any point, the point shall be decided in accordance with the opinion of the majority.

(4) Where any matter is heard by a bench consisting of the presiding officer and one of the other members, and the presiding officer and the other member are divided in their opinion on any point, they shall state the point upon which they differ and the matter shall then be heard upon that point only by the third member and such point shall be decided according to the opinion of this third member.

(5) The Government may by rules prescribe the term of office and the conditions of service of the members of the Land Tribunal.

Explanation:—For the purpose of this section 'local authority' shall mean the Corporation of the City of Trivandrum or any Municipality constituted under the Travancore District Municipalities' Act, 1116 or the Cochin Municipal Act XVIII of 1113 or the Madras District Municipalities Act, 1929 or any Panchayat constituted under the Travancore-Cochin Panchayats Act, 1950 or the Madras Village Panchayats Act, 1950."

LIBRARY ARCHIVES Kerala Legislative Assembly

The amendment moved by Shri P. M. Kunhiraman Nambiar was barred.

Mr. Speaker: I ought to have put the amendment of Shri Gopalankutty Nair before putting amendment (No. 480) of Shri Rajagopalan Nair.

Shri P. T. Chacko: It may be taken, Sir, that the amendment is not pressed.

Mr. Speaker: Thank you for saving me from an embarrassing situation.

The question that clause 12, as amended, stands part of the Bill was put and carried.

The Clause 12, as amended was added to the Bill.

CLAUSE 13

The following amendments were moved.

Smt. K. R. Gouri: (No. 482) In clause 13, in sub-clause (1) for the words 'Any landlord or cultivating tenant', the words "Any cultivating tenant" shall be substituted; and the first proviso shall be deleted.

Shri K. S. Achuthan: (No. 485) In clause 13, sub-clause (1) delete first proviso.

Shri M. Narayana Kurup: (No. 486) In clause 13, in the 1st proviso to explanation to sub-clause (1), after the word 'rent' in line one add 'other than michavaram'.

Shri M. Narayana Kurup: (No. 487) In clause 13, add the following at the end of explanation to sub-clause (1):

"Prior to such enhancement".

Shri P. R. Madhavan Pillai: (No. 491) In clause 13 (1), omit 'further' in second proviso.

Shri C. H. Kanaran: After sub-clause (1) of clause 13, the following sub-clause shall be inserted, namely:—

"(1A) *Special provision in regard to certain clauses of jungle lands.*—Notwithstanding anything contained in sub-section (1),—

Where there is dispute between the landlord and the tenant regarding the rent of any holding in a jungle land, the land tribunal may after due inquiry and after taking into consideration the nature of the land when originally demised, the labour of the tenant in reclaiming the land, the consideration that was paid at the time of the demise and other relevant factors assess a reasonable rent which shall not exceed twice the basic tax due from the holding.

Explanation.—Land which is or was forest or jungle at the time of the demise and situated in area referred to as the Malabar District in sub-section (2) of section 5 of the State Reorganisation Act shall be deemed to be jungle land".

Shri K. K. Viswanathan: In clause 13 (1) substitute the following for the second proviso:

LIBRARY ARCHIVES Kerala Legislative Assembly

"Provided that in the case of plantations and in respect of the holdings which do not come under any class of land specified in schedule I and the gross of which cannot be ascertained according to the provisions of this Act, the rent payable under the contract of tenancy shall be deemed to be the fair rent".

Shri R. Raghava Menon: (No. 493) In clause 13 delete sub-clauses (2) and (3).

Shri R. Raghava Menon: (No. 495) In clause 13 (3), after the words 'the value of such commodity shall', delete the words "unless it has been specified ....contract of tenancy".

Shri R. Raghava Menon: (No. 496) In clause 13 (3), add after the word 'specified', the words "not for the purpose of stamp and registration".

Shri E. P. Poulose: (No. 499) Sir, I move the following amendment:—

"In Clause 13, sub-clause (5) after the words 'He shall hear the appeal' substitute the following for the words 'as a person a designata.........shall be final':—".........and no appeal shall lie against the decision".

Shri M. C. Abraham: (No. 500) Sir, I move the following amendment:—

"In sub-clause (5) of clause 13 delete the portion namely:—

"and his decision thereon shall be final".

Smt. K. R. Gouri: (No. 502) Sir, I move the following amendment:—

"In Clause 13, in sub-clause (6) for the word 'rent' wherever it occurs, except in the proviso, the words 'fair rent, shall be substituted.

Shri K. C. Abraham: (No. 504) Sir, I move the following amendment:—

"In clause 13, add as sub-section (7):—

"The rent due under a usufructuary mortgage and lease back will not be affected by this section".

Mr. Speaker: Now we will proceed with the discussion.

<u>ശ്രീ. എം. നാരായണക്കുറുപ്പ്</u>: ഗവൺമെന്റ് അവതരിപ്പിച്ച ഭേദഗതിയുടെ വെളിച്ചത്തിൽ എന്റെ ഭേദഗതിക്ക് വലിയ പ്രാധാന്യമില്ല. റെന്റ എന്നുള്ളതിൽ മലബാർ ടെനൻസി ആക്ട് പ്രകാരം മിച്ചവാരം ഉൾപ്പെടുത്തിയിരുന്നില്ല. ഇപ്പോൾ മിച്ചവാരം ഉൾപ്പെടും. അതുകൊണ്ട് മിച്ചവാരത്തെ ഒഴിവാക്കണമെന്നാണ് ആദ്യത്തെ ഭേദഗതി. മറെറാന്നു മലബാർ കുടിയായ്മ നിയമത്തിൽ കൺട്രാക്ററ റെന്റ കുറവാണെങ്കിൽ അതിന്റെ ഇരട്ടിയോളം മര്യാദപ്പാട്ടം 5 കൊല്ലത്തിനിടയിൽ വർദ്ധിപ്പിക്കാനുള്ള ഒരു പ്രൊവിഷൻ ഉണ്ട്. അങ്ങനെ ചിലതിൽ വർദ്ധിപ്പിച്ചിട്ടുമുണ്ട്. അതിനെപ്പററി ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ നിയമം നടപ്പിൽ വരികയാണെങ്കിൽ അതായിരിക്കും നിലവിലുള്ള റെന്റായി വരിക. റെന്റ കൂട്ടുന്നതിന് മുമ്പുള്ളതായിരിക്കണം നിലവിലുള്ള റെന്റായി കരുതേണ്ടത്. എക്സ്പ്ലനേഷനിൽ ഉള്ളതുകൊണ്ടു തന്നെ വ്യക്തമാകുമെങ്കിൽ ഇതിന്റെ ആവശ്യമില്ല. ഏതായാലും എനിക്ക അങ്ങനെയൊരു സംശയമുണ്ട്. അതു ചിന്തിക്കേണ്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എസ്. അച്ചുതൻ: റവന്യൂമന്ത്രി തന്നെ ഒരു ഭേദഗതി ഇതിനു കൊണ്ടുവന്നിട്ടുള്ളതുകൊണ്ടു ഞാൻ എന്റെ ഭേദഗതിയെപ്പററി ഒന്നും സംസാരിക്കണമെന്നു വിചാരിക്കുന്നില്ല.

Shri R. Raghava M·non: Sir, my amendment is to delete sub-clauses (2) and (3) of clause 13. I do not find any great necessity for having those two sub-clauses. Even if they are not there, there is no harm. If it is in money then that will be according to the market rate. I am not very particular about pressing this amendment.

Then about amendment No. 495. The words "unless it has been specified in the document evidencing the contract of tenancy" may be deleted. Sometimes the value is given for the purpose of registration and stamp. That will not reflect the real value. In such cases that shall not be taken to be the value of the articles.

Mr. Speaker: Mr. Raghava Menon, I think you may better add an explanation or you may add a proviso.

Shri R. Raghava Menon: Yes, I will do that.

Shri E. P. Poulose: Sir, I am speaking on amendment No. 499 As sub-clause (5) stands it would appear that the decision of the Subordinate Judge is final, in these matters. I submit that there must be provision for revision against the decision of the Subordinate Judge. The power of the High Court to excrcise revisional jurisdiction should not be shut out. As the clause now stands I fear that that power may be shut out.

ശ്രീ. എം. സി. ഏബ്രഹാം: സബോർഡിനേററ് ജഡ്ജിയുടെ ഡിസിഷൻ ഫൈനലായിരിക്കുമെന്നാണു പറയുന്നതു്. അതു് അവസാന തീരുമാനമായിരിക്കാൻ പാടില്ല. അപ്പീലിനു് അവകാശം കിട്ടേണ്ടതാണു്. അതുകൊണ്ടു് ഡിസിഷൻ ഫൈനലാണെന്നുള്ള ഭാഗം എടുത്തുകളയണമെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. കെ. സി. ഏബ്രഹാം: എന്റെ അമൻറുമെൻറു സെൽഫ് എക്സ്പ്ലനേററിയാണു്. കൂടുതലൊന്നും പറയാനില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: ബില്ലിലെ പ്രൊവൈസോവിൽ പ്ലാൻേറഷനെ സംബന്ധിച്ചിടത്തോളം കാൺട്രാക്ട് റെൻറാണു് ഫെയർ റെൻറ് എന്നു് പറഞ്ഞിട്ടുള്ളതു് ആ പ്രൊവൈസോ മാററി പ്ലാൻേറഷനും ഷെഡ്യൂൾപ്രകാരം ഗ്രാസ് പ്രൊഡ്യൂസ് നിശ്ചയിക്കാൻ കഴിയാത്ത ഭൂമികൾക്കും കാൺട്രാക്ട് റെൻറ് ഫെയർ റെൻറായി കണക്കാക്കണമെന്നാണു് എന്റെ ഭേദഗതി. പട്ടണങ്ങളിൽ മിക്കവാറും ഇന്നു് ഗ്രാസ് പ്രൊഡ്യൂസ് കണക്കാക്കാൻ സാധിക്കയില്ല. ഷെഡ്യൂളിൽ ഒരുപ്പൂവ്, ഇരുപ്പൂവ്, പറമ്പ് എന്നുള്ള ചിലതരം തിരിവാണു് ഭൂമിക്കു കൊടുത്തിട്ടുള്ളതു്. അതിലൊന്നും പെടാത്ത ഭൂമികൾ പട്ടണങ്ങളിൽ കാണും. പട്ടണത്തിൽ ഒരു തെങ്ങുംതോട്ടം ഉണ്ടായിരുന്നിടത്തു് ഇന്നു പോയി നോക്കിയാൽ തെങ്ങൊന്നും കാണുകയില്ല അവിടെ കെട്ടിടം ആയിക്കാണും. അപ്പോൾ ഗ്രാസ് പ്രൊഡ്യൂസ് നിശ്ചയിക്കാൻ സാധിക്കാതെവരും. അങ്ങനെ വരികയാണെങ്കിൽ ഇന്നുള്ള വ്യവസ്ഥകൾകൊണ്ടു ഫെയർറെൻറു നിശ്ചയിക്കാൻ സാധിക്കയില്ല. പ്രധാനമായും പട്ടണങ്ങളെ ഉദ്ദേശിച്ചാണു് ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. അങ്ങനെ ഗ്രാസ് പ്രൊഡ്യൂസ് നിശ്ചയിക്കാൻ സാധിക്കാതെ വരുന്ന കേസുകളിൽ കാൺട്രാക്ട് റെൻറു ഫെയർ റെൻറായി സ്വീകരിക്കണമെന്നാണു് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

Shri M. Narayana Kurup : I am just bringing to the notice of the House one difficulty. The wording of the amendment is : "Provided that in the case of plantations and in respect of the holdings which do not come under any class of land specified in schedule 1." It refers to plantations below 30 acres. It is not clear to me.

ശ്രീ. കെ. കെ. വിശ്വനാഥൻ : അതിനു താഴെയുള്ള പ്ലാന്റേഷനും ഉണ്ടു്.

ശ്രീമതി കെ. ആർ. ഗൌരി : എനിക്കും ഒരു സംശയമുണ്ടു്.

"Provided that in the case of plantations and in respect of the holdings which do not come under any class of land specified in Schedule 1 ...." എന്നു വച്ചാൽ എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. തടി വെട്ടിപ്പോകുകയാണെങ്കിൽ ഭൂമി തരിശോ മറ്റോ ആകും.

ശ്രീ. കെ. കെ. വിശ്വനാഥൻ : തടി വെട്ടിക്കളഞ്ഞു തരിശാക്കിയാൽ പട്ടണങ്ങളിൽ തരിശിന്റെ റെന്റു കൊടുത്താൽ മതിയോ? അങ്ങനെ കണ്ടുപിടിക്കാൻ പ്രയാസമുള്ള കേസുകളെപ്പറ്റിയാണു് ഞാൻ പറയുന്നതു്.

Smt. K. R. Gouri: In your amendment, it is stated: " and in respect of the holdings which do not come under any class of land specified in Schedule I''

4 P. M.

I do not know which are those holdings which do not come under Schedule I.

Mr. Speaker: This is the amendment:

"Provided that in the case of plantations *and* ...."

It is that 'and' that will create the difficulty pointed out by Mr. Narayana Kurup, because plantations are exempted.

"and in respect of the holdings whic do not come under any class of land specified in Schedule I and the gross produce of which cannot be ascertained"

If there is any such class of holdings which does not come under any of the categories specified in the Schedule which is alredy in the Act and about which the assessment of gross produce is impossible, then that will be Governed by this amendment.

Smt. K. R. Gouri : "which do not come under any class of land specified in Schedule I"—it is that that I could not understand:

Shri K. K. Viswanathan: "which do not come under any class of land specified in schedule I.

എന്നു പറഞ്ഞു് അതു അവസാനിക്കുന്നില്ല. അതിന്റെ കൂടെ "and the gross produce of which cannot be ascertained എന്നുംകൂടി ചേർത്തു വായിക്കണം. ക്ലാസസ് സ്പെസിഫൈ ചെയ്യാത്തതൊന്നും അതിൽ വരികയില്ല.

"under any class of land specified in schedule I and the gross produce of which cannot be ascertained"

ഗ്രോസ് പ്രൊഡ്യൂസ് നിശ്ചയിക്കാൻ സാദ്ധ്യമല്ലാതെ വരുന്നതുകൊണ്ടാണു് ഈ ഭേദഗതി വേണമെന്നു ഞാൻ പറഞ്ഞതു്.

2/678/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. സി. എച്ച്. കണാരൻ 'ജംഗിൾ ലാൻറ്സ്' എന്നു പറഞ്ഞതുപോലെ പ്രത്യേകം വല്ലതും പറഞ്ഞാൽ മനസ്സിലാക്കാമായിരുന്നു.

ഗ്രാസ് പ്രാഡ്യൂസ് നിശ്ചയിക്കാൻ സാദ്ധ്യമല്ലാത്ത ഭൂമി എന്നു പറഞ്ഞാൽ കൃഷി ചെയ്യാത്ത ഭൂമി എന്നാണ് അർത്ഥം. അവിടെ കെട്ടിടം നിൽക്കാത്തതെന്നോ, മറേറാ പറഞ്ഞിരുന്നാൽ നന്നായിരുന്നേനേ. അല്ലെങ്കിൽ കാംപ്ലിക്കേഷൻ വരും. അല്ലാത്തപക്ഷം വല്ല തരിശുഭൂമിയോ മറേറാ ആയിരിക്കണം.

ശ്രീ. കെ. കെ. വിശ്വനാഥൻ: തരിശിനെ സംബന്ധിച്ച് ബില്ലിൽ പറഞ്ഞിട്ടുണ്ട്. ഏതെങ്കിലും ഭൂമി, അതു് ഈ ആക്റ്റിൽപ്പെട്ട ഏതെങ്കിലും ഇനത്തിൽ വരുകയില്ലെങ്കിൽ, അതിനു് ഗ്രാസ് പ്രാഡ്യൂസ് നിശ്ചയിക്കാൻ പാടില്ലാ എങ്കിൽ ആ ഹോൾഡിംഗിനെ സംബന്ധിച്ചിടത്തോളം കാൺട്രാക്റ്റ് റെൻറ് ഫെയർ റെൻറായിട്ട് നിശ്ചയിക്കേണ്ടതാണ്. ചിലപ്പോൾ ഒരു പുരയിടത്തിൽ വൃക്ഷങ്ങൾ കാണും. ആ വൃക്ഷങ്ങൾ വെട്ടി അവിടെ ഒരു കെട്ടിടം വച്ചാൽ, അതിൻെറ ഗ്രാസ് പ്രാഡ്യൂസ് നിശ്ചയിക്കാൻ പ്രയാസമായിരിക്കും.

ശ്രീ. ടി. എ. തൊമ്മൻ: ഇക്കാര്യം ഷെഡ്യൂൾ ചർച്ചയ്ക്കു വരുമ്പോൾ അവടെ തീരുമാനിക്കുന്നതായിരിക്കും നല്ലതു്. തരിശു് അവിടെ വരുന്നുണ്ട്. അതിനെപ്പററി ചർച്ച ചെയ്യുമ്പോൾ ഈ ഭാഗം കൂടി അവിടെ ചേർത്താൽ മതിയാകുമല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: എന്തെങ്കിലും മാററം വേണമെങ്കിൽ അതു് ഷെഡ്യൂളിനെ സംബന്ധിച്ച് ആലോചിക്കുമ്പോൾ ആകാം. ഇവിടെ വച്ച് മാററം വരുത്തുന്നതു് കുഴപ്പങ്ങൾക്കിടവരുത്തും.

ശ്രീ. സി. എച്ച്. കണാരൻ: ഞാൻ എൻെറ ഭേദഗതിയെക്കുറിച്ച് സംസാരിക്കുവാനാണ് ആഗ്രഹിക്കുന്നതു്. സാധാരണ കുടിയാന്മാർ കുറെ പണം കൊടുത്തു കുറച്ചു സ്ഥലം കൃഷിക്കായി പാട്ടത്തിനെടുക്കുന്നു. ഉടൻതന്നെ മുഴുവൻ പാട്ടം കൊടുക്കണമെന്നുള്ള വ്യവസ്ഥയില്ല. കുറെക്കാലം കഴിഞ്ഞു പാട്ടം നിശ്ചയിക്കാമെന്ന വ്യവസ്ഥയിലാണ് സ്ഥലം കൊടുക്കുന്നതു്. ഇങ്ങനെ പാട്ടത്തിനു എടുത്തിട്ടുള്ള ഭൂമി മലബാർ കിഴക്കൻ പ്രദേശങ്ങളിൽ ധാരാളം ഉണ്ട്. ഇങ്ങനെയുള്ള കുടിയാന്മാരെ രക്ഷിക്കാൻവേണ്ടി, മലബാർ ടെനൻസി ആക്റ്റിൽ ഇത്തരം ഭൂമികളെ 'ഡ്രൈ ലാൻഡ്' എന്നു തിരിച്ച് പ്രത്യേകം വ്യവസ്ഥകൾ കൊടുക്കുന്നുണ്ട്. ഡ്രൈലാൻറ് എന്നതിനു...........

Dry land means land which is neither wet land nor garden land എന്നൊരു ഡെഫനിഷനും അതിൽ കൊടുക്കുന്നുണ്ട്. ആ ഡ്രൈ ലാൻറ്സിനു ഫെയർ റെൻറ് ഫിക്സ് ചെയ്തിട്ടുണ്ട്. ഫെയർ റെൻറിനെപ്പററി മലബാർ ടെനൻസി ആക്ററിൽ പറയുന്നതു് ഇങ്ങനെയാണ്.

"Fair rent in the case of dry lands shall be three times the annual assessment payable in respect thereof or where the lands have not been assessed, three times the annual assessment payable in respect of similar lands of the same extent in the neighbourhood."

ഈ വ്യവസ്ഥ ചെയ്തിരിക്കുന്നതുകൊണ്ട് ഇത്തരം ഭൂമിയിൽ കൃഷിചെയ്യുന്നവർക്ക് കുറെ രക്ഷ കിട്ടിയിട്ടുണ്ട്. ഈ ഭൂമിയിൽനിന്നും വളരെ ചുരുങ്ങിയ ഒരു പാട്ടം മാത്രമെ അസസ്സ് ചെയ്യുന്നുള്ളു. എന്നാൽ ഈ നിയമത്തിൽ ഡ്രൈ ലാൻറ് എന്നൊരു വകുപ്പില്ലാത്തതുകൊണ്ട് യഥാർത്ഥത്തിൽ ഇത്തരം ജംഗിൾ ലാൻറ്സിൽ ചെന്നു കൃഷിചെയ്യുന്നവർക്ക് രക്ഷ കിട്ടുന്നില്ല. അവർക്കും കൂടി രക്ഷ കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് (1) (എ) എന്നൊരു സബ് ക്ലാസ്സ് പുതിയതായി ചേർക്കണം എന്നു ഞാനാവശ്യപ്പെടുന്നതു്. ഭൂമിയുടെ വില കൂട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിയ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടു് ബേസിക് മാക്സിമൻെറ ഇരട്ടിയിലധികം വർദ്ധിപ്പിക്കാൻ പാടില്ലയെന്ന ഭേദഗതി ഞാൻ കൊണ്ടു വന്നിരിക്കുകയാണു്. ഇതു് ആയിരക്കണക്കിനേക്കാറെ ബാധിക്കുന്ന ഒരു സംഗതിയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ശ്രീ. കണാരൻെറ ഭേദഗതി ആവശ്യമുണ്ടെന്നെനിക്കു തോന്നുന്നില്ല. ഇംഗ്ലീഷ് ഏരിയാ എന്നു പറയുമ്പോൾ അതു വ്യക്തമാണു്. പിന്നെ മി. കണാരൻ ഉദ്ദേശിക്കുന്നതു് പുനം, കുംറി കൃഷിയെസംബന്ധിച്ചായിരിക്കാം. അതിൽ മിനിമം മൂന്നും മാക്സിമം അഞ്ചും എന്നാണു കാണുന്നതു്.

If his amendment is accepted, then double the basic tax would become 4. തരിശാണെങ്കിൽക്കൂടിയും മൂന്നേ വരുന്നുള്ളൂ. അതുകൊണ്ടു് ആ വ്യവസ്ഥ അനുസരിച്ചും കുടിയാന്മാർക്കു വലിയ ദ്രോഹമില്ലാതെ സാധിക്കാം.

ശ്രീ. സി. എച്ചു്. കണാരൻ : ഞാൻ പറയുന്നതു്, പാട്ടം ഇതിൽ കൂടുതൽ വർദ്ധിപ്പിക്കാൻ പാടില്ല എന്നാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇപ്പോൾ മൂന്നുമുതൽ അഞ്ചുവരെഎന്നേ പറയുന്നുള്ളൂ. എന്നാൽ ശ്രീ. കണാരൻെറ ഭേദഗതിയനുസരിച്ചു് നാലാകാം.

മി. സ്പീക്കർ : ഒരു വകുപ്പിലുള്ള ഭേദഗതികൾ എല്ലാം കൂടി മൂവ് ചെയ്തിട്ടു അതിനെപ്പററിയുള്ള ഡിസ്കഷൻ നടത്തണമെന്നു തീരുമാനിക്കുവാനുള്ള കാരണം, സംസാരിക്കാനാഗ്രഹിക്കുന്ന മെമ്പറന്മാർ എല്ലാഭേദഗതികളെപ്പററിയും സംസാരിക്കുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെയെന്നു കരുതിയാണു്. എന്നാൽ മെമ്പറന്മാർ ഇപ്പോൾ അങ്ങനെയല്ല ചെയ്യുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : എനിക്കു് മററുള്ള ഭേദഗതികളെപ്പററി ഒന്നും പറയാനില്ല.

Smt. K. R. Gouri : That is my amendment. In sub-clause (1), for the words 'Any landlord or cultivating tenant', the words 'Any cultivating tenant' shall be substituted; and the first proviso shall be deleted.

റെൻറു കൂട്ടുന്നതിനുള്ള പ്രൊവൈസൊ എടുത്തുകളയണം എന്നു പറഞ്ഞിട്ടുണ്ടു്. അതു എടുത്തുകളയുന്നപക്ഷം, ഫെയർ റെൻറിനു അപ്ലൈചെയ്യുവാനുള്ള അധികാരം ലാൻഡുലാർഡിനുണ്ടായിരിക്കുന്നതല്ല. അതുകൊണ്ടാണു് ഞാൻ അതു വേണ്ടാ എന്നു പറഞ്ഞതു്.

അടുത്തതു്, 485-ം 486-ം ഭേദഗതികളാണു്.

Mr. Speaker : 485 was not Moved.

Shri K. S. Achuthan : It was moved; I formally moved it but I did not press.

Mr. Speaker : It stands accepted, as the amendment by the Minister (No. 482) covers it.

Smt. K. R. Gouri : Amendments moved by Shri M. Narayana-Kurup (No. 486) and (No. 487) are not necessary. The explanation begins: "Where in respect of a holding, the fair rent fixed under the Malabar Tenancy Act, 1929 is higher than the rent which was payable under the contract of tenancy,..................Here there is no place for the insertion of the words "prior to such enhancement" മലബാർ ടെനൻസി ആക്ടു് പ്രകാരമായിരിയ്ക്കും അതു കൂട്ടുന്നതു്

Mr. Speaker: The amendment by Shri P. R. Madhavan Pillai (No. 491) is consequential.

Smt. K. R Gouri: Yes; it is consequential, and is acceptable. The amendment of (No. 493) Shri Raghava Menon, I do ot accept. ശ്രീ. രാഘവമേനോന്റെ അടുത്ത രണ്ട് (Nos 4. 5, 496) ഭേദഗതികളും സ്വീകരിക്കുന്നില്ല.

Where it is necessary to ascertain the value of any commodity for the purpose of determining the fair rent. the value of such commodity shall, unless it has been specified in the document evidencing the contract of tenancy, be deemed to be the average of the prices of such commodity for a period of six years immediately preceding the date of the application under sub-section (1)—ഇതാണ് സബ് ക്ലാസ് (3).

ഇവിടെ ശ്രീ. രാഘവമേനോൻ ഉദ്ദേശിക്കുന്നത്, കാമ്പൻസേഷനു വേണ്ടിയോ, അല്ലെങ്കിൽ വിലകുറച്ചു വസ്സൂലാവാൻ വേണ്ടിയോ, അല്ലാത്തപക്ഷം ഗവണ്മെന്റിനെ പറ്റിക്കാൻ വേണ്ടിയോ ഒരു ഡാക്യുമെന്റുണ്ടാക്കിയാൽ അതു സമ്മതിക്കണമെന്നാണ്. അതു സമ്മതിക്കാൻ നിവൃത്തിയില്ല. അന്നത്തെ ഡാക്യുമെന്റിൽ ചിലപ്പോൾ പറഞ്ഞിരിക്കുന്നത് 300 ഏത്തക്കാ രണ്ടു ഉറുപ്പ്യക്കു കൊടുക്കണമെന്നായിരിക്കും. 300 ഏത്തക്കായ്ക്കു കാമ്പൻസേഷനായി സ്വീകരിക്കണം ഈ രണ്ടു ഉറുപ്പ്യ എന്നു പറയുന്നതിനോടു യോജിക്കാൻ നിവൃത്തിയില്ല. അതിനു പകരം 300 ഏത്തക്കായ്ക്കു പകരം രണ്ടു ഉറുപ്പ്യ എന്നു സ്വീകരിക്കാനെ സാദ്ധ്യമാകൂ. അതുകൊണ്ട് ശ്രീ. രാഘവമേനോന്റെ ഭേദഗതികൾ സ്വീകരിക്കാൻ നിവൃത്തിയില്ല.

Shri R. Raghava Menon: My intention is, if only low price has been fixed in accordance with the prices then prevailing, that need not be taken as real value.

ശ്രീമതി കെ. ആർ. ഗൗരി: അടുത്തത്, ശ്രീ. ഇ. പി. പൗലോസിന്റെ (499-ാം നമ്പർ) ഭേദഗതിയാണ്.

ശ്രീ എം. സി. എബ്രഹാമിന്റെ 500-ാമത്തെ ഭേദഗതി ഏതാണ്ട് പൗലോസിന്റെ ഭേദഗതിയോടു സമാനമായിട്ടുള്ളതാണ്.

ശ്രീ. പൗലോസിന്റെ ഭേദഗതിയിൽ പറയുന്നത്, സബ് ക്ലാസ്സ് (5)

Any person aggrieved by an order passed by the Land Tribunal under sub-section (4) may appeal against the order within such time as may be prescribed to the Subordinate Judge or the Principal Subordinate Judge, as the case may be, of the Subordinate Judge's Court having jurisdiction over the area in which the holding is situate. He shall hear the appeal and no appeal shall lie against his decision എന്നാക്കണം എന്നാണ്. അങ്ങനെ പറയുന്നതിൽ പ്രത്യേകം അർത്ഥമൊന്നുമില്ല. സബ് ക്ലാസ്സിൽ ഉള്ളപടി "his decision shall be final" എന്നുള്ളതു അതേ അർത്ഥം തന്നെയാണ്.

Shri E. P. Poulose: There is no revisionary power for the High Court. I will just cite from p 416

Mulla—Code of Civil Procedure, Vol. I

> "The High Court has no power of revision under this Section unless the case is decided by a "court" and further it has been decided by a Court "subordinate" to the High Court. The word "court" means a court of civil judicature. Thus an authority appointed under the

LIBRARY ARCHIVES Kerala Legislative Assembly

Payment of Wages Act is not a court nor is a Debt Settlement Board. When a judicial Officer is given the right to determine certain matters of a judicial or quasi-judicial nature unconnected with the ordinary jurisdiction which he exercises under the law, a question will arise whether he acts as a court or as a *persona designata*. In the latter case, no revision would lie to the High Court".

Mr. Speaker: Even otherwise it will be taken away.

Smt. K. R. Gouri: No, the revisionary powers will be there. അതോടൊപ്പം ഇവിടെ എടുക്കുന്ന തീരുമാനം ഫൈനലായിരിക്കുകയും ചെയ്യും. അതുകൊണ്ട് നിലവിലുള്ള വ്യവസ്ഥതന്നെ മതിയാകുന്നതാണ്.

Shri E. P. Poulose: There need not be any doubt that there is no revisionary powers. If it is not the intention of the authors that there should not be any revisionary powers it is allright.

Shri E. P. Poulose: No. revisional powers will be there.

ശ്രീമതി കെ. ആർ. ഗൗരി: "No appeal shall lie" എന്നു തീരുമാനിക്കുകയാണുണ്ടായത്. വേണമെങ്കിൽ റിട്ടിനു പോകട്ടെ എന്നു തീരുമാനിക്കുകയാണുണ്ടായത്. അതുകൊണ്ട് ഫൈനലായിട്ടു ഇങ്ങനെതന്നെ മതിയെന്നാണ് നിശ്ചയിച്ചിരിക്കുന്നത്.

എന്റെ (502-ാമത്തെ) ഭേദഗതി 'റെന്റ്' എന്നുള്ളിടത്തു 'ഫെയർ റെന്റ്' എന്നു ചേർക്കണം എന്നുമാത്രമാണ്.

ശ്രീ. കെ. സി. എബ്രഹാമിന്റെ (504-ാമത്തെ) ഭേദഗതി ആവശ്യമില്ല. അത് എക്സംഷൻ ക്ലാസ്സ് വരുമ്പോൾ ആലോചിക്കാവുന്നതാണ്.

Mr. Speaker: Your arguments relate to amendment (No. 500) moved by Shri M. C. Abraham also.

Smt. K. R. Gouri: Yes.

പെർമനന്റായിട്ട് ഇങ്ങനെ അംഗീകരിക്കുകയാണെങ്കിൽ മോർട്ട്ഗേജ് നിലനിൽക്കുന്ന കാലത്തേ ഇതു വരികയുള്ളൂ. സാധാരണ ഇത് കോടതിയിൽ വരികയാണെങ്കിൽ ഇത് ഹൈപ്പോത്തിക്കേഷനായിട്ടേ കരുതുകയുള്ളൂ.

അതുപോലെ മി. വിശ്വനാഥന്റെ അമന്റ്മെന്റു ചേർക്കണമെന്നുണ്ടെങ്കിൽ അതിനെക്കുറിച്ചു ഒന്നുകൂടി ഡിസ്കസ് ചെയ്തതിനുശേഷം ഷെഡ്യൂളിൽ ചേർക്കാം. അതുപോലെ മി. കണാരന്റെ അമന്റ്മെന്റും വേണമെന്നുണ്ടെങ്കിൽ ഷെഡ്യൂളിൽ ചേർക്കാം. ഇത്രമാത്രമെ എനിക്കു പറയുവാനുള്ളൂ.

The amendment (No. 482) moved by Smt. K. R. Gouri viz:

"In Clause 13, in sub-clause (1), for the words 'Any landlord or cultivating tenant' the words "Any cultivating tenant" shall be substituted; and the first proviso shall be deleted" was put and carried.

